**നിയമനിർമ്മാണ കാര്യം**

2024-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം

മി. സ്പീക്കർ: 2024-ലെ കേരള ധനകാര്യബില്ലിന്റെ അവതരണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ചട്ടം 71 പ്രകാരം ഒരു തടസ്സവാദം ഉന്നയിക്കാൻ അനുമതി ചോദിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഗവൺമെന്റ് ബില്ലുകളുടെ കാര്യത്തിൽ അവ മുൻകൂറായി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ച് കഴിഞ്ഞതിനാൽ അവതരണാനുമതി തേടേണ്ട ആവശ്യമില്ല. അതുകൊണ്ടുതന്നെ അത്തരത്തിൽ ഒരു തടസ്സവാദം നിലനിൽക്കുന്നതല്ല. മാത്രമല്ല ഈ ബിൽ 2024 ഫെബ്രുവരി 5-ന് സഭയിൽ അവതരിപ്പിച്ച് കഴിഞ്ഞിട്ടുള്ളതാണ്. ചട്ടം 71-ന്റെ പ്രൊവൈസോ പ്രകാരം ബില്ലിന്റെ അവതരണത്തിനെതിരെയുള്ള തടസ്സവാദം യഥാർത്ഥത്തിൽ അന്നാണ് സഭയിൽ ഉന്നയിക്കേണ്ടിയിരുന്നത്. ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപമാണ് ഇന്ന് സഭ പരിഗണിക്കുന്നത്. ഈ സ്റ്റേജിൽ തടസ്സവാദത്തിന് പ്രസക്തിയില്ലെന്ന്

അറിയിക്കുകയാണ്. എന്നിരുന്നാലും ഒരു പ്രത്യേക വിഷയമായി പരിഗണിച്ച് ചുരുങ്ങിയ വാക്കിൽ അങ്ങേയ്ക്ക് വിഷയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ ബില്ലുമായി ബന്ധപ്പെട്ട തടസ്സവാദങ്ങൾ വളരെ മൗലികമാണ്. ഈ ബില്ലിന്റെ മൂന്നാം അധ്യായത്തിൽ ആംനെസ്റ്റി സ്കീമുകളെ സംബന്ധിച്ചുള്ള കാര്യം സർക്കാർ ശ്രദ്ധിക്കേണ്ടതാണ്. ഈ സ്കീമിൽ നിയമസഭയാണ് ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും തീരുമാനിക്കേണ്ടത്. ‘ 1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്ട്' പ്രകാരമുള്ള പ്രഖ്യാപനത്തിൽ, രണ്ടാം അധ്യായമെന്നുള്ളത് ഏപ്രിൽ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുമെന്നാണ് പറയുന്നത്. എന്നാൽ ബില്ലിലെ മൂന്നാം അധ്യായത്തിന് സംസ്ഥാന നികുതി കമ്മീഷണർ ഔദ്യോഗിക ഗസറ്റ് വഴി നിശ്ചയിക്കുന്ന തീയതി വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. നിയമസഭയുടെ അധികാരം എക്സിക്യൂട്ടീവിന് നൽകാൻ പാടില്ലെന്നുള്ളത് ഒരു വ്യവസ്ഥാപിതമായ അംഗീകൃത നിയമമാണ്. ഇവിടെ അത് എക്സിക്യൂട്ടീവിന് നൽകുന്നത് മാത്രമല്ല, ഒരു ഉദ്യോഗസ്ഥനെ ഏൽപ്പിച്ചുവെന്നുള്ളത് ഈ നിയമത്തിന്റെ നിലനിൽപ്പിനെതന്നെ ബാധിക്കും. അതുമായി ബന്ധപ്പെട്ട്

അടിസ്ഥാനമായി പറയുന്നത് ‘ 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ട് ആണ്. അതിൽ മൂന്നാമതായി വളരെ കൃത്യമായി പറയുന്നുണ്ട്, ‘ 3. Power to make declarations under this Act.’ ഇത് ഏപ്രിൽ 1 മുതലാണ് പ്രാബല്യത്തിൽ വരേണ്ടത്. അക്കാര്യം ഇവിടെയാണ് തീരുമാനിക്കേണ്ടതെന്ന് വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ-265 പ്രകാരം.....,

മി. സ്പീക്കർ: വളരെ ഡീറ്റെയിൽഡ് ആയി വ്യക്തമാക്കണ്ട. നിങ്ങൾ സഭയിൽ തടസ്സവാദം ഉന്നയിച്ചതുകൊണ്ട് മാത്രം അവസരം നൽകിയതാണ്. അതിങ്ങനെ വിശദമാക്കേണ്ട കാര്യമില്ല. പ്ലീസ്......

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എനിക്ക് പ്രസംഗിക്കാൻവേണ്ടി പറയുന്നതല്ല....

മി. സ്പീക്കർ: പോയിന്റിലേയ്ക്ക് വരൂ... ചട്ടം 71 പ്രകാരം ഇത് നിലനിൽക്കില്ലെന്ന് ചെയർ ക്ലാരിഫൈ ചെയ്തതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ചട്ടം 71 പ്രകാരമുള്ള എന്റെ പെറ്റീഷൻ സ്വീകരിച്ച സ്ഥിതിക്ക് അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏറ്റവും ചുരുക്കി പറയാനെങ്കിലും എനിക്ക് അനുവാദം ഉണ്ടാകണം.

മി. സ്പീക്കർ: പെറ്റീഷൻ സ്വീകരിച്ചതല്ല, പെറ്റിഷൻ തള്ളിയതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് ആർട്ടിക്കിൾ-265-ന്റെ വളരെ കൃത്യവും നഗ്നവുമായ ലംഘനമാണ്. അതിനുമപ്പുറം നിയമസഭ എടുക്കുന്ന തീരുമാനങ്ങൾ മറ്റൊരു എക്സിക്യൂട്ടീവിന് നൽകുന്നതാണ് delegative power. ഈ delegative power-നെ സുപ്രീംകോടതി അംഗീകരിച്ച ഒരു തത്വമുണ്ട്. ' Re Delhi Laws Act case' എന്നാണ് പറയുന്നത്. അതിൽ വളരെ കൃത്യമായി വിശദീകരിച്ച് പറയുന്നുണ്ട്. ' There is a limitation on delegation of power. Legislature cannot delegate its essential functions…..' ഇതിന്റെ essential functions ആർക്കും delegate ചെയ്യാൻ പാടില്ല. ഇവിടെ ഈ ബില്ലിന്റെ essential functions എന്താണ്; ആംനെസ്റ്റി പിരിച്ചെടുക്കാനുള്ള തുക കോടികണക്കിന് വരും, കുടിശ്ശികയുള്ള സംഖ്യ പിരിച്ചെടുക്കാനുള്ളതാണ്. ആ പിരിച്ചെടുക്കാനുള്ളത് എന്നുമുതൽ, എപ്പോൾ പിരിച്ചെടുക്കുമെന്നുള്ളത്

തീരുമാനിക്കുന്നത് ഇവിടെ ഉദ്യോഗസ്ഥനാണ്. അത് ഒരു കാരണവശാലും പാടില്ല. ' .....Legislature cannot delegate its essential functions. Essential functions involve laying down the policy of the law and enacting that policy into binding rules of conduct....' വളരെ കൃത്യമായി പറയുന്നത് ഈ ' ...Primary legislative function itself and not through others….' മറ്റുള്ളവരിലൂടെ പാടില്ലെന്ന് വളരെ കൃത്യമായി പറയുന്നുണ്ട്. ഈ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട പോരായ്മ, എന്ന് മുതൽ പിരിക്കുമെന്നുള്ളതും എപ്പോൾ പിരിച്ചുതുടങ്ങണമെന്നുള്ളതും തീരുമാനിക്കുന്നത് നമ്മുടെ ടാക്സ് കമ്മീഷണറാണ് എന്നതാണ്. അങ്ങനെ നിയമസഭ ചെയ്യേണ്ട ജോലി ഒരു ഉദ്യോഗസ്ഥനിലേയ്ക്ക് നൽകുന്നത് നിയമ നിർമ്മാണത്തിന്റെ പ്രാഥമിക തത്വങ്ങൾക്ക് എതിരാണ്. നിങ്ങൾ ഇത് പിരിച്ചെടുക്കാൻ തുടങ്ങിയാൽ ആരെങ്കിലും ഒരാൾ കോടതിയിൽ പോയി ഈ സംഗതി ചൂണ്ടിക്കാണിച്ചാൽ ഇത് ഭരണഘടനാ വിരുദ്ധമായ നിയമം ആകയാൽ ഇത് തള്ളിപ്പോകും. ഇവിടെ ആറുമാസത്തിനുള്ളിൽ ലഭിക്കാനുള്ള ആംനെസ്റ്റി പിരിച്ചെടുക്കാനാണ് ഈ ബിൽ കൊണ്ടുവരുന്നതെങ്കിൽ ആ ബിൽകൊണ്ടുള്ള

ഉദ്ദേശ്യം നടക്കാൻ പോകുന്നില്ല. എന്തേ ഇതിനുമുമ്പ് അവതരിപ്പിച്ച ആംനെസ്റ്റികളൊന്നും നടപ്പിലാക്കാതെ പോയത്. അതുകൊണ്ട് ചട്ടം 71 പ്രകാരം അത് ഒരംഗത്തിനുള്ള അവകാശമാണ്, അത് ലിമിറ്റ് ചെയ്യുന്നത് ശരിയല്ല. ചട്ടം 71 പ്രകാരം ഈ ബില്ലിന്റെ അവതരണാനുമതി അങ്ങ് തടസ്സപ്പെടുത്തണം, അവതരണത്തിന് അനുമതി നൽകരുതെന്ന് ഞാൻ ഇവിടെ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബില്ലിന്റെ അവതരണമല്ലെന്ന പ്രധാനപ്പെട്ട കാര്യം അങ്ങ് ഇവിടെ പറഞ്ഞുകഴിഞ്ഞു. ഇവിടെ അവതരിപ്പിച്ച ബിൽ സഭയിൽ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള ഉപക്ഷേപം മാത്രമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ശ്രീ. എൻ. ഷംസുദ്ദീൻ കൂടി അംഗമായ സബ്ജക്ട് കമ്മിറ്റിയിലേയ്ക്കാണ് പോകുന്നത്, ബിൽ നേരത്തെ അവതരിപ്പിച്ച് കഴിഞ്ഞതാണ്. ഇതുസംബന്ധിച്ച 2024-ലെ ധനകാര്യ ബിൽ ആംനെസ്റ്റി സ്കീമിന്റെ പ്രാബല്യം വിജ്ഞാപനപ്പെടുത്തുവാൻ നികുതി കമ്മീഷണറെ ചുമതലപ്പെടുത്തിയിരിക്കുന്നത് സംബന്ധിച്ചാണ് അദ്ദേഹം ക്രമപ്രശ്നം

ഉന്നയിച്ചത്. ആംനെസ്റ്റിയാണ്, പുതിയ നികുതിയല്ല. ‘ 1985-ലെ കേരള താൽക്കാലിക നികുതി പിരിക്കൽ ആക്ട് -ന്റെ മൂന്നാം വകുപ്പ് പ്രകാരം നികുതി പിരിക്കുന്നതിന് അതത് സാമ്പത്തിക വർഷത്തിന്റെ ഏപ്രിൽ ഒന്നാം തീയതി ആണ് പ്രാബല്യം നൽകിയിട്ടുള്ളത്. അതിനുള്ള പ്രഖ്യാപനം ഈ ധനകാര്യബില്ലിലും നൽകിയിട്ടുണ്ട്. എന്നാൽ 2024-ലെ ആംനെസ്റ്റി സ്കീം ഒരു നികുതി നിർദ്ദേശമല്ല. 2017-ൽ ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് ഉണ്ടായിരുന്ന വിവിധ നികുതി നിയമങ്ങളുടെ കുടിശ്ശികകൾ തീർപ്പുകൽപ്പിക്കാൻ ഒരു പ്രത്യേക പദ്ധതി അവതരിപ്പിക്കുകയാണ് ഇതുവഴി ഉദ്ദേശിച്ചിട്ടുള്ളത്. നികുതി നിർദ്ദേശിക്കുന്നില്ലെന്ന് മാത്രമല്ല, കുടിശ്ശികകളിൽതന്നെ വലിയ തോതിൽ ഇളവ് നൽകിയാണ് സ്കീം അവതരിപ്പിച്ചത്. മുൻകാല ധനകാര്യ ബില്ലുകളിലും ഇത്തരം പദ്ധതികൾ അവതരിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അന്നും ഇപ്രകാരമുള്ള പ്രാബല്യമാണ് നൽകിയിട്ടുള്ളത്. മുൻകാല ധനകാര്യ ബില്ലുകളിലും ഇപ്രകാരമുള്ള സ്കീമുകൾ അവതരിപ്പിച്ചിട്ടുള്ളതാണ്. മാത്രമല്ല, സർക്കാർ എക്സിക്യൂട്ടീവ് ഉത്തരവുകൾ പ്രകാരവും ആംനെസ്റ്റി സ്കീമുകൾ നടപ്പിലാക്കിയിട്ടുണ്ട്. 2024-25 ബജറ്റിൽ 591-ാം ഖണ്ഡികയിൽ പാട്ടഭൂമിയുടെ

കുടിശ്ശിക പിടിച്ചെടുക്കുന്നതിന് ആംനെസ്റ്റി സ്കീം അവതരിപ്പിച്ചിട്ടുള്ളതാണ്. അത് സർക്കാരിന്റെ ഉത്തരവുപ്രകാരം നടപ്പിലാക്കാവുന്നതാണ്, സർക്കാരിന് അതിന്റെ പ്രാബല്യം തീരുമാനിക്കാവുന്നതാണെന്ന് അതിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട സഭയ്ക്കാണ് ധനകാര്യ ബില്ലിലെ മറ്റ് നികുതി നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള അധികാരമുള്ളത്. ആംനെസ്റ്റി സ്കീം ഒരു നികുതി നിർദ്ദേശമല്ലാത്തതിനാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ആയതിനാൽ ഇത് ബിൽ അവതരണമല്ല, സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കുന്നതിനുള്ള പ്രമേയമാണ്. There is no question of any arbitrariness. അതുസംബന്ധിച്ച് Delegated legislation-ന്റെ provision-ലും പറയേണ്ട കാര്യമല്ല. It should be through a Government Order and the process should be followed by the particular officer., എന്നുള്ള തരത്തിലായതിനാൽ administrative exercise-ൽ abuse of power, arbitrariness എന്നിവ വരാൻ യാതൊരു സാധ്യതയുമില്ല. ഇതൊരു ബിൽ അവതരണമല്ല, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന വിഷയമാണ്. അതുകൊണ്ട്

അദ്ദേഹം പറഞ്ഞ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് സൂചിപ്പിക്കുകയാണ്.

മി. സ്പീക്കർ: ഇതിൽ വളരെ വ്യക്തമായി പറഞ്ഞു, 2024 ഫെബ്രുവരി 15-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ബിൽ അവതരിപ്പിച്ചതാണ്. നിങ്ങൾ തടസ്സവാദം ഉന്നയിക്കുന്നുവെങ്കിൽ അന്നായിരുന്നു ചെയ്യേണ്ടിയിരുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനുള്ളതാണ്. എന്നാലും academic interest-ലാണ് ഇത്തരമൊരു തടസ്സവാദം ഉന്നയിക്കാൻ അങ്ങേയ്ക്ക് അവസരം നൽകിയത്. അങ്ങ് ഒരു വിശദമായ ചർച്ചയിലേയ്ക്ക് പോകുകയല്ല വേണ്ടിയിരുന്നത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള ധനകാര്യ ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെയും ആഭ്യന്തര

കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): അങ്ങ് അവസാനം പറഞ്ഞത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ലായെന്നാണ്. അങ്ങ് ആദ്യംതന്നെ റൂളിംഗ് നൽകിയതാണ്. അല്ലെങ്കിൽ പുതിയൊരു കീഴ്വഴക്കം സൃഷ്ടിക്കുന്നതിലേയ്ക്ക് നയിക്കാനിടയാകും.

മി. സ്പീക്കർ: അത് ഡിസ്പോസ് ചെയ്ത കാര്യമാണ്, യഥാർത്ഥത്തിൽ ചെയർ വളരെ വ്യക്തമായി റൂളിംഗ് നൽകിയതാണ്. എന്നാൽ, ഒരു തടസ്സവാദം ഉന്നയിച്ചതുകൊണ്ടാണ് Academic interest-ൽ ബഹുമാനപ്പെട്ട അംഗത്തിന് അവസരം നൽകിയത്. അതിന് വ്യക്തമായി ബഹുമാനപ്പെട്ട മന്ത്രി ക്ലാരിഫിക്കേഷൻ നൽകി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി

ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഫെബ്രുവരി മാസം 15-ാം തീയതിയാണ് അവതരിപ്പിച്ചത്. തടസ്സവാദം ഉന്നയിക്കണമെങ്കിൽ അന്നായിരുന്നു ഉന്നയിക്കേണ്ടിയിരുന്നത്. എന്നാലും അവസരം നിങ്ങൾക്ക് നൽകിയതാണ്. വളരെ വ്യക്തമായി റൂളിംഗ് നൽകിയതാണ്. ഫെബ്രുവരി 15-ന് നൽകിയ തടസ്സവാദം ഫെബ്രുവരി 15-നാണ് അവതരിപ്പിക്കേണ്ടിയിരുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എ. പി. അനിൽ കുമാർ): സർ, 2024-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ: സർ, 2024-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

**ചർച്ച**

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, 2024-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടിയുള്ളതാണ് ഈ ബിൽ. നാല് പ്രധാന നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഈ ബിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ മെച്ചപ്പെടുത്തുന്നതിനും സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും നിർണായകമായ പങ്ക് വഹിക്കുന്നതാണ്. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, സാമൂഹ്യ ക്ഷേമം, തീരസംരക്ഷണം ഉൾപ്പെടെയുള്ള നിരവധി ആവശ്യങ്ങൾ നിറവേറ്റുന്നതിന് ധനസമ്പാദനം നിർബന്ധമാണ്. ഇന്ന് നമ്മുടെ സഭയിൽ നടന്ന ചർച്ചകൾ എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടാകും. തീരസംരക്ഷണവും ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ചോദ്യോത്തരവേള

വളരെ സജീവമായ ചർച്ചയുടെ വേദിയായി മാറുകയുണ്ടായി. ആരോഗ്യ മേഖലയിലും തീരസംരക്ഷണ മേഖലയിലും നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതുമുൾപ്പെടെ നാനാവിധത്തിലുള്ള വികസന പ്രവർത്തനങ്ങൾക്ക് തുക കണ്ടെത്തേണ്ടതുണ്ട്. കേരളത്തിന്റെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശത്ത് അടുത്ത ദിവസങ്ങളിൽ വലിയതോതിലുള്ള കടലാക്രമണങ്ങളുണ്ടായി. കേരളത്തിന്റെ 47 മണ്ഡലങ്ങളിലെന്നപോലെ എന്റെ വൈപ്പിൻ മണ്ഡലത്തിന്റെ തീരപ്രദേശങ്ങളും കണ്ണീർ കടലായി മാറുകയാണ് ചെയ്തത്. തീരസംരക്ഷണത്തിനായി ഗവൺമെന്റ് ദീർഘവീക്ഷണത്തോടെ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളെല്ലാം നടപ്പിലാക്കേണ്ടതുണ്ട്. കോടിക്കണക്കിന് രൂപയാണ് അതിനാവശ്യമായി വരുന്നത്. ഈ കാര്യങ്ങളോടെല്ലാം കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നിലപാട് നിഷേധാത്മകമാണ്. മുമ്പ് കേന്ദ്രസർക്കാർ തീരപ്രദേശത്തിന്റെ വികസനത്തിനുവേണ്ടി ധാരാളം ഫണ്ട് അനുവദിക്കുന്ന സ്ഥിതിയുണ്ടായിരുന്നു. എന്നാൽ, കഴിഞ്ഞ പത്ത് വർഷമായി കേരളത്തോടുള്ള അവഗണനയുടെ ഭാഗമായി തീരപ്രദേശത്തെ അവഗണിക്കുകയാണ് ചെയ്യുന്നത്.

തീരസംരക്ഷണത്തിനും തീരദേശ നിവാസികളുടെ ഉന്നമനത്തിനും കേന്ദ്രസർക്കാർ ഒന്നും ചെയ്യുന്നില്ല. എന്നാൽ കേരളത്തിൽനിന്നുള്ള നമ്മുടെ പാർലമെന്റംഗങ്ങൾ കേരളത്തിനുവേണ്ടി വാദിക്കുന്നില്ല. നമുക്ക് അവകാശപ്പെട്ട കാര്യങ്ങൾ നേടിയെടുക്കുന്നതിന് അവർ പരാജയപ്പെടുകയാണ്, ഇനിയും അങ്ങനെ സംഭവിക്കാതിരിക്കട്ടെയെന്ന് നമുക്ക് ആശിക്കാം. കേരളം നേരിടുന്ന സാമ്പത്തിക പ്രതിസന്ധികൾ പരിഹരിക്കാൻ അധിക വരുമാനമുണ്ടാക്കേണ്ടത് ആവശ്യമാണ്. കേന്ദ്രസർക്കാരിന്റെ നിരന്തരമായ അവഗണനയും കേന്ദ്രസർക്കാരിൽനിന്നുള്ള ഫണ്ടുകൾ കുറവായതിനാലും സംസ്ഥാനതലത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനായി വിഭവസമാഹരണത്തെ ശക്തിപ്പെടുത്തുന്നതിനുള്ളതാണ് ഈ ബിൽ. ഇവിടെയാണ് പ്രതിപക്ഷത്തിന്റ നിലപാടുകൾ ചർച്ച ചെയ്യപ്പെടുന്നത്. പ്രതിപക്ഷം യാഥാർത്ഥ്യ ബോധത്തോടെ പ്രശ്നങ്ങളെ സമീപിക്കേണ്ടതാണ്. പലപ്പോഴും അവരുടെ സമീപനം ബി.ജെ.പി.-കേന്ദ്ര അനുകൂലനിലപാടായി മാറിപോകുന്നില്ലേയെന്ന് സംശയിക്കുകയാണ്. ഈ ബില്ലിന്റെ അടിസ്ഥാനത്തിലാണ് മുദ്രപത്ര നികുതി, മോട്ടോർ വാഹന നികുതി, കോടതി ഫീസ് തുടങ്ങിയവ വർദ്ധിപ്പിക്കാനും

നിയമം ഭേദഗതി ചെയ്യുവാനും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. നാല് പ്രധാനപ്പെട്ട നിയമങ്ങളിൽ വൈദ്യുതി തീരുവ കാലോചിതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. The Kerala Electricity Duty Act, 1963 (Act 23 of 1963)-ന്റെ ഭാഗമായി 101.41 കോടി രൂപയുടെ അധിക വരുമാനമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അതുപോലെയാണ് ജുഡീഷ്യൽ കോടതി ഫീസിന്റെ കാര്യത്തിൽ..., കഴിഞ്ഞ 20 വർഷമായി ജുഡിഷ്യൽ കോർട്ട് ഫീ, സ്റ്റാമ്പുകളുടെ നിരക്കുകൾ യഥാർത്ഥത്തിൽ പരിഷ്കരിച്ചിട്ടില്ല. ജസ്റ്റിസ് വി. കെ. മോഹനൻ അദ്ധ്യക്ഷനായ അഞ്ചംഗ കമ്മിറ്റിയുടെ ശിപാർശ അനുസരിച്ചാണ് സർക്കാർ വിവിധ ഫീസുകൾ ചെറിയ തോതിൽ വർദ്ധിപ്പിക്കുന്നത്. അതിന്റെ ഭാഗമായി 50 കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്. അതിനാണ് ‘ The Kerala Court Fees and Suits Valuation Act’ ഉചിതമായി ഭേദഗതി ചെയ്യുന്നത്. അതുപോലെ മോട്ടോർ വാഹന വകുപ്പിന്റെ മേഖലകളിലും ചില കാര്യങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന ആൾ ഇന്ത്യാ ടൂറിസ്റ്റ് ബസുകളുടെ എണ്ണം യഥാർത്ഥത്തിൽ വളരെ കുറവാണ്. കേരളത്തിൽ രജിസ്റ്റർ ചെയ്യേണ്ടതായ ഇത്തരം വാഹനങ്ങൾ താരതമ്യേന

നികുതി വളരെ കുറവുള്ള നാഗാലാന്റ്, അരുണാചൽ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേന്ദ്രസർക്കാരിന്റെ പുതിയ ടൂറിസ്റ്റ് പെർമിറ്റ് ചട്ടങ്ങളുടെ പിൻബലത്തിൽ സംസ്ഥാനത്ത് സ്ഥിരമായി സർവ്വീസ് നടത്തിവരുന്നത് സംസ്ഥാനത്തിന് നികുതി നഷ്ടത്തോടൊപ്പം രജിസ്ട്രേഷൻ, ഫിറ്റ്നസ് ടെസ്റ്റ് എന്നീ ഫീസിനത്തിലും നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കാൻ വാഹനങ്ങളുടെ രജിസ്ട്രേഷൻ കേരളത്തിൽതന്നെ നടത്തുന്നതിന് ടൂറിസ്റ്റ് ബസുകളുടെ നികുതി കുറയ്ക്കാനാണ് സർക്കാർ ഭേദഗതിയിലൂടെ തീരുമാനിക്കുന്നത്. രജിസ്ട്രേഷൻ മേഖലയിലുള്ള പരിഷ്കാരങ്ങളിലൂടെ 50 കോടിയുടെ അധികവരുമാനമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഇത്തരത്തിലുള്ള ഭേദഗതികളാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. കേരള മുദ്രപത്ര നിയമത്തിലും ഭേദഗതി വരുത്തുന്നുണ്ട്. ഞാനതിന്റെയെല്ലാം വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതുവഴി 40 കോടിയുടെ അധിക വരുമാനമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. വിഭവ സമാഹരണത്തിന്റെ മേഖലയിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അതീവശ്രദ്ധയോടെയുള്ള ധനമാനേജ്മെന്റ് വഴിയും സർക്കാർ ശ്രദ്ധേയമായ

പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. മുൻവർഷത്തെ അപേക്ഷിച്ച് കഴിഞ്ഞ വർഷം ജി.എസ്.ടി. വരുമാനം 23000 കോടി വർദ്ധിപ്പിക്കാനായി. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കഴിഞ്ഞ ചർച്ച അവസാനിപ്പിച്ചുകൊണ്ട് ബഹുമാന്യനായ മന്ത്രി ശ്രീ. എം. ബി. രാജേഷ് ഇതുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ സഭയുടെ മുമ്പിൽ അവതരിപ്പിച്ചത് നമ്മുടെ മുമ്പാകെയുണ്ട്. അതുപോലെ തനത് നികുതി വരുമാന വർദ്ധന 22.41 ശതമാനമായിരുന്നു 2023-ൽ അത് 23.36 ശതമാനമായി വീണ്ടും ഉയർത്തി. റവന്യൂകമ്മി 0.9 ശതമാനത്തിൽ എത്തിക്കാൻ നമുക്ക് കഴിഞ്ഞു. ഒരു ശതമാനത്തിൽ താഴേയ്ക്ക് എത്തിയത് ചരിത്രത്തിൽ ആദ്യമാണ്. കേരളം തനതുവരുമാന സ്രോതസ്സുകൾവഴിയാണ് ചെലവുകളുടെ മുഖ്യപങ്കും നിർവ്വഹിക്കുന്നത്. രാജ്യത്തെ ഉയർന്ന വരുമാന വർദ്ധനനിരക്കും വളർച്ചാനിരക്കും ആർജ്ജിക്കാൻ കേരളത്തിന് കഴിഞ്ഞുവെന്നുള്ളതാണ്. ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടനയും ജി.എസ്.ടി. കൃത്യമായി പിരിച്ചെടുക്കുന്നതിന്റെയും അതുവഴി നികുതി വരുമാനത്തിന്റെ കാര്യക്ഷമത ഉയർത്താൻ കഴിഞ്ഞതും വഴിയാണ് ഈ നേട്ടം നമുക്ക് കൈവരിക്കാനായത്. അതുകൊണ്ടുതന്നെ സംസ്ഥാനം

യഥാസമയം നികുതി പിരിച്ചെടുക്കുന്നില്ലെന്ന പ്രതിപക്ഷാരോപണം അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാക്കാൻ കഴിയും. കേന്ദ്രത്തിന്റെ കേരളവിരുദ്ധ സമീപനം തിരുത്തപ്പെടേണ്ടതാണ്. ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതം വർദ്ധിപ്പിക്കേണ്ടതുണ്ട്. വായ്പാപരിധിയുടെ കാര്യത്തിൽ കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും കേരളത്തിന് അനുകൂലമായ നിലപാടുണ്ടാകണം. ഇതുപോലുള്ള നിരവധി പ്രശ്നങ്ങൾ അവശേഷിക്കുന്നു. കേന്ദ്രം കാട്ടുന്ന കടുത്ത അവഗണനയിൽ കോൺഗ്രസ്സിന് യഥാർത്ഥത്തിൽ യാതൊരു പ്രതിഷേധവുമില്ല. കേന്ദ്രം നിഷേധിക്കുന്ന തുക നമ്മുടെ കേരളത്തിലെ എല്ലാവർക്കും ലഭിക്കേണ്ടതാണെന്ന് പ്രതിപക്ഷത്തെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ഉപക്ഷേപത്തെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്. ഈ ധനകാര്യ ബില്ലിലെ ഏറ്റവും ജനവിരുദ്ധവും അന്യായവുമായ ഒരു വിഷയം ബില്ലിലെ സെക്ഷൻ (3)-ൽ പരാമർശിച്ചിട്ടുള്ള

കോർട്ട് ഫീ പരിഷ്കരണമാണ്. കുടുംബ കോടതി മുൻപാകെ നമ്മുടെ നാട്ടിലെ പാവപ്പെട്ട സ്ത്രീകൾ സമർപ്പിക്കുന്ന ഹർജികളിലെ കോർട്ട് ഫീ 50 രൂപയായിരുന്നത് 2 ലക്ഷം രൂപ വരെയായി വർദ്ധിപ്പിച്ചത് കണ്ണിൽ ചോരയില്ലാത്ത ഒരു നടപടിയാണ്. ഭർത്താക്കന്മാർ ഉപേക്ഷിച്ചവരോ വിവാഹമോചിതരോ ആയ സ്ത്രീകളും അവരുടെ 18 വയസ്സ് തികയാത്ത കുട്ടികളുമാണ് ഇത്തരം അപേക്ഷകളുമായി കുടുംബ കോടതിയെ സമീപിക്കുന്നത്. അവരുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് അവർ കേസിന് പോകാൻ നിർബന്ധിതരാകുന്നത്. ഈ ഹർജിയുടെ പേരുതന്നെ ജീവനാംശത്തിനുവേണ്ടിയുള്ള അപേക്ഷ എന്നാണ്. ഇത്തരത്തിലുള്ള അപേക്ഷകളെ സിവിൽ സ്വഭാവമുള്ള മണി സ്യൂട്ടുകളായി കരുതുന്നതും അതിന്റെ ഫലമായി നികുതി ഈടാക്കുന്നതും യഥാർത്ഥത്തിൽ പിടിച്ചുപറിക്കലാണ്. മനുഷ്യത്വമില്ലാത്ത ഒരു പ്രവൃത്തിയാണിത്. നേരത്തെ ഇത്തരം അപേക്ഷകൾ ഫയൽ ചെയ്തിരുന്നത് CrPC-ലെ 125-ാം വകുപ്പ് പ്രകാരമായിരുന്നു. ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയായിരുന്നു ജീവനാംശത്തിന് ഉത്തരവിടുന്നത്. പിന്നീട് നടപടി വേഗത്തിലും ലളിതവുമാക്കാനും സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക

പരിഗണന നൽകുന്നതിന്റെയും അടിസ്ഥാനത്തിലാണ് കുടുംബ കോടതികൾ നിലവിൽവന്നതും ജീവനാംശ കേസുകൾ അവിടെ ഫയൽ ചെയ്യുന്ന സാഹചര്യമുണ്ടായതും. ദുർബലവിഭാഗക്കാരായ സ്ത്രീകൾക്ക് സാമൂഹ്യപരിരക്ഷ നൽകണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് കുടുംബ കോടതികൾ കൊണ്ടുവന്നത്. കേരളത്തിലെ എല്ലാ ബാർ അസോസിയേഷനുകളും കുടുംബ കോടതികളിലെ ഫീസ് വർദ്ധിപ്പിച്ച സർക്കാർ തീരുമാനത്തിനെതിരെ സമരം നടത്തുകയും പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തു. ഇന്ന് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടുകയാണ്. ഇത് എല്ലാവരെയും ബാധിക്കുന്ന കാര്യമാണ്. സ്ത്രീകളുടെ കാര്യത്തിൽ സ്ത്രീകൾക്ക് മാത്രമല്ല താൽപര്യമുള്ളത്. നമ്മളെല്ലാവരും ദുർബലജനവിഭാഗങ്ങളോട് താൽപര്യമുള്ളവരാണ്. അതുകൊണ്ട് ഈ വിഷയം പ്രത്യേകമായി പരിഗണിക്കണം.

സാമൂഹ്യക്ഷേമ പെൻഷന്റെ വിഷയത്തിൽ കഴിഞ്ഞ ദിവസം അടിയന്തരപ്രമേയം കൊണ്ടുവന്നിരുന്നു. അപ്പോഴും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 18 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു എന്നാണ്. ഉമ്മൻ ചാണ്ടി

സർക്കാരിന്റെ കാലത്ത് ഒരു ചോദ്യത്തിന് മറുപടിയായി ഡോ. എം. കെ. മുനീർ സഭയിൽ നൽകിയ ഉത്തരത്തിൽ കുടിശ്ശിക തീർക്കാൻ അടിയന്തരനടപടി സ്വീകരിക്കുമെന്ന് മറുപടി നൽകിയിരുന്നു. എന്നാൽ ആ സർക്കാർ പിന്നെയും 10 മാസം കൂടി ഉണ്ടായിരുന്നതിനാൽ ആകെ 18 മാസത്തെ പെൻഷൻ കുടിശ്ശിക കൊടുത്തിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറയുന്നത്. ഡോ. എം. കെ. മുനീർ തന്നെ അത് തിരുത്തിയിട്ടും അങ്ങ് അതിൽത്തന്നെ ഉറച്ചുനിൽക്കുകയാണ്. ശ്രീ. എം. സ്വരാജിന്, ഡോ. ടി. എം. തോമസ് ഐസക് കൊടുത്ത ഒരു മറുപടി ഞങ്ങൾ പറഞ്ഞു. ഞാൻ ഒരു കാര്യം പറയട്ടെ..., ഇത് വളരെ ലളിതമാണ്. ഞങ്ങൾ എം.എൽ.എ.-മാരുടെ കൈവശം സർക്കാർ രേഖകളൊന്നും ലഭിക്കില്ല. ഇന്ന് സംസാരിക്കുമ്പോഴോ അടുത്ത ദിവസമോ ഉമ്മൻ ചാണ്ടി സർക്കാർ വരുത്തിയ 18 മാസത്തെ കുടിശ്ശിക നിങ്ങളുടെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുത്തുതീർത്തെങ്കിൽ, ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് കൊടുത്തതെന്ന് സംബന്ധിച്ച രേഖയും തദ്ദേശസ്വയംഭരണ വകുപ്പിന് കൊടുത്ത സർക്കാർ ഉത്തരവുകളും ഈ നിയമസഭ മുമ്പാകെ വയ്ക്കണമെന്ന് ഞാൻ

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നു. ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കൈവശം ആ രേഖയുണ്ടാവില്ലേ; അത് നിയമസഭയിൽ സമർപ്പിക്കണം. മൂന്നാമത്തെ പ്രാവശ്യമാണ് ഞങ്ങൾ ഇതാവശ്യപ്പെടുന്നത്. നിയമസഭയുടെ അവകാശമുപയോഗിച്ച് ഞാൻ ചോദ്യം ചോദിച്ചു, എന്നാൽ, മന്ത്രി മറുപടി നൽകിയിട്ടില്ല. എന്തുകൊണ്ടാണ് നിങ്ങൾ ഇതാവർത്തിച്ച് പറയുന്നത്; ഉമ്മൻ ചാണ്ടി ജീവിച്ചിരുന്ന കാലത്ത് നിങ്ങൾ അദ്ദേഹത്തെ വേട്ടയാടി. ജൂലൈ 18-ന് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിട്ട് ഒരു വർഷം തികയുകയാണ്. പുതുപ്പള്ളി പള്ളിയിൽ അദ്ദേഹത്തിന്റെ കല്ലറയുടെ മുമ്പിൽ ഇങ്ങനെ എഴുതി വച്ചിട്ടുണ്ട്, "ഈ മനുഷ്യൻ സത്യമായും നീതിമാനായിരുന്നു". ആ മനുഷ്യൻ സത്യമായിട്ടും നീതിമാനായിരുന്നു. അദ്ദേഹത്തെ വീണ്ടും അധിക്ഷേപിക്കുന്നത് നിശബ്ദമായി നിന്ന് ഞങ്ങൾ സഹിക്കില്ല. നിങ്ങൾ 18 മാസത്തെ കുടിശ്ശിക കൊടുത്തിട്ടുണ്ടെങ്കിൽ അതിന്റെ രേഖയും സർക്കാർ ഉത്തരവുകളും എക്സ്പെൻഡിച്ചർ ഇൻക്വർ ചെയ്ത രേഖകളും സഭയുടെ മേശപ്പുറത്ത് വയ്ക്കു. പ്രശ്നം തീരട്ടെ, നിങ്ങൾ അത് തെളിയിക്കു. ഈ ചർച്ച എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കു. ഇന്നലെ പാർലമെന്റിൽ ഇന്ത്യയുടെ

പ്രതിപക്ഷ നേതാവ് ശ്രീ. രാഹുൽ ഗാന്ധി നടത്തിയ പ്രസംഗം രാജ്യത്തെ ജനാധിപത്യ/മതേതര വിശ്വാസികളെ വല്ലാതെ ആവേശം കൊള്ളിച്ചതും വലിയ ആത്മവിശ്വാസം നൽകിയതുമാണ്. വിവിധ മാധ്യമങ്ങൾ അതിന് വലിയ പ്രാധാന്യം കൊടുത്തു. മലയാള മനോരമ-'രാഹുൽ ഷോക്ക്', മാതൃഭൂമി-'നന്ദി രാഹുൽ', മാധ്യമം-'നിർഭയത്വമാണ് ഇന്ത്യ, ബി.ജെ.പി. അജണ്ടകളെ വലിച്ചുകീറി', കേരള കൗമുദി-'രാഹുൽ പ്രഹരം; പ്രതിരോധിച്ച് മോദി', ദീപിക-'കത്തിക്കയറി രാഹുൽ', ചന്ദ്രിക-'വിറപ്പിച്ച് രാഹുൽ', സിറാജ്-'ആഞ്ഞടിച്ച് രാഹുൽ', സുപ്രഭാതം-'രൗദ്രം രാഹുൽ', വീക്ഷണം-'ആരെയും ഭയമില്ല, ആളിക്കത്തി രാഹുൽ' എന്നിങ്ങനെയാണ് വിവിധ പത്രങ്ങളിൽ വാർത്ത വന്നത്. എന്നാൽ ദേശാഭിമാനി പത്രത്തിൽ ഒരു വാർത്തയുമില്ല. ഇന്നലത്തെ ദേശാഭിമാനി പത്രത്തിന്റെ ആദ്യത്തെ പേജാണിത് (പത്രം ഉയർത്തിക്കാട്ടി). (...ബഹളം..) 'പോരാട്ടം തുടരണം: സി.പി.ഐ. (എം.)', 'ദൗർബല്യങ്ങളും പോരായ്മകളും പരിഹരിക്കും', 'നീക്കം ചെറുക്കണം' (...ബഹളം...) എന്നിങ്ങനെയാണ് പത്രത്തിന്റെ പ്രധാന തലക്കെട്ടുകൾ. ദേശാഭിമാനിയുടെ ആദ്യപേജിൽ ഇന്നലെ പാർലമെന്റിൽ നടന്ന ഒരു

പ്രസംഗത്തെക്കുറിച്ച് വാർത്തയില്ല. എന്നാൽ, പത്രത്തിന്റെ ഉൾപേജിൽ വന്ന വാർത്ത ഇങ്ങനെയാണ്, 'രാഹുൽ ഹിന്ദുക്കളെ അവഹേളിച്ചെന്ന് ബി.ജെ.പി.'. (പത്രത്തിന്റെ പകർപ്പ് ഉയർത്തിക്കാട്ടി) (....ബഹളം..). 'ഹിന്ദുക്കൾ ആക്രമികൾ-രാഹുൽ' എന്നാണ് ജന്മഭൂമി പത്രത്തിന്റെ മുൻപേജിൽ വന്ന വാർത്ത. ജന്മഭൂമി പത്രം ഒരു മര്യാദ കാണിച്ചു. പത്രത്തിന്റെ മുൻപേജിൽ ശ്രീ. രാഹുൽ ഗാന്ധിയെ വിമർശിക്കുന്ന വാർത്ത കൊടുത്തപ്പോൾ അവർ അദ്ദേഹത്തിന്റെ ഒരു ചിത്രം വച്ചു. ദേശാഭിമാനി അതിനുപോലും തയ്യാറായില്ല. രാഹുൽ ഗാന്ധിയുടെ ഒരു ചിത്രംപോലും ദേശാഭിമാനി പത്രത്തിലില്ല. എത്ര കേന്ദ്ര കമ്മിറ്റിയും സംസ്ഥാന കമ്മിറ്റിയും ജില്ലാ കമ്മിറ്റിയും കൂടിയാലും നിങ്ങൾ നന്നാകുമോ; കേരളത്തിലെ മതേതര വിശ്വാസികൾ ഈ പത്രത്തിന്റെ സമീപനം കണ്ടാൽ നിങ്ങൾക്ക് എന്തെങ്കിലും പിന്തുണ നൽകുമോ; ഇല്ല. ശ്രീ. എം. ബി. രാജേഷ് ധാരാളം കഥയും കവിതയും വേൾഡ് കപ്പും യൂറോ കപ്പും എല്ലാം ഉദ്ധരിച്ച് ഞങ്ങളെ ഉപദേശിച്ചു. അതിനെല്ലാം ചേർത്ത് സി.പി.ഐ.-യുടെ 'നവയുഗം' വാരികയുടെ ജൂൺ 15-ാംതീയതിലെ ലക്കത്തിൽ പാർട്ടി സെക്രട്ടറി അവരുടെ ബ്രാഞ്ച് സെക്രട്ടറിമാർക്ക് അയച്ച കത്തിലെ ചില

ഭാഗങ്ങൾ വായിക്കാം. " യാഥാർത്ഥ്യങ്ങളെ തൊടാത്ത വ്യാഖ്യാന പാടവം കൊണ്ടോ ഉപരിപ്ലവമായ വിശകലന സാമർത്ഥ്യം കൊണ്ടോ പരിഹരിക്കാനാകാത്ത പ്രശ്നങ്ങളാണ് നമ്മുടെ മുന്നിൽ ഉയർന്നുവന്നിട്ടുള്ളത്" . ശ്രീ. ബിനോയ് വിശ്വം അദ്ദേഹത്തിന് മറുപടി നൽകിയിട്ടുണ്ട്. അതുകൊണ്ട് ഞങ്ങളായിട്ട് ഒന്നും പറയുന്നില്ല. മറ്റൊന്ന്, വരുമാനം നിലച്ച ആശാ വർക്കർമാർക്ക് കഴിഞ്ഞ രണ്ടുമാസമായി ഓണറേറിയം നൽകുന്നില്ല. പകർച്ചവ്യാധികളുടെ പ്രശ്നമായിരുന്നു ഇന്നത്തെ അടിയന്തരപ്രമേയം. ഈ ആശാ വർക്കർമാർക്ക് ഓണറേറിയവും ശമ്പളവും കൊടുക്കാതെ, വാഗ്ദാനം ചെയ്ത 7,000 രൂപ കൊടുക്കാതെ എങ്ങനെയാണ് ആരോഗ്യ മേഖലയിലെ പ്രതിസന്ധികളെ അതിജീവിക്കുന്നത്. അതുപോലെ വാട്ടർ അതോറിറ്റിയിൽനിന്നും പെൻഷൻ പറ്റിയ ജീവനക്കാർ, പാവപ്പെട്ട എഴുപതും എഴുപത്തഞ്ചും വയസ്സുള്ളവർ ഒരു വർഷമാണ് വാട്ടർ അതോറിറ്റിയുടെ ഓഫീസിനുമുന്നിൽ സമരം ചെയ്തത്. ധനകാര്യ വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും കൂടെ ചർച്ച ചെയ്ത് അവർക്കൊരു ഉറപ്പ് കൊടുത്ത് സമരം അവസാനിപ്പിച്ചു. എന്നാൽ ആ ഉറപ്പ് പാലിക്കപ്പെടുന്നില്ല. അതിന്റെ ഫലമായി

പ്രായമായ ഈ പെൻഷൻകാർ ജൂലൈ 11 മുതൽ അനിശ്ചിതകാല നിരാഹാരസമരം തുടങ്ങാൻ പോകുകയാണ്. പ്രായംചെന്ന ഈ വ്യക്തികളെ ഇത്തരം സമരങ്ങളിലേയ്ക്ക് തള്ളിവിടരുതെന്നും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നും ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. വി. ശശി: സർ, ഞാൻ 2024-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നു. 140 കോടി ജനങ്ങൾ അധിവസിക്കുന്ന ഇന്ത്യയെന്ന രാജ്യത്തിന്റെ വിസ്തൃതി 3.29 ദശലക്ഷം സ്ക്വയർ മീറ്ററാണ്. ഇതിനുള്ളിൽ 29 സംസ്ഥാനങ്ങൾ, 7 യൂണിയൻ ടെറിറ്ററികൾ, 96 കോർപ്പറേഷനുകൾ, 3586 മുനിസിപ്പാലിറ്റികൾ, 5930 ബ്ലോക്ക് പഞ്ചായത്തുകൾ, 515 ജില്ലാ പഞ്ചായത്തുകൾ, 240588 ഗ്രാമപഞ്ചായത്തുകൾ എന്നിവയുണ്ട്. ഇന്ത്യയിൽ വിപുലമായ കേന്ദ്ര സംസ്ഥാന പ്രാദേശിക ഭരണ സംവിധാനമാണ് നിലനിൽക്കുന്നത്. ആയതിനാൽ ഈ ഭരണ സംവിധാനത്തിനാവശ്യമായ വരുമാനം കണ്ടെത്തുക, സുഗമമായ രീതിയിൽ അത് വിതരണം ചെയ്യുകയെന്നതാണ് കേന്ദ്ര സംസ്ഥാന ഭരണ

സംവിധാനത്തിന്റെ ഉത്തരവാദിത്വം. ഓരോ സംസ്ഥാനങ്ങളും പല കാര്യങ്ങളിലും വ്യത്യസ്തത പുലർത്തുന്നവയാണ്. ഉത്തർപ്രദേശിൽ 20 കോടി ജനങ്ങളാണുള്ളതെങ്കിൽ സിക്കിമിൽ ആറ് ലക്ഷം ജനങ്ങൾ മാത്രമേയുള്ളൂ. ഓരോ സംസ്ഥാനത്തിന്റെയും പ്രതിശീർഷ ജി.എസ്.ഡി.പി. (ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട്) വ്യത്യസ്തമാണ്. ഇത്തരത്തിൽ വളരെ വ്യത്യസ്തമായ സാമ്പത്തിക സവിശേഷതകളും ഭൂമിശാസ്ത്ര പ്രത്യേകതകളും രാഷ്ട്രീയപരമായ വൈവിധ്യങ്ങളുമുൾക്കൊള്ളുന്ന രാജ്യമായതുകൊണ്ടുതന്നെ അതിന്റെ സാമ്പത്തിക മാനേജ്മെന്റ് ഒട്ടേറെ വെല്ലുവിളി നിറഞ്ഞതായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. കേന്ദ്ര, സംസ്ഥാനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമെന്ന് പറയുന്നത് നികുതികൾ കേന്ദ്രീകരിച്ചാണ്. കേന്ദ്രമോ സംസ്ഥാനമോ പിരിച്ചെടുക്കുന്ന നികുതികളെല്ലാം ഇന്ത്യയിൽ നടക്കുന്ന വ്യവഹാരങ്ങളിൽനിന്നോ ഇന്ത്യക്കാരിൽനിന്നോ പിരിച്ചെടുക്കുന്നതാണ്. അതായത്, ഇങ്ങനെ പിരിച്ചെടുക്കുന്ന നികുതികൾ എല്ലാ ഇന്ത്യാക്കാർക്കും അവകാശപ്പെട്ടതാണ്. കേന്ദ്രം പിരിച്ചെടുക്കുന്ന നികുതികളിൽ നിശ്ചിത ശതമാനം മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാനങ്ങൾക്ക്

നൽകേണ്ടതാണ്. കേന്ദ്രത്തിൽ നിന്നുള്ള വരുമാനവും സംസ്ഥാനങ്ങളുടെ തനതു വരുമാനവും ചേർന്ന ഫണ്ടിൽനിന്നാണ് അതത് സംസ്ഥാന സർക്കാർ അവരുടെ ചെലവുകൾ നിർവ്വഹിക്കേണ്ടത്. ഇവകൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും സംസ്ഥാനങ്ങൾക്ക് ഫണ്ട് ലഭിക്കുന്നുണ്ട്. ഇത്തരം പദ്ധതികളുടെ നേട്ട-കോട്ടങ്ങൾ അനുഭവിക്കേണ്ടിവരുന്നത് സംസ്ഥാന സർക്കാരാണ്. കാരണം, സംസ്ഥാന സർക്കാരുകളാണ് ജനങ്ങളുമായി ഇടപെടേണ്ടിവരുന്നത്. കേന്ദ്ര വിഹിതം വൈകിയാലോ ഫണ്ട് കൈമാറി ലഭിച്ചില്ലെങ്കിലോ പഴി പൂർണ്ണമായി സംസ്ഥാന സർക്കാരിനായിരിക്കും ലഭിക്കുന്നത്. ഇവിടെ സഹകരണാധിഷ്ഠിത കേന്ദ്ര-സംസ്ഥാന ബന്ധം നിലനിന്നാൽ മാത്രമേ സാമ്പത്തിക ഫെഡറലിസം കുറ്റമറ്റതാകുകയുള്ളൂ. വിരുദ്ധ രാഷ്ട്രീയ താൽപ്പര്യങ്ങൾ കോ-ഓപ്പറേറ്റീവ് ഫെഡറലിസത്തെ ബാധിക്കുന്നുണ്ട്. കേരളത്തിലെ ആദ്യത്തെ തിരഞ്ഞെടുത്ത സർക്കാരിനെ 1959-ൽ പിരിച്ചുവിട്ടതിലൂടെ തകർന്നത് കോ-ഓപ്പറേറ്റീവ് ഫെഡറലിസം കൂടിയാണ്. ആ സമീപനം ഇന്നും തുടരുകയാണെന്നാണ് നാം കാണുന്നത്. അതുകൊണ്ടാണ് സംസ്ഥാനത്തിന്റെ സാമ്പത്തികപ്രശ്നങ്ങൾ ഒരു മേശയ്ക്കപ്പുറവും

ഇപ്പുറവുമിരുന്ന ചർച്ച ചെയ്ത് പരിഹരിക്കാൻ കേന്ദ്ര സർക്കാരിന് സാധിക്കുമായിരുന്നിട്ടും അത്തരമൊരു ചർച്ചയ്ക്ക് വേദിയൊരുക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി കർശന നിർദ്ദേശം നൽകേണ്ടിവന്നു. ഓരോ സംസ്ഥാനത്തിന്റെയും സാമ്പത്തികവും മറ്റിതര പ്രശ്നങ്ങളും രാജ്യത്തിന്റെ പ്രശ്നമായി കണക്കിലെടുത്ത് പരിഹരിക്കപ്പെടേണ്ടതുണ്ട്. അത്തരമൊരുശ്രമം കേന്ദ്ര അധികാരികളിൽ നിന്നുണ്ടാകേണ്ടതുണ്ട്. അത് ഉണ്ടാകുന്നില്ലെന്നതാണ് അടിസ്ഥാന പ്രശ്നം.

കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധികൾ വളരെ മുമ്പുതന്നെ പൊതുചർച്ചകൾക്കും രാഷ്ട്രീയ ചർച്ചകൾക്കും വിധേയമായിട്ടുള്ളതാണ്. ഇത് സംസ്ഥാനത്തിന്റെ കേവലമായ രാഷ്ട്രീയ നയവ്യതിയാനത്തിന്റെ ഭാഗമായി മാത്രം ഉണ്ടായതാണെന്ന് കരുതാനാവില്ല. 2000-വരെ സംസ്ഥാനത്തിന്റെ പ്രധാന പ്രശ്നം ഉൽപ്പാദന മുരടിപ്പായിരുന്നുവെങ്കിൽ അതിനുശേഷം എസ്.ജി.ഡി.പി.-യിൽ വൻവർധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2023-24-ൽ 11.3 ലക്ഷം കോടി രൂപയുടെ എസ്.ജി.ഡി.പി.-യാണ് പ്രതീക്ഷിക്കുന്നത്. ഇരുപത് കോടി ജനസംഖ്യയുള്ള യു.പി.-യിൽ എസ്.ജി.ഡി.പി. 23.49 ലക്ഷം

കോടി രൂപയാകുമ്പോൾ 4 കോടി ജനസംഖ്യയുള്ള കേരളത്തിൽ 11.3 ലക്ഷം കോടി എന്നത് അത്ര ചെറിയൊരു കാര്യമല്ല. 2000-ൽ വരുമാനം കണ്ടെത്താൻ സാധിക്കാത്തതിനുള്ള പ്രധാന കാരണം ഉൽപ്പാദന മുരടിപ്പായിരുന്നുവെങ്കിൽ ഇപ്പോൾ നേരിടുന്ന പ്രതിസന്ധിക്ക് കാരണം മറ്റൊന്നാണെന്ന് നാം മനസ്സിലാക്കണം. 2000-നുശേഷം ഉല്പാദന മുരടിപ്പിന് മാറ്റം വരികയും ജി.എസ്.ഡി.പി. വൻതോതിൽ വർധിച്ചതോടൊപ്പം റവന്യൂ-മൂലധന ചെലവുകളും വർധിച്ചുവെങ്കിലും അതിനാനുപാതികമായി വരുമാനം വർധിപ്പിക്കുന്നില്ലെന്നതാണ് ഇപ്പോൾ നേരിടുന്ന പ്രധാന പ്രശ്നം. ഇതിന് പല കാരണങ്ങളുമുണ്ട്. ധനകാര്യ കമ്മീഷന്റെ നികുതി വിഹിതം കുറച്ചത് കേരളത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടൊരു വിഷയം തന്നെയാണ്. പത്താം ധനകാര്യ കമ്മീഷൻ 3.85 ശതമാനം നികുതി വിഹിതമായി നൽകിയിരുന്നുവെങ്കിൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലത്ത് 1.9 ശതമാനമാക്കി കുറച്ചത് റവന്യൂ കമ്മി വർധിക്കാനുള്ള പ്രധാന കാരണമാണ്. കൂടാതെ, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ പ്രതിശീർഷ ചെലവ് കൂടുന്നതും റവന്യൂ കമ്മിക്ക് കാരണമാകുന്നുണ്ട്. കേരളത്തെ

സംബന്ധിച്ചിടത്തോളം സാമൂഹ്യക്ഷേമം, പൊതുസേവനം എന്നീ മേഖലകളിൽ ശക്തമായ ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത്. നവലിബറൽ നയത്തിന്റെ ബദൽ എന്ന നിലയിൽ പൊതുവിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യസുരക്ഷ എന്നീ മേഖലകളിലെല്ലാം നവ ലിബറൽ നയത്തിന് ബദലായ നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിനാൽ കേന്ദ്ര സർക്കാരിന്റെ സംസ്ഥാനത്തോടുള്ള പ്രതികൂല സമീപനത്തിന്റെ ഫലമായി റവന്യൂ കമ്മിക്ക് സർക്കാർ വിധേയമാകുന്നുണ്ട്. ഈ സാഹചര്യത്തിലാണ് ബജറ്റിന് പുറത്ത് അതായത്, ഓഫ് ബജറ്റ് കടമെടുപ്പിനെ ആശ്രയിക്കാൻ സർക്കാർ നിർബന്ധിതരായത്. അതുകൊണ്ടാണ് കിഫ്ബി, കെ.എസ്.എസ്.പി.എൽ. (കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്) എന്നീ സംവിധാനങ്ങളിലൂടെ മൂലധന ചെലവിനുള്ള തുക കണ്ടെത്താൻ സർക്കാർ ശ്രമിച്ചത്. നിയോ ലിബറൽ വികസന മാതൃകയുടെ ഒരു സുപ്രധാന സ്വഭാവം സർക്കാരിന്റെ സേവന, ക്ഷേമ മേഖലകളിലെ ചെലവ് കുറയ്ക്കുകയും സ്വകാര്യ മൂലധന നിക്ഷേപകർക്ക് വമ്പിച്ച നിരക്കിൽ നികുതിയിളവുകൾ പ്രഖ്യാപിച്ച് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നതാണ്. ഇതിന്റെ ഭാഗമായി

നികുതി കുറയുകയും ചെലവും കടവും വർധിക്കുകയും ചെയ്യുന്ന പ്രതീതിയാണ് ഇന്ത്യയിൽ ഇന്ന് കാണുന്നത്. കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽനിന്ന് 25 ശതമാനമായി കുറച്ചതിലൂടെ കേന്ദ്ര സർക്കാരിന്റെ പ്രത്യക്ഷ നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. സ്വാഭാവികമായി ഇതിലൂടെയുള്ള സംസ്ഥാന വിഹിതത്തിൽ കുറവുണ്ടാകുന്നുവെന്നതും നാം ഓർക്കേണ്ടതാണ്. സംസ്ഥാന സർക്കാരുകൾ ജനങ്ങളുമായി കൂടുതൽ അടുത്ത് നിൽക്കുന്നുവെന്നതിനാൽ സ്വാഭാവികമായി ചെലവ് വർദ്ധിക്കുന്നതും സംസ്ഥാനങ്ങൾക്കാണ്. സംസ്ഥാനങ്ങൾക്ക് റവന്യൂ ചെലവ് കണ്ടെത്താനുള്ള റവന്യൂ വരവ് 38 ശതമാനം മാത്രമാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റേത് ഇത് 58 ശതമാനമാണ്. കേന്ദ്രത്തിന് ഇരുപത് ശതമാനം കൂടുതൽ വരുമാനം ലഭിക്കുന്നു. ഇത് തന്നെയാണ് സംസ്ഥാന സർക്കാരുകളുടെ മറ്റൊരു പ്രശ്നം.

കേന്ദ്രം പിരിച്ചെടുക്കുന്ന നികുതി വിഹിതം പങ്കിടുന്ന കാര്യത്തിൽ വിവേചനമുണ്ടെന്ന് മാത്രമല്ല ചിലത് നൽകുന്നുമില്ല. കേന്ദ്രം പിരിച്ചെടുക്കുന്ന സെസ്സും സർചാർജ്ജുകളും സംസ്ഥാനങ്ങളുമായി പങ്കിടുന്നില്ല. ഇത് 9.4 ശതമാനത്തിൽനിന്ന് ഇപ്പോൾ 15.7 ശതമാനമായി വർധിച്ചിട്ടുപോലും

സംസ്ഥാനവുമായി ഈ നികുതി പങ്കിടാൻ തയ്യാറായിട്ടില്ല. മെച്ചപ്പെട്ട റിസൾട്ട് കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങൾക്ക് അതിനനുസൃതമായ പ്രോത്സാഹനവും സഹായവുമുണ്ടാകണം. എങ്കിൽ മാത്രമേ സംസ്ഥാനങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയൂ. കേരളത്തിന്റെ പ്രതിസന്ധി അതാണ്. ഒന്നുകിൽ സ്വയം വരുമാനം കണ്ടെത്താനുള്ള സംവിധാനമുണ്ടാകണം, അല്ലെങ്കിൽ കൂടുതൽ കേന്ദ്ര വിഹിതം ലഭിക്കണം. ഇത് രണ്ടിലും ഇന്ത്യയുടെ കേന്ദ്രീകൃത വിഭവ സമാഹരണ സംവിധാനം തടസ്സം നിൽക്കുന്നുവെന്നതാണ് പ്രശ്നം. ചുരുക്കത്തിൽ കേരളത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾക്ക് രണ്ട് കാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. കോ-ഓപ്പറേറ്റീവ് ഫെഡറലിസത്തിന് നിരക്കാത്ത വിധത്തിലുള്ള കേന്ദ്ര സാമ്പത്തിക അധികാര കേന്ദ്രീകരണം സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായ വരുമാനം കണ്ടെത്താനുള്ള അധികാരത്തെ ഇല്ലാതാക്കുന്നു. കേരളത്തിന്റെ ഉയർന്ന തോതിലുള്ള റവന്യൂ ചെലവ്, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ, ആരോഗ്യം എന്നിവയ്ക്കുവേണ്ടി വരുന്ന ചെലവുകളൊന്നും കുറയ്ക്കാനാകുന്നതല്ല. അതുകൊണ്ടുതന്നെ സ്വാഭാവികമായും കടം വർധിക്കുകയും പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയും ചെയ്യും. ഇതോടൊപ്പം

അർഹമായ കേന്ദ്ര ധന കൈമാറ്റം തടസ്സപ്പെടുന്നതും അർഹമായ വായ്പ ലഭ്യമാകാതിരിക്കുന്നതും വിശദമായി പരിശോധിക്കേണ്ട വിഷയങ്ങളാണ്. സങ്കുചിത കക്ഷി രാഷ്ട്രീയ താത്പര്യങ്ങൾ മാറ്റിവച്ച് ഈ വിഷയം ചർച്ച ചെയ്യാൻ പ്രതിപക്ഷം തയ്യാറാകണം. കേരളത്തിന്റെ debt-capital ratio സുസ്ഥിരമാകണം. അതിനാൽ കുറയ്ക്കാൻ കഴിയുന്ന ചെലവുകൾ കണ്ടെത്തി കുറയ്ക്കുകയും വേണം. ഇതിനെല്ലാമുപരി ഫിസ്കൽ ഫെഡറലിസം പുരോഗമനപരമാക്കാൻ അതിനായി പൊതുബോധം ഉയർത്തിക്കൊണ്ട് വരാൻ ശക്തമായ ഇടപെടലുകൾ ഇടതുപക്ഷം ഉയർത്തുന്നതോടൊപ്പം കേരളത്തിലെ പ്രതിപക്ഷവും അതോടൊപ്പം അണിചേരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഏതാനും ദിവസങ്ങൾക്കുമുമ്പ് വയസ്സായൊരമ്മ എന്റെ ഓഫീസിൽ വന്നിരുന്നു. അവരുടെ രണ്ട് കാലുകളും നീര് വച്ച് തടിച്ച് നടക്കാൻപോലും സാധിക്കാത്ത അവസ്ഥയിലായിരുന്നു. എന്നെ കണ്ട ഉടൻതന്നെ അവരെന്റെ കൈകൾ ചേർത്തുപിടിച്ച് ഇതുവരെ പെൻഷൻ കിട്ടിയില്ലെന്ന് പറഞ്ഞ് കരയുകയുണ്ടായി. 2023-ൽ റിട്ടയർ ആയ

70 വയസ്സോളം പ്രായമുള്ളൊരു സ്ത്രീ അവരുടെ കൂടെയുണ്ടായിരുന്നു, ഞങ്ങൾ രണ്ടുപേരുടെയും സ്ഥിതി വളരെ കഷ്ടത്തിലാണെന്നും ഞങ്ങൾക്ക് ഒരുപാട് പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമുണ്ടെന്നും ഞങ്ങളുടെ കൈയിൽനിന്ന് പിടിച്ച 500 രൂപയുടെ ക്ഷേമനിധി പെൻഷൻ പോലും ലഭിക്കുന്നില്ലെന്നും അവർ പറഞ്ഞു. ഈ വിഷയത്തിൽ ഞാൻ ഇടപെടണമെന്നതായിരുന്നു അവരുടെ ആവശ്യം. അങ്കണവാടി ടീച്ചർമാരായി ജോലി ചെയ്യുന്ന ആളുകളുടെ വ്യാകുലതകളെക്കുറിച്ച് ഈ സഭയിൽ ധാരാളം ചർച്ചകൾ നടന്നതാണ്. പക്ഷെ, അവരുടെ ശമ്പളത്തിൽനിന്ന് പിടിക്കുന്ന ക്ഷേമനിധി പെൻഷൻ തുകപോലും ഇത്രയും കാലമായിട്ടും നൽകുന്നില്ലെന്നത് വളരെ സങ്കടകരമാണ്. 2023-ൽ പിരിഞ്ഞ ഒരാൾക്കുപോലും നാളിതുവരെ യാതൊരാനുകൂല്യങ്ങളും ലഭിച്ചിട്ടില്ലെന്നുമാത്രമല്ല അവരോടൊപ്പമുള്ള ആയമാരുടെ ശമ്പളത്തിൽനിന്നും പ്രതിമാസം 250 രൂപ വീതം ക്ഷേമനിധിയിലേയ്ക്ക് പിരിച്ചെടുക്കുന്നുണ്ടെങ്കിലും ടി തുക പോലും അവർക്ക് കൊടുക്കുന്നില്ല. തുക ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിലേയ്ക്ക് വിളിച്ചാൽ അവർക്ക് യാതൊരു തരത്തിലുമുള്ള മറുപടിയും ലഭിക്കുന്നില്ല. നേരത്തെ ശ്രീ. പി. സി. വിഷ്ണുനാഥ് ആശ വർക്കർമാരുടെയും

പാചകത്തൊഴിലാളികളുടെയും കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അണ്ടർ പ്രിവിലേജ്ഡായി നിൽക്കുന്ന, ഒരു തരത്തിലുമുള്ള പ്രതികരിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള മനുഷ്യരുടെ കഴുത്തിലാണ് ഈ സർക്കാർ കത്തിവയ്ക്കുന്നതെന്നത് വിഷമമുണ്ടാക്കുന്ന കാര്യമാണ്. പിന്നെ എന്താവശ്യത്തിനാണ് ഇത്തരത്തിൽ ബില്ലും ചർച്ചയുമൊക്കെ ഇവിടെ കൊണ്ടുവരുന്നതെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാധാരണക്കാർക്ക് സമൂഹത്തിൽ ജീവിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് യാതൊരു തരത്തിലുള്ള ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്നും അവർക്കായി അനുവദിക്കുന്ന ഫണ്ടുകൾപോലും ചെലവാകാതെ കിടക്കുകയാണെന്നും ഇന്നത്തെ ചോദ്യോത്തരവേളയിൽ ശ്രീ. ഒ. ആർ. കേളു പറയുകയുണ്ടായി. ഇത്തരം ദുർബ്ബലവിഭാഗങ്ങളുടെ ഏറ്റവും അടിസ്ഥാനപരമായ പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യാതെയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നതെന്ന വസ്തുത നാം മനസ്സിലാക്കേണ്ടതുണ്ട്. ഇപ്പോഴും സർക്കാരിന്റെ അത്തരം സമീപനങ്ങളിൽ യാതൊരു മാറ്റവുമുണ്ടായിട്ടില്ല. തിരഞ്ഞെടുപ്പ് പരാജയവും

പ്രശ്നങ്ങളുമൊക്കെയുണ്ടായിട്ടും ഇതൊന്നും വിലയിരുത്താൻ സി.പി.ഐ.(എം.)-ന് സാധിച്ചിട്ടില്ല. എന്നാൽ ഇതൊക്കെ വളരെ കൃത്യമായി വിശകലനം ചെയ്യാൻ കഴിഞ്ഞത് സി.പി.ഐ.-യ്ക്ക് ആണെന്ന് അഭിമാനത്തോടെ ഞാൻ പറയുകയാണ്. കാരണം, വളരെ കൃത്യമായി ഇതിനെക്കുറിച്ചൊരു അഭിപ്രായം പറഞ്ഞത് സി.പി.ഐ.-യുടെ സംസ്ഥാന സെക്രട്ടറി ശ്രീ. ബിനോയ് വിശ്വം ആണ്. അദ്ദേഹം പറഞ്ഞ വളരെ ശ്രദ്ധേയമായ കാര്യം, ചെങ്കൊടിയുടെ തണലിൽ ആരാണ് ഇപ്പോഴുള്ളത് എന്നതിനുള്ള ഉത്തരമായിരുന്നു. ചെങ്കൊടിയുടെ തണലിൽ അധോലോക നായകന്മാരെ അണിനിരത്തിയാൽ പാർട്ടിക്ക് ഇനിയും രക്ഷപ്പെടാൻ കഴിയില്ലെന്ന മുന്നറിയിപ്പാണ് അദ്ദേഹം നൽകിയത്. ശ്രീമതി കെ. ആർ. മീര എഴുതിയ 'ഘാതകൻ' എന്ന ശ്രദ്ധേയമായ നോവലിൽ അവർ ചോദിക്കുന്നൊരു ചോദ്യമുണ്ട്, ലോകത്ത് ഏറ്റവും വലിയ മത്ത് പിടിപ്പിക്കുന്ന സാധനം പണമാണ്. എന്നാൽ അതിനേക്കാളും പ്രധാനമായ മറ്റൊന്ന് അധികാരമാണ്. പണത്തിന്റെയും അധികാരത്തിന്റെയും മത്തിലാണ് ഇടതുപക്ഷ സർക്കാർ ഇപ്പോഴും നിൽക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഇവിടെ ശ്രീ. ബിനോയ് വിശ്വത്തെ കുറിച്ച്

പറയുകയുണ്ടായി. ചെങ്കൊടിയുടെ തണലിൽ കഴിയുന്ന അധോലോക നായകന്മാരെക്കുറിച്ചാണ് അദ്ദേഹം സൂചിപ്പിച്ചത്. ആരൊക്കെയാണ് ചെങ്കൊടിയുടെ തണലിൽ ജീവിച്ച മനുഷ്യർ? ഈ നാട്ടിലെ കർഷകരായിരുന്നു; കർഷക തൊഴിലാളികളായിരുന്നു; കശുവണ്ടി തൊഴിലാളികളായിരുന്നു; കയർ തൊഴിലാളികളായിരുന്നു; പട്ടിണി പാവങ്ങളായിരുന്നു. എന്നാലിന്ന് ചെങ്കൊടിയുടെ തണലിൽ കഴിയുന്നത്, ട്രൗസർ മനോജാണ്; ആകാശ് തില്ലങ്കരിയാണ്; കൊടി സുനിയാണ്; അർജ്ജുൻ ആയങ്കിയാണ്. പാർട്ടിക്ക് ഒരുപാട് ഫ്രാക്ഷനുകളുണ്ടല്ലോ, ഇനി നിങ്ങളൊരു പുതിയ ഫ്രാക്ഷനുകൾ കൂടി ഉണ്ടാക്കിക്കൊടുക്കണം. അത് സ്വർണ്ണം പൊട്ടിക്കൽ പ്രൊട്ടക്ഷൻ കമ്മിറ്റിയാണ്. മറ്റൊന്ന്, അധോലോക നായകന്മാരുടെ സംഘമാണ്, ക്വട്ടേഷൻ സംഘമാണ്. വേണമെങ്കിൽ നിങ്ങൾ സ്കെച്ച് ചെയ്യുന്ന സംഘത്തിനുവേണ്ടി പ്രത്യേകമായൊരു ഫ്രാക്ഷനുണ്ടാക്കിയാൽ നന്നാകുമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഞങ്ങൾ ക്വാർട്ടർ ഫൈനലിൽ ആയിരുന്നുവെന്ന പരാമർശമാണ് ശ്രീ. കെ. ബാബു (നെന്മാറ) ഇവിടെ നടത്തിയത്.

ബഹുമാനപ്പെട്ട അംഗത്തോട് എനിക്ക് ചോദിക്കാനുള്ളത്, ആരാണ് നിങ്ങളുടെ കോച്ച്? ഫൈനലിൽ കളിക്കേണ്ട മുഴുവൻ കളിക്കാരെയും അണിനിരത്തിയിട്ടും എന്തൊരു തോൽവിയാണ് നിങ്ങൾക്ക് നേരിടേണ്ടിവന്നത്. വിദ്യാർഥികൾപോലും നിങ്ങളെ തിരസ്കരിച്ചിരിക്കുന്നുവെന്നതാണ് ഏറ്റവും സങ്കടകരമായ കാര്യം. ഏറ്റവുമൊടുവിൽ, പരിയാരം മെഡിക്കൽ കോളേജിൽ നടന്ന തിരഞ്ഞെടുപ്പിൽപ്പോലും പിടിച്ചുനിൽക്കാൻ എസ്.എഫ്.ഐ.ക്ക് കഴിഞ്ഞില്ല. നിങ്ങളുടെ പഴയ എസ്.എഫ്.ഐ.-യൊക്കെ എവിടെയോ ഒഴുകിപോയി എന്നുള്ളതല്ലേ അതിന്റെ യാഥാർഥ്യം. എന്തുകൊണ്ടാണ് ഇപ്പോഴും നിങ്ങൾക്ക് ജനങ്ങളുടെ വിശ്വാസ്യത നേടിയെടുക്കാൻ സാധിക്കാത്തത്? അത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഞങ്ങൾ ജനങ്ങളുടെ കൂടെയാണ്; ജനങ്ങളുടെ പ്രശ്നമാണ് ഞങ്ങൾ സഭയിൽ ഉയർത്തുന്നത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ നിങ്ങളുടെ കളിക്കാർ മോശമായതുകൊണ്ടല്ല തോറ്റത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചറെപ്പോലെയുള്ള മികച്ച കളിക്കാരെ രംഗത്തിറക്കിയിട്ടും അറുപതിനായിരം വോട്ടിന് ഞങ്ങളുടെ മെസ്സി ജയിച്ചൊരു മണ്ഡലത്തിൽ എൽ.ഡി.എഫ്-ന് തോറ്റ് പിന്മാറേണ്ടി വന്നതെന്ന കാര്യം

ഓർമ്മിക്കണം. എത്രവർഷങ്ങൾ കഴിഞ്ഞാലും ആ ഗോൾ വർഷത്തിലൂടെ ഏൽക്കേണ്ടിവന്ന വേദനയിൽനിന്ന് നിങ്ങൾക്ക് മുക്തരാകാൻ കഴിയില്ല. ക്വാർട്ടറിൽതന്നെ മടങ്ങേണ്ടിവന്ന ഗതികേടാണ് നിങ്ങൾക്കുണ്ടായിട്ടുള്ളത്. പിന്നെ എവിടെയാണ് ഫൈനൽ കളിക്കുന്നത്? നിങ്ങൾ ഈ കളിക്കളത്തിൽപ്പോലുമില്ലെന്നതാണ് ഏറ്റവും സങ്കടകരമായ കാര്യം. നിങ്ങൾ തിരിച്ചുവരവിനെക്കുറിച്ച് ചിന്തിക്കുന്നു; കളിക്കളത്തിൽപ്പോലുമില്ലാത്ത ആളുകൾ കളിക്കാൻ തിരിച്ചുവരുന്നതിനെക്കുറിച്ച് എന്ത് പറയാനാണ്? പക്ഷേ, നിങ്ങൾക്കുപകരം കളിക്കളത്തിലേയ്ക്ക് മടങ്ങിവരുന്നത് ആരാണെന്നതാണ് ഞങ്ങളെ ആശങ്കപ്പെടുത്തുന്നത്. നിങ്ങൾ പിരിഞ്ഞുപോകുമ്പോൾ ആ സ്ഥാനത്ത് കളിക്കളത്തിലേയ്ക്ക് വരുന്നത് ആരാണെന്ന് നിങ്ങൾ മനസ്സിലാക്കണം. അവരെ പ്രതിരോധിക്കാനുള്ള ശേഷിപോലും നിങ്ങൾക്കില്ലാതെ പോവുകയാണ്. എന്താണ് അതിന് കാരണം? നിങ്ങളുടെ തീവ്ര വലതുപക്ഷ വ്യതിയാനത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എല്ലാസമയത്തും ഈ സഭയിൽ പറഞ്ഞിട്ടുള്ളത്. ഇന്നലെ നിങ്ങളുടെ കൂടെയുണ്ടായിരുന്ന പാവങ്ങളായ കർഷകത്തൊഴിലാളികളെല്ലാം

ഇന്ന് നിങ്ങളെ വിട്ടൊഴിഞ്ഞ് പോയിരിക്കുന്നു. അവർ മുന്നോട്ടുവച്ച ഇടതുപക്ഷ ആദർശം നിങ്ങൾക്കില്ലെന്ന് ബോധ്യപ്പെട്ടപ്പോൾ നേരിട്ട് വലതുപക്ഷ പാർട്ടിയായ ബി.ജെ.പി.-യിൽതന്നെ ചേരുന്നതാണ് ഉചിതമെന്ന് അവർ മനസ്സിലാക്കിയിരിക്കുന്നു. അങ്ങനെ അവർ വിചാരിക്കുന്നുണ്ടെങ്കിൽ അത് അവരുടെ തെറ്റല്ല. ആ തെറ്റ് ഇടതുപക്ഷ പാർട്ടിയുടേതാണെന്നതാണ് പ്രധാനം. മാത്രമല്ല, ഇടതുപക്ഷ പ്രസ്ഥാനം ഇന്ന് മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ കേരളത്തിലെ സാധാരണക്കാരായ മനുഷ്യരുടെ ശബ്ദമല്ല. ഈ തെറ്റുകളെല്ലാം ചെയ്തിട്ടും ബഹുമാന്യനായ മുഖ്യമന്ത്രിക്ക് എന്ത് തെറ്റാണ് പറ്റിയതെന്നുപോലും മനസ്സിലാകുന്നില്ല. പറ്റിയ തെറ്റ് തിരുത്താൻ ഒരിക്കൽപ്പോലും ബഹുമാന്യനായ പാർട്ടി സെക്രട്ടറിക്ക് സാധിക്കുന്നില്ല. ഈ രാജ്യത്തെ പാവങ്ങളെ എൽ.ഡി.എഫ്. സർക്കാർ കയ്യൊഴിഞ്ഞുവെന്നതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ഇപ്പോഴും നിങ്ങളുടെ പ്രയോരിറ്റി ഇവിടത്തെ പാചകത്തൊഴിലാളികളോ, ആശാവർക്കർമാരോ, ആയമാരോ ഈ നാട്ടിലെ സാധാരണക്കാരായ മനുഷ്യരോ അല്ല. നിങ്ങളുടെ പ്രയോറിറ്റി പ്രിവിലേജ്ഡ് ക്ലാസിൽപ്പെട്ട ആളുകളും അവരുടെ പ്രശ്നങ്ങളും മാത്രമാണ്. നിങ്ങളുടെ പ്രശ്നം

അധികാരമാണ്, പണമാണ്, പ്രിവിലേജ്ഡായിട്ടുള്ള മനുഷ്യരുടെ സംരക്ഷണമാണ്. നിങ്ങൾക്ക് നഷ്ടപ്പെട്ടുപോയ ആ പാവം മനുഷ്യരുടെ കദനഭാരങ്ങളാണ് യു.ഡി.എഫ്. ഏറ്റെടുക്കുന്നത് എന്നുപറഞ്ഞുകൊണ്ട് ഈ ഉപക്ഷേപത്തെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, ഇവിടെ എന്റെ സുഹൃത്ത് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ പ്രസംഗം കേട്ടപ്പോൾ ഞാൻ ഈ നാട്ടിലല്ല ജീവിക്കുന്നതെന്ന് തോന്നിപ്പോയി. കാരണം, പിണറായി സർക്കാർ അധികാരത്തിൽ വന്ന സമയത്ത് കുടിശ്ശികയായിരുന്ന പതിനെട്ട് മാസത്തെ ക്ഷേമപെൻഷനുകൾ വിതരണം ചെയ്ത ഇനത്തിൽ പതിനായിരക്കണക്കിന് രൂപ വാങ്ങിയ ആളുകൾ 'ഓ മകനെ വലിയ സഹായമായി' എന്ന് പറഞ്ഞത് ഞാൻ കണ്ടതാണ്. എന്റെ കൺ മുമ്പിൽവച്ചാണ് അവർ ആ തുക വാങ്ങിക്കൊണ്ടുപോയത്. അതിന് കടകവിരുദ്ധമായ കാര്യമാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞത്. യാഥാർത്ഥ്യങ്ങളെ ഇങ്ങനെ അടച്ച് ആക്ഷേപിക്കുന്നത് താങ്കളെപോലുള്ള ഒരാൾ ചെയ്യാൻ പാടില്ലാത്തതാണെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. എന്റെ കൺമുന്നിൽ കണ്ടൊരു കാര്യം അങ്ങനെയല്ലെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ്

വാദിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് എനിക്ക് മനസ്സിലായില്ല. ഇവിടെ ഇരിക്കുന്നവരെല്ലാം ഈ നാട്ടിൽ ജീവിക്കുന്നവരാണല്ലോ; അതിന് എന്ത് രേഖയെന്ന് ചോദിക്കുന്നതല്ല; അവർ പണം എണ്ണി വാങ്ങുന്നത് ഞാൻ കണ്ടതാണ്; കെട്ടുകണക്കിന് പണം അവരുടെ കൈയിൽക്കൊണ്ട് കൊടുത്തത് ഈ കണ്ണുകൊണ്ട് കണ്ടവനാണ് ഞാൻ. ആ എന്നെ ഇവിടെ ഇരുത്തിയിട്ടാണല്ലോ നിങ്ങൾ ഈ വർത്തമാനം പറഞ്ഞത്. അത് ഒന്നാമത്തെ കാര്യം, മറ്റൊന്ന് ദേശാഭിമാനിക്ക് ഒരു സ്വഭാവമുണ്ട്. അവർ കോഴിക്ക് കൊടുക്കുന്ന റേറ്റ് കോഴിക്ക് കൊടുക്കും, ജുവലിന് കൊടുക്കുന്ന റേറ്റ് ജുവലിനുകൊടുക്കും. അവർ കോഴിക്ക് കൊടുക്കുന്ന റേറ്റ് ജുവലിന് കൊടുക്കില്ല, അതിൽ നിങ്ങൾ  വെറുതെ പരിതപിച്ചിട്ട് കാര്യമൊന്നുമില്ല. ദേശാഭിമാനിയുടെ ജന്മസിദ്ധമായ സ്വഭാവവും വളർച്ചയും ചരിത്രവുമെല്ലാം അങ്ങനെയാണ്, അങ്ങനെയേ ചെയ്തിട്ടുള്ളൂ. ബഹുമാനപ്പെട്ട അംഗം ശ്രീ. നജീബ് കാന്തപുരം സൂചിപ്പിച്ച ഉപദേശത്തിന് 'നല്ല നമസ്കാരം' അല്ലാതെ വേറെയൊന്നും പറയാനില്ല.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ഒന്നു വഴങ്ങുമോ?

ചെയർപേഴ്സൺ: അദ്ദേഹം വഴങ്ങുന്നില്ല....

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ എല്ലാവരെയും ഒരുപോലെ കാണുന്ന ആളാണ്, അതുകൊണ്ട് നിങ്ങൾ ഇരിക്കൂ. ഞാൻ വഴങ്ങുന്നില്ല. 2024-ലെ കേരള ധനകാര്യ ബിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. സംസ്ഥാനത്തിനർഹമായ ധനവിഹിതം കേന്ദ്ര സർക്കാർ നിഷേധിക്കുന്നതാണ് സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിക്കും അസന്തുലിതാവസ്ഥയ്ക്കും കാരണമെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. 2023-24-ൽ കേരളത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 80 ശതമാനവും തനത് വരുമാനമായിരുന്നു. കേന്ദ്ര വിഹിതം എന്നുപറയുന്നത് കേവലം 20 ശതമാനം മാത്രമാണ്. മറ്റു പല സംസ്ഥാനങ്ങൾക്കും പ്രത്യേകിച്ച് ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതം ഇതിലും എത്രയോ കൂടുതലാണെന്നത് വസ്തുതയാണ്. അക്കാര്യങ്ങളെക്കുറിച്ചുള്ള വാർത്തകൾ പല പത്രങ്ങളിലും വായിച്ചതാണ്. ആ വസ്തുത ലോക്സഭയിലും നിയമസഭയിലും ചർച്ച ചെയ്യപ്പെട്ട വിഷയവുമാണ്. എല്ലാവരെയും ഉൾക്കൊള്ളുന്ന സമഗ്ര വികസനം, ജനക്ഷേമ കാഴ്ചപ്പാടിലൂന്നിയ സാമൂഹ്യ

സുരക്ഷാ നടപടികൾ എന്നിവയാണ് കേരള സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിൽ സഖാവ് പിണറായി വിജയൻ നയിക്കുന്ന എൽ.ഡി.എഫ്. സർക്കാർ യഥാർഥത്തിൽ ഒരു ബദൽ നയമാണ് മുന്നോട്ടുവയ്ക്കുന്നത്? കേരള ജനതയുടെ ജീവിതം മെച്ചപ്പെടുത്തലാകണം സാമ്പത്തിക വളർച്ചയുടെ ലക്ഷ്യമെന്നാണ് എൽ.ഡി.എഫ്. സർക്കാർ കാണുന്നത്. ഈ ലക്ഷ്യത്തിൽ ഊന്നിനിന്നുകൊണ്ട് കേരളത്തിന്റെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുക, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുക എന്നിവയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള പൊതുവായ സമീപനം. കിഫ്ബിയിലൂടെ വായ്പയെടുത്ത് പശ്ചാത്തല സൗകര്യവികസനത്തിലെ പോരായ്മ പരിഹരിക്കാനുള്ള ശ്രമം, വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേയ്ക്കുള്ള പരിവർത്തനം തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമാണ്. എന്നാൽ ഈ വികസന പരിപാടികൾ ആകെ അട്ടിമറിക്കാനാണ് ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ തുടർച്ചയായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോഴും അവരുടെ ആ ശ്രമം തുടരുകയാണ്. കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും വായ്പകൾ

മുൻകാല പ്രാബല്യത്തോടെ സംസ്ഥാന സർക്കാരിന്റെ വായ്പയായി പരിഗണിച്ചതും കടമെടുപ്പ് പരിധി വെട്ടിച്ചുരുക്കിയതുമെല്ലാം ഇതേ ലക്ഷ്യത്തോടെയാണ്. ഈ സമീപനം സംസ്ഥാനത്തുണ്ടാക്കുന്ന ധനപരമായ വൈഷമ്യം ചെറുതല്ല. ഉപരോധ സമാനമായ സാമ്പത്തിക വിവേചനമാണ് കേന്ദ്ര സർക്കാർ കേരളത്തോട് ഇപ്പോൾ കാണിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരമൊരു പശ്ചാത്തലത്തിലാണ് ബജറ്റിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ വിളിച്ചുചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 24,000 കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടത്. അത് നേടിയെടുക്കേണ്ടത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മാത്രം ആവശ്യമല്ല, ഈ കേരളത്തിന്റെയും മൂന്നരക്കോടി മലയാളികളുടെയും ആവശ്യമാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷം വ്യത്യസ്ത നിലപാട് സ്വീകരിക്കുന്നത് പ്രയാസകരവും സങ്കടകരവുമാണെന്നാണ് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുന്നത്. മറ്റൊന്ന്, പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിലെ മൊത്തിലുള്ള കണക്ക് പരിശോധിച്ചാൽ 85,000 കോടി രൂപ

കേരളത്തിന് നഷ്ടമായിട്ടുണ്ട്. കേന്ദ്ര സർക്കാരും കേരളത്തിലെ പ്രതിപക്ഷവും ചില മാധ്യമങ്ങളും ഈ യാഥാർത്ഥ്യങ്ങൾ മറച്ചുപിടിക്കാനാണ് ശ്രമിക്കുന്നത്. ഇനിയെങ്കിലും പ്രതിപക്ഷം കേരള വിരുദ്ധ സമീപനം ഉപേക്ഷിച്ച് നാടിന്റെ മുന്നേറ്റത്തിനായി ഒരുമിച്ച് പോരാടുകയാണ് വേണ്ടതെന്നാണ് എന്റെ അഭിപ്രായം. സാമ്പത്തികമായി എൽ.ഡി.എഫ്. ഗവൺമെന്റിനെ കേന്ദ്രം വരിഞ്ഞുമുറുക്കുന്നത് കേരളത്തിലെ ജനങ്ങളെയാണ് ബാധിക്കുന്നത്. യു.ഡി.എഫ്.-ഉം ഇവിടെനിന്ന് വോട്ട് വാങ്ങി പാർലമെന്റിലേയ്ക്ക് പോയ എം.പി.-മാരും അക്കാര്യം ചിന്തിക്കുന്നതേയില്ല. കേരളത്തിലെ ജനങ്ങളുടെ വോട്ട് നേടി പാർലമെന്റിൽ പോയാൽ കേരളത്തിനുവേണ്ടി വാദിക്കാനും മലയാളികൾക്കുവേണ്ടി സംസാരിക്കാനും അവർ തയ്യാറാകേണ്ടേ? അവരതിന് തയ്യാറാകുന്നില്ല. ഈ സർക്കാരിനെ എതിർക്കുകയെന്നതിന്റെ പേരിൽ ഇവർ കേരളത്തിന്റെ താൽപ്പര്യത്തെതന്നെ ബലികഴിക്കുന്ന ഒരു അവസ്ഥയാണുണ്ടാകുന്നത്. എൽ.ഡി.എഫ്. സർക്കാരിനെ കുറ്റപ്പെടുത്താൻ ലഭിക്കുന്ന എല്ലാ അവസരങ്ങളും ഉപയോഗിക്കുകയാണിവർ. പൊതുവെ നാട്ടിൻപുറത്ത് പറയുന്നത്, 'മകൻ മരിച്ചാലും വേണ്ടില്ല; മരുമകളുടെ കണ്ണുനീർ

കാണണം' എന്ന ദുഷ്ടബുദ്ധി, ആ ബുദ്ധിയാണ് യു.ഡി.എഫ്.-ഉം ഇപ്പോൾ കേരളത്തെ പ്രതിനിധീകരിച്ചുള്ള എം.പി.-മാരും കഴിഞ്ഞ കാലയളവിൽ സ്വീകരിച്ചത്. ഇനി എന്താണ് ചെയ്യാൻ പോകുന്നതെന്ന് നമുക്ക് കാത്തിരുന്ന് കാണാം. എന്തായാലും കേന്ദ്ര സർക്കാരിനെക്കാളും കേരളത്തെ വഞ്ചിക്കുന്ന സമീപനമാണ് യു.ഡി.എഫ്.-ന്റെയും എം.പി.-മാരുടെയും ഭാഗത്തുനിന്നുണ്ടാകുന്നത്. ജനങ്ങൾ ഇത് മനസ്സിലാക്കാൻ അധിക കാലമെടുക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അക്കാര്യം നിങ്ങൾ ഉൾക്കൊണ്ടാൽ നിങ്ങൾക്ക് നല്ലത് എന്നുമാത്രമെ ഞാനിപ്പോൾ പറയുന്നുള്ളൂ.

കഴിഞ്ഞ ബജറ്റിന്റെ മുന്നോടിയായി കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.പി.-മാരുടെ യോഗം വിളിച്ച് കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ ഒറ്റക്കെട്ടായി നിൽക്കണമെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. അക്കാര്യം സമ്മതിച്ച് എല്ലാവരും ചായ കുടിച്ച് പിരിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് രാജ്യസഭ എം.പി.-യായ ശ്രീ. എളമരം കരീമിനെ മെമ്മോറണ്ടം തയ്യാറാക്കാൻ ചുമതലപ്പെടുത്തി. അതിൽ കൂട്ടായി എല്ലാവരും ഒപ്പിടുമെന്ന പ്രതീക്ഷയുടെ ഭാഗമായാണ് അങ്ങനെ ചെയ്തത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിൽ ആരും എതിർപ്പും പ്രകടിപ്പിച്ചിരുന്നില്ല. ആ സമയത്ത് ശ്രീ. എളമരം കരീം കഷ്ടപ്പെട്ട് കേരളത്തിന്റെ വിവിധ വിഷയങ്ങളുൾപ്പെടുത്തി നമ്മുടെ ആവശ്യകതയനുസരിച്ചുള്ള ഒരു മെമ്മോറണ്ടം തയ്യാറാക്കി. എല്ലാ എം.പി.-മാരുടെയും കാൽ ചുവട്ടിൽപോയി അദ്ദേഹം അഭ്യർത്ഥിച്ചു. എന്നാൽ ഒരു മനുഷ്യനും ഒപ്പിടാൻ തയ്യാറായില്ല. ഇക്കാര്യത്തിൽ എന്ത് സമീപനമാണ് അവർ സ്വീകരിച്ചത്?

ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ധനകാര്യ ബില്ലിനെ സംബന്ധിച്ചുള്ള ചർച്ചയായതിനാൽ ഒന്നുരണ്ട് കാര്യങ്ങൾ ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്. എന്റെ ജില്ലയും മണ്ഡലവുമായി ബന്ധപ്പെട്ടുള്ള പ്രദേശത്തെ ഒരു കാര്യം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. പാലക്കാട് ജില്ലയിലെ തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന പ്രദേശത്ത് 8 ചെക്ക് പോസ്റ്റുകളാണുള്ളത്. ആനക്കട്ടി, വാളയാർ, വേലന്താവളം, ഒഴലപ്പതി, നടുപ്പതി, ഗോപാലപുരം, മീനാക്ഷിപുരം, ഗോവിന്ദപുരം തുടങ്ങിയ സ്ഥലങ്ങളിൽ ക്വാറി ഉൽപ്പന്നങ്ങൾ കയറ്റിക്കൊണ്ടുള്ള

നൂറുകണക്കിന് ലോറികൾ ഈ ചെക്ക്പോസ്റ്റിലൂടെ കടന്നുവരികയാണ്. സത്യത്തിൽ ഇതൊക്കെ തമിഴ്നാട്ടിൽനിന്നാണ് വരുന്നത്. 35-40 ടൺ ഭാരം കയറ്റേണ്ട സ്ഥാനത്ത് 70-80 ടൺ ഭാരം കയറ്റിയാണ് ഈ വാഹനങ്ങൾ വരുന്നത്. എന്റെ വീട് നാഷണൽ ഹൈവെയുടെ അടുത്താണ്. ഞാൻ രാവിലെ നടക്കാൻ പോകുമ്പോൾ, അവിടെ കുട്ടികളെ ബസ് കയറ്റിവിടാൻ നിൽക്കുന്ന അമ്മമാർ പറയുന്നത് പോലീസ് ഈ ലോറികളൊക്കെ തടഞ്ഞുനിർത്തി പരിശോധിക്കുകയാണ്, അത് ഇവിടെനിന്ന് എവിടേയ്ക്കെങ്കിലും മാറ്റാൻ പറയണമെന്ന്. ഞാൻ അക്കാര്യം പോലീസിനോട് പറയുകയും അവർ അത് മാറ്റുകയും ചെയ്തു. പക്ഷെ, കേരളത്തിന്റെ എത്ര കോടി രൂപയാണ് അന്യസംസ്ഥാനങ്ങളിലേയ്ക്ക് ചോർന്നുപോകുന്നത്. ഇവിടെ പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്ത രീതിയിൽ പരമാവധി ക്വാറികൾ പ്രവർത്തിക്കാനുള്ള അനുവാദം കൊടുത്താലുള്ള ഒരു നേട്ടമെന്ന് പറയുന്നത് കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടും. രണ്ടാമത്തെ കാര്യം, തൊഴിൽപരമായി ഇവിടെ അനുകൂലമായ ഒരു അവസ്ഥയുണ്ടാകും. മൂന്നാമതായി കേരളത്തിന്റെ വികസനം സാധ്യമാകും. കടുംപിടുത്തം പറഞ്ഞ്, ആരുടെയെങ്കിലും വാദം കേട്ട്,

നിഷേധാത്മകമായ സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കുന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. അത് പ്രാവർത്തികമാക്കാൻ ശ്രമിക്കണം. വൈദ്യുതി വകുപ്പുമന്ത്രിയായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ പ്രദേശത്തേയ്ക്കുള്ള റോഡുകളിൽ ഒരു ലോറിതന്നെ അതിനുള്ളിൽപ്പെട്ടാൽപോലും അറിയാൻ കഴിയാത്ത രീതിയിലാണ് നിലവിൽ ആ റോഡുകളുടെയൊക്കെ സ്ഥിതി. പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം വരെ പോകേണ്ട അമിത ഭാരം കയറ്റി വരുന്ന ലോറികൾ അതിർത്തിയിലെ പാലക്കാട് ചെക്ക് പോസ്റ്റ് വഴിയാണ് വരുന്നത്. ഇത് നിയന്ത്രിച്ച് നമ്മുടെ ഭാഗത്തുനിന്ന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്താൽ അതിൽനിന്ന് ധാരാളം സമ്പത്ത് ലഭിക്കും.

പുഴകളിലും ഡാമുകളിലുംനിന്നുള്ള മണലും മണ്ണും ചളിയും നീക്കം ചെയ്യുക. ഭാരതപ്പുഴയിൽ ആയിരക്കണക്കിന് കോടി രൂപയുടെ മണൽ അടിഞ്ഞുകൂടിയിട്ടുണ്ട്. അത് അങ്ങനെ കിടന്നിട്ട് എന്താണ് കാര്യം? അത് കൊടുത്താൽ ലഭിക്കുന്ന തുകയിൽ 25 ശതമാനം റിവർ പ്രൊട്ടക്ഷനുവേണ്ടി ഉപയോഗിക്കാൻ സാധിക്കും. ബാക്കിയുള്ള ആയിരക്കണക്കിന് കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്യും. ഇപ്പോൾ പാലക്കാട് ജില്ലയിലെ

ചുള്ളിയാർ, വാളയാർ, മീങ്കര എന്നീ ഡാമുകളിൽനിന്നുമാണ് മണലെടുക്കുന്നത്. ഇങ്ങനെ എടുക്കുന്ന മണൽ മുഴുവൻ ഡാമിന്റെ പരിസരത്താണ് സ്റ്റോക്ക് ചെയ്തിട്ടുള്ളത്. കനത്ത മഴ പെയ്താൽ ഇതുമുഴുവനും തിരികെ ഡാമിലേയ്ക്കുതന്നെ ഒലിച്ചുപോകും. മണ്ണും മണലും ധാരാളം ആളുകൾക്ക് ആവശ്യമുണ്ട്. അത് വിറ്റഴിച്ചാൽ നൂറുകണക്കിന് കോടി രൂപ സർക്കാരിന് ലഭിക്കുകയും ചെയ്യും. അതുമാത്രമല്ല, അവശേഷിക്കുന്ന മറ്റു ഡാമുകളിൽനിന്നുകൂടി ഇത്തരത്തിൽ ചളിയും മണ്ണും മണലും നീക്കം ചെയ്താൽ ആയിരക്കണക്കിന് കോടി രൂപ ഖജാനവിലേയ്ക്ക് ലഭിക്കും. എന്തിനാണ് ആ തുക നഷ്ടപ്പെടുത്തുന്നത്; അതിന്റെ ഭാഗമായി നമുക്ക് ലഭിക്കുന്ന മറ്റൊരു ഗുണമെന്താണ്? പ്രളയകാലത്തും മറ്റുമൊക്കെ പല ഭാഗങ്ങളിൽനിന്നും മണ്ണ് ഒഴുകിവന്ന് ഡാമുകളിൽ അടിയുന്നതുകാരണം ഡാമുകളുടെ സംഭരണശേഷി കുറഞ്ഞുവരികയാണ്. ഈ ചെളിയും മണ്ണുമൊക്കെ നീക്കം ചെയ്താൽ അതിനനുസരിച്ച് ഡാമുകളിലെ ജലത്തിന്റെ അളവ് വർദ്ധിക്കുകയും അത് കുടിവെള്ളമടക്കമുള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കാനും സാധിക്കും. ഇപ്പോൾ വാളയാർ, മീങ്കര ഡാമുകളിൽനിന്നും നീക്കം ചെയ്ത മണ്ണ്, നല്ല മഴ പെയ്യുന്ന സാഹചര്യം വന്നാൽ

അത് വീണ്ടും ഡാമിലേയ്ക്കുതന്നെ ഒഴുകിയെത്തുന്ന അവസ്ഥയാണുള്ളത്. KEMDEL (Kerala State Mineral Development Corporation Limited) എന്ന സ്ഥാപനം ഒരു ക്ലാർക്കിന്റെയും ഒരു അസിസ്റ്റന്റിന്റെയും സേവനം ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. അവരുടെ സേവനം കൊണ്ടുമാത്രം മതിയാകില്ല. അടുത്ത സീസണിനുമുമ്പായി ഡാമുകളിൽ അടിഞ്ഞുകിടക്കുന്ന മണ്ണും മണലും നീക്കം ചെയ്യാൻ എന്താണ് ചെയ്യാൻ സാധിക്കുക എന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിച്ച് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഉദാഹരണത്തിന്, കമ്പാലത്തറ ഒരു ചെറിയ ഡാം ആണ്. ആ ഡാമിൽനിന്നും മണ്ണും മണലും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എഞ്ചിനീയർമാർ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 5 കോടി രൂപയുടെ ചെലവ് വരുമെന്നാണ് പറഞ്ഞത്. എന്നാൽ സർക്കാർ നേരിട്ട് മണ്ണും മണലും നീക്കം ചെയ്തപ്പോൾ 7 കോടി രൂപ സർക്കാരിന് ലഭിക്കുകയാണുണ്ടായത്. 5 കോടി രൂപ ചെലവ് വരുമെന്നുപറഞ്ഞ സ്ഥലത്ത് 7 കോടി രൂപ സർക്കാരിന് ലഭിക്കുന്ന അവസ്ഥയാണുണ്ടായത്. ഞാൻ പാലക്കാടിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയുന്നതാണ്. എനിക്ക് കേരളത്തിലെ ഡാമുകളുടെ

മൊത്തത്തിലുള്ള അനുഭവം പറയാൻ അറിയില്ല. ധാരാളം ഡാമുകൾ പാലക്കാട് ജില്ലയിലുണ്ട്. ആ ഡാമുകളിലെ മണ്ണും മണലും നീക്കം ചെയ്താൽത്തന്നെ കേരളത്തിലെ ഇന്നത്തെ ഈ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സാധിക്കും. അത് നീക്കം ചെയ്ത് ഉടൻ വിറ്റഴിച്ച് പണമാക്കാനുള്ള നടപടി സ്വീകരിച്ചാൽ ഈ പ്രതിസന്ധി പരിഹരിക്കാൻ കഴിയുമെന്ന് സൂചിപ്പിച്ചുകൊണ്ടും ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നതിനെ പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, 2024-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഈ ബില്ലുമായി ബന്ധപ്പെട്ട് പ്രതിപക്ഷം പരിഹാസ്യരീതിയിൽ ഇവിടെ നടത്തിയിട്ടുള്ള കാര്യങ്ങൾ ജനങ്ങളെ പൊട്ടന്മാരാക്കുകയാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അവർ ജയിച്ചിട്ടുള്ളത് എങ്ങനെയാണെന്ന് നമുക്കറിയാം. എല്ലാ തവണയും പറയുന്നതുപോലെ, ഇടതുപക്ഷത്തിന് പോരായ്മ പറ്റിയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുകയും ജനങ്ങളിലേയ്ക്ക് ഇറങ്ങി

ചെല്ലുകയും ചെയ്യുമെന്ന് ഞങ്ങൾ പറയുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യും. പക്ഷെ, പെട്ടെന്നുകിട്ടിയ ഈ വിജയത്തിന്റെ ഭാഗമായുള്ള ഈ അഹങ്കാരം അധികമൊന്നും നിലനിൽക്കില്ലെന്നാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. ഇവരുടെ മുതലക്കണ്ണീർ എന്തിനുവേണ്ടിയാണെന്നാണ് മനസ്സിലാകാത്തത്. ഞങ്ങളെ നന്നാക്കാൻ, നിങ്ങൾ വിചാരിക്കേണ്ട. കാരണം, നിങ്ങൾ എവിടെയാണ് കിടക്കുന്നത്? ചെളിക്കുണ്ടിൽ കിടക്കുന്ന തവളയെപ്പോലെയാണ് ഇപ്പോൾ നിങ്ങളുടെ അവസ്ഥ. ഇപ്പോൾ ജയിച്ചത് നിങ്ങൾ നോക്കേണ്ട. പ്രയാസപ്പെട്ട് കയറിവന്നത് അതുപോലെതന്നെ താണുപോകും. അതിൽ അധികമൊന്നും പറയാനില്ല.

2019-ലെ തിരഞ്ഞെടുപ്പിലും ഈ തിരഞ്ഞെടുപ്പിലും കേരളത്തിൽനിന്നും നിങ്ങൾക്ക് 18 എം.പി.-മാരുണ്ടായിരുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പ് സമയത്ത്, കേരളത്തിനോട് കേന്ദ്ര സർക്കാർ കാണിക്കുന്ന സാമ്പത്തിക പ്രതിരോധത്തിനെതിരെ ഏതെങ്കിലുമൊരു പാർലമെന്റ് യോഗത്തിൽ ഒരക്ഷരം ഉന്നയിക്കാൻ കഴിയാത്തവരാണ് യു.ഡി.എഫ്.-ന്റെ എം.പി.-മാരെന്നുള്ളത് നമുക്കറിയാം. പിന്നെന്തിനാണ് ഈ മുതലക്കണ്ണീർ ഒഴുക്കുന്നത്? പെൻഷന്റെ

കാര്യമുൾപ്പെടെ ഓരോ കാര്യങ്ങൾ പറയുമ്പോഴും ഇവർക്കുതന്നെ അറിയാഞ്ഞിട്ടല്ല, കേന്ദ്ര സർക്കാർ സാമ്പത്തികമായി കേരളത്തെ വരിഞ്ഞുമുറുക്കുന്ന കാര്യം അവർ ചിന്തിക്കാതെ, ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻവേണ്ടി മുതലക്കണ്ണീർ ഒഴുക്കുന്ന സ്ഥിതിയാണുള്ളത്. ഇവിടെ നമുക്കെല്ലാം അറിയാവുന്നതുപോലെ, ഒന്നാം പിണറായി സർക്കാർ സർവ്വാത്മകമായ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. അത് വികസനത്തിന്റെയോ ക്ഷേമപ്രവർത്തനങ്ങളുടെയോ കാര്യത്തിലാണെങ്കിലും ഒരു വിട്ടുവീഴ്ചയുമില്ലാത്ത നിലപാടാണ് ഒന്നാം പിണറായി സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ഇപ്പോൾ എന്താണ് സംഭവിച്ചിട്ടുള്ളതെന്ന് അറിയാം. 2022-23-ൽ രാജ്യത്തിന്റെ വളർച്ചാനിരക്ക് 6.84 ശതമാനമാണ്. ആ സമയത്തും ഇപ്പോഴും സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് 12.13 ശതമാനമാണ്. നല്ല വളർച്ചയാണ് ഇപ്പോഴുള്ളത്. 2020-21-ൽ കേരളത്തിന്റെ തനതുവരുമാനം 47,661 കോടി രൂപയായിരുന്നു. എന്നാൽ ഇപ്പോഴത് 74,258 കോടി രൂപയായി വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് വെറുതെ പറഞ്ഞതല്ല, ചരിത്രത്തിലെതന്നെ ഏറ്റവും വലിയ വർദ്ധനവാണിത്. ഇത് കൃത്യമായ

സാമ്പത്തിക മാനേജ്മെന്റിലൂടെ സംസ്ഥാനം നേടിയെടുത്തിട്ടുള്ളതാണ്. ഇത് കേൾക്കുമ്പോൾ അവർ സർക്കാരിനെ പരിഹസിക്കുകയാണ്. ഇത് ഞങ്ങൾ പറയുന്ന റിപ്പോർട്ടല്ല. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തനതുവരുമാനത്തിൽ ഇതിന്റെ മൂന്നിലൊന്ന് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന സത്യം നാം ഓർക്കണം. കൂടാതെ, റവന്യൂകമ്മി കുറയുന്നുവെന്ന യാഥാർത്ഥ്യം ഞങ്ങൾ പറയുന്നതല്ല, ആർ.ബി.ഐ., ഫിറ്റ്ച്ച്, സി.&എ.ജി. എന്നിവയിൽനിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകളിൽ വ്യക്തമാക്കുന്ന കാര്യമാണ്. വിജയത്തിനുവേണ്ടി ഞങ്ങൾ പറയുന്ന കാര്യങ്ങളല്ല. ഇത്രയൊക്കെയായിട്ടും എന്തുകൊണ്ടാണ് സംസ്ഥാനത്ത് വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതെന്നുള്ളത് പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. സർക്കാരിന്റെ കെടുകാര്യസ്ഥതയാണെന്നാണ് ഇപ്പോഴും അവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. നേരത്തെ കേരളത്തിന് ലഭിച്ചിരുന്ന കേന്ദ്രവിഹിതം സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 46 ശതമാനമായിരുന്നു. 2023-ൽ കേന്ദ്ര സർക്കാർ അത് 35 ശതമാനമായി കുറയ്ക്കുകയും 2024-ൽ വീണ്ടും അത് 29 ശതമാനമായി വെട്ടിക്കുറയ്ക്കുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. സംസ്ഥാനത്തിന് അർഹതപ്പെട്ട

വിഹിതം ഒരു പരിധിവരെയെങ്കിലും കിട്ടിയിരുന്നെങ്കിൽ ഒരു മേഖലയിലും ഒരു രൂപപോലും കുടിശ്ശികയില്ലാതെ ഈ സർക്കാരിന് മുന്നോട്ടുപോകാൻ കഴിയുമായിരുന്നു. ഇത്രയും സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും ഇന്ത്യയിൽ ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്. അതിൽ ആർക്കെങ്കിലും എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടോ? കേരളത്തിലെ അതിദരിദ്രരുടെ കണക്ക് പരിശോധിച്ചാൽ 0.44 ശതമാനം മാത്രമാണ്. അതും തുടച്ചുമാറ്റാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ ഏതെങ്കിലും സംസ്ഥാനം കേരളം നടപ്പാക്കുന്നതുപോലെയുള്ള ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ? 64 ലക്ഷം പേർക്കാണ് 1,600 രൂപവീതം പെൻഷൻ നൽകുന്നത്. യു.ഡി.എഫ്. ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്ത് ഇങ്ങനെ നൽകുന്നുണ്ടോ? അതുപോലെ 5 ലക്ഷത്തിലധികം കുടുംബങ്ങൾക്കാണ് കയറി കിടക്കാനുള്ള ഒരിടം നൽകിയിട്ടുള്ളത്. കേരളത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം കൊണ്ടുവന്നത് ഞങ്ങളാണ്. അന്ന് രാജീവ് ഗാന്ധിയായിരുന്നു രാജ്യത്തിന്റെ പ്രധാനമന്ത്രി. അവർ സ്വപ്നം കണ്ടിട്ടുള്ള പദ്ധതിയായിരുന്നു എന്നൊക്കെയാണ് പറയുന്നത്. സ്വപ്നം

കണ്ടതുകൊണ്ട് പ്രാവർത്തികമാകണമെന്നില്ല. 1995-96 കാലയളവിൽ കേരളത്തിൽ ഈ പദ്ധതി പ്രാവർത്തികമാക്കി കാണിച്ചുകൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ആശയമായിരുന്നു അത്. താഴെത്തട്ടിൽ ഒരു രൂപ ചെലവാക്കുമ്പോൾ ആ ഒരു രൂപയും താഴെത്തട്ടിലേയ്ക്ക് എത്തണമെന്നുള്ളതായിരുന്നു ആ ആശയം. അതുപോലെതന്നെ ഉദ്യോഗസ്ഥ ഭരണത്തിൽനിന്നും മാറി ജനകീയാസൂത്രണ പ്രസ്ഥാനത്തിൽക്കൂടി ജനകീയമായി ഈ പദ്ധതി കൊണ്ടുവന്നു. ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ആദ്യത്തെ ഗ്രാമസഭ നടന്നപ്പോൾ ഇന്നത്തെപ്പോലെ അന്നും ഇവർ സർക്കാരിനെ പരിഹസിച്ചതാണ്. നാട്ടുകാരെ മുഴുവനും വിളിച്ചുകൂട്ടി അവരുടെ അപേക്ഷകളെല്ലാം വാങ്ങി ചവറ്റുകൊട്ടയിൽ ഇടുകയാണെന്നാണ് അവർ അന്ന് പറഞ്ഞിട്ടുള്ളത്. അങ്ങനെ പരിഹസിച്ചവരാണ് ഇന്ന് പ്രതിപക്ഷത്തിരിക്കുന്നത്. എന്നിട്ടാണ് അന്ന് രാജീവ് ഗാന്ധി സ്വപ്നം കണ്ട പദ്ധതിയാണ് ഇതെന്നുപറയുന്നത്. മഹത്തായ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ഫണ്ട് വിനിയോഗം എങ്ങനെയാണ് താഴേക്കിടയിലേയ്ക്ക് എത്തുകയെന്നും ഏത് രീതിയിലാണ്

വികസന പ്രവർത്തനം ജനകീയമായി നടപ്പിലാക്കുകയെന്നും ജനങ്ങൾക്ക് കാണിച്ചുകൊടുത്തപ്പോൾ, ഉമ്മൻചാണ്ടി സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ അതെല്ലാം മാറ്റി. അതിന്റെ പേരുതന്നെ മാറ്റി. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ അലകും കോലും മാറ്റി അത് വെറുമൊരു ഫലകമാക്കി നിൽക്കുന്ന സ്ഥിതിയായിരുന്നു. ഇ.എം.എസ്. ഭവന പദ്ധതി അതിലൂടെ കൊണ്ടുവന്നിട്ടുള്ളതാണ്. പാവപ്പെട്ട ജനവിഭാഗങ്ങൾ കടത്തിണ്ണയിൽ കിടക്കാൻ പാടില്ല എന്നുള്ളതുകൊണ്ടായിരുന്നു ഇ.എം.എസ്. ഭവന പദ്ധതി കൊണ്ടുവന്നത്. അന്നത്തെ പഞ്ചായത്ത് വകുപ്പുമന്ത്രി ഈ സഭയിലുണ്ട്. ഞാനടക്കം പങ്കെടുത്ത ഒരു മീറ്റിംഗിൽവച്ചാണ് അന്നത്തെ പഞ്ചായത്ത് വകുപ്പുമന്ത്രി അടക്കമുള്ള ആളുകൾ, ഇനിമുതൽ പാവപ്പെട്ട ജനങ്ങൾക്ക് കിടക്കാനുള്ള ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി കൊണ്ടുവന്ന ഇ.എം.എസ്. ഭവന പദ്ധതി വേണ്ടായെന്ന് പറഞ്ഞത്. എന്നാൽ അതിനുപകരം പദ്ധതി കാണിച്ചുതരണമെന്ന് പറഞ്ഞപ്പോൾ, നമുക്ക് ഇന്ദിരാ ആവാസ് യോജന എന്ന പദ്ധതിക്ക് കേന്ദ്രത്തിൽനിന്നും വരുന്ന ഫണ്ടുണ്ട്, അതുമതി എന്നാണ്. അല്ലാതെ ഇതിനി കൊടുക്കാൻ കഴിയില്ലെന്ന്

പറഞ്ഞുകൊണ്ട് നാല് വിഭാഗമായി തിരിച്ച് അന്നത്തെ ഗ്രാമവികസന വകുപ്പുമന്ത്രി ഞങ്ങളുടെ ചോദ്യത്തിനുമുന്നിൽ പതറി ആ സഭയിൽനിന്നും ഇറങ്ങിപ്പോയിട്ടുള്ള സ്ഥിതി അന്നത്തെ ജനപ്രതിനിധികളായ ഞങ്ങൾക്കെല്ലാം ഓർമ്മയുണ്ട്. എന്നിട്ടാണ് ഇത് ഞങ്ങൾ കൊണ്ടുവന്നിട്ടുള്ള സാധനമായിരുന്നു, കപടമായിരുന്നു എന്നെല്ലാം ഇവിടെയിരുന്ന് പറയുന്നത്. ഈ രീതിയിലാണ് എല്ലാ കാലങ്ങളിലും ഇവർ വികസനത്തെ എതിർത്തുപോരുന്നത്. ഇത്രയും സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും കേരളത്തിൽ നടക്കുന്ന ഓരോ കാര്യങ്ങളും നോക്കൂ. ഇതിന്റെ ഭാഗമായി കേരളത്തിന് ഫണ്ട് കിട്ടാത്തതിന്റെ ഭാഗമായിട്ടാണെന്ന് ഇവർ ഓർക്കുന്നില്ല. കടമെടുപ്പിൽ കേരളം വലിയ രീതിയിൽ കടക്കാരാകുകയാണെന്നാണ് ഇപ്പോഴും പറയുന്നത്. അത് ഓരോ മനുഷ്യന്റെയും ആളോഹരി വിഹിതം പറഞ്ഞുകൊണ്ട് ജനങ്ങളെ പറ്റിക്കുകയാണ്. ഇത് സത്യമല്ല. ഇത് ഞങ്ങൾ പറയുന്നതല്ലല്ലോ; 2024-ലെ ആർ.ബി.ഐ. ബുള്ളറ്റിനിലുള്ളത് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ 2023-24-ൽ കടമെടുപ്പിൽ 14-ാം സ്ഥാനത്താണ് കേരളം എന്നാണ് പറയുന്നത്. ഇത് ഞങ്ങൾ പറയുന്നതല്ല. ഇത് രേഖയിലുള്ളതാണ്. പഞ്ചാബും കർണ്ണാടകയും

ഗുജറാത്തും ഹരിയാനയുമെല്ലാം കടമെടുപ്പിൽ കേരളത്തിനേക്കാളേറെ മുന്നിലാണെന്ന സത്യം ഇവർ ജനങ്ങളിൽനിന്നും മറച്ചുപിടിക്കുകയാണ്. കടമെടുപ്പിന്റെ കാര്യത്തിൽ ഇടതുപക്ഷത്തിനെതിരെ വലിയ കാമ്പയിൻ നടത്തിക്കൊണ്ട് പോകുകയാണ്. ഇങ്ങനെയുള്ള ഓരോ സത്യങ്ങളും വിളിച്ചുപറയുകയാണ്. ഞങ്ങൾ ഇപ്പോൾ ചെയ്യുന്നതും അന്ന് ചെയ്തിട്ടുള്ളതും ഇതാണ്. പക്ഷേ, ഇവരുടെ കാമ്പയിനിന്റെ ഭാഗമായി അത് മറഞ്ഞുപോയി എന്നുള്ളതേയുള്ളൂ. ഇതുപോലെയാണ് ഓരോ കാര്യങ്ങളും ഞങ്ങളെ കളിയാക്കിക്കൊണ്ട് ഇവരിപ്പോൾ പറയുന്നത്. കടമെടുപ്പ് പരിധിപോലും വെട്ടിക്കുറച്ച് സംസ്ഥാനങ്ങളോട് കൊടിയ ദ്രോഹം ചെയ്യുന്ന കേന്ദ്രത്തെ നിങ്ങൾ കാണുന്നില്ല എന്നുള്ളതാണ് ഞങ്ങൾക്ക് പറയാനുള്ളത്. അപ്പോൾ ഇടതിനെ ഇല്ലാതാക്കുക എന്നുള്ളതാണ് നിങ്ങളുടെ ലക്ഷ്യം. ഇടതിനെ ഇല്ലാതാക്കുക എന്നുപറഞ്ഞാൽ 'ഇടതില്ലെങ്കിൽ ഇന്ത്യയില്ല' . ഞങ്ങളുടെ മുദ്രാവാക്യം തന്നെയായിരുന്നു അത്. അതിന് ഇന്നും ഒരു പോറൽപോലും വന്നിട്ടില്ല. ഇന്ത്യാ രാജ്യത്ത് ഇടതുപക്ഷം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഏറെയാണ്. ഇന്ത്യാ രാജ്യത്തിന്റെ രാഷ്ട്രീയം നന്നായി മനസ്സിലാക്കുന്ന രാഷ്ട്രീയ

നിരീക്ഷകർക്ക് അറിയാം, എന്താണ് ഇന്ത്യയിൽ ഇടതുപക്ഷം ചെയ്തിട്ടുള്ളതെന്ന്.

ഇന്നുകാണുന്ന എല്ലാ സ്വാതന്ത്ര്യത്തോടെയും ജീവിക്കാൻ ഇടതുപക്ഷം വഹിച്ച പങ്ക്, ഓരോ മനുഷ്യനും പുഴുക്കളെപ്പോലെ ഓരോ ഭാഗങ്ങളിലായി നിന്നിട്ടുള്ള ഒരുകാലം, സ്വാതന്ത്ര്യമില്ലാത്തൊരു കാലമായിരുന്നു. ഏറ്റവും അടിസ്ഥാന വർഗ്ഗത്തിനുപോലും വഴിനടക്കാൻ അവകാശമില്ലാത്ത കാലത്ത് അന്നുമുതൽ നടത്തിയിട്ടുള്ള പോരാട്ടം ചെറുതല്ല കേരളത്തിലുള്ളത്. ആ രീതിയിലേയ്ക്കാണ് കേരളം ഉയർന്നുവന്നിട്ടുള്ളത്. ഇതിലെല്ലാം ഇടതുപക്ഷത്തിന്റെ വലിയ പങ്കാണുള്ളത്. ഇന്ന് ന്യൂനപക്ഷത്തിനെതിരായി നടത്തുന്ന കാര്യങ്ങൾ. ഇന്ന് ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴുണ്ടായിട്ടുള്ള ഓരോ കാര്യങ്ങളും നമുക്ക് പരിശോധിച്ചാൽ അറിയാം. അതിനെയെല്ലാം തടയിടാൻ നിന്നിട്ടുള്ളത് ഇടതുപക്ഷമാണ്. അന്ന് യു.ഡി.എഫ്.-ന്റെ ആളുകളല്ല വന്നിട്ടുള്ളത്. ഇടതിനെ ഇല്ലാതാക്കുക എന്നുപറഞ്ഞാൽ ഇടതിനെ ഭയപ്പെടുന്നവരാണ് ബി.ജെ.പി.-ക്കാർ. അവരോടൊപ്പം നിൽക്കുകയാണ്. അവരോടൊപ്പം യു.ഡി.എഫ്. നിൽക്കുന്ന

എന്നുള്ളതാണ് സത്യം. ജനക്ഷേമമോ നാടിന്റെ വികസനമോ ഒന്നുമല്ല ഇവരുടെ ലക്ഷ്യമെന്ന് നമുക്കറിയാം. ഇവരുടെ ലക്ഷ്യം അധികാരമാണ്. ഇപ്പോൾ ശ്രീ. നജീബ് കാന്തപുരം പറഞ്ഞല്ലോ, അധികാരമാണ് നിങ്ങൾക്ക് എന്നുള്ളത്. അധികാരത്തിന്റെ മത്ത് പിടിച്ചുകൊണ്ടിരിക്കുന്നവരാണ് നിങ്ങൾ എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഓരോ കാര്യത്തിലും അധികാരത്തിന്റെ മത്താണ് നിങ്ങൾക്കുള്ളത്. ആ അധികാരം വീണ്ടെടുക്കാൻ, അധികാരം ലഭിക്കാൻവേണ്ടി എന്ത് കള്ള പ്രചരണവും ജനങ്ങളിൽ നടത്തുക എന്നതാണ് നിങ്ങളുടെ ഉദ്ദേശ്യം എന്നുള്ളതാണ് സത്യം. ഏതുരീതിയിലുള്ള കള്ള പ്രചരണവും നടത്താം. അതിന് യൂത്ത് കോൺഗ്രസും മൂത്ത കോൺഗ്രസും യൂത്ത് ലീഗും മൂത്ത ലീഗും എല്ലാം കണക്കാണ്. അക്കാര്യത്തിൽ എല്ലാവരും ഒരുപോലെതന്നെയാണ്. അധികാരം മാത്രമാണ് ഇവരുടെ ലക്ഷ്യം. ഞങ്ങൾ ഡൽഹിയിൽ സമരത്തിനുപോയത് എന്തിനുവേണ്ടിയാണ്? കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന ഈ ദ്രോഹത്തിന് എതിരായിരുന്നു, സാമ്പത്തിക പ്രതിരോധത്തിന് എതിരായിരുന്നു. കേരളത്തിന് ലഭിക്കേണ്ട വിഹിതം ലഭിക്കാൻവേണ്ടിയുള്ള സമരമായിരുന്നു ഞങ്ങൾ ഡൽഹിയിൽ നടത്തിയത്.

ആ സമരത്തിന് നിങ്ങൾ പങ്കെടുത്തോ; അന്ന് നിങ്ങൾക്ക് വരുന്നതിന് എന്തായിരുന്നു പ്രശ്നം; നല്ല മനസ്സോടെയാണെങ്കിൽ എന്തുകൊണ്ട് നിങ്ങൾക്ക് ഞങ്ങൾ നടത്തിയ സമരത്തിൽ പങ്കെടുത്തുകൂടാ? നമുക്കൊന്നിച്ച് നടത്തേണ്ടതല്ലായിരുന്നോ അത്; അന്ന് മുഖ്യമന്ത്രിയും മന്ത്രിമാരും എം.എൽ.എ.-മാരും കക്ഷിനേതാക്കളടക്കം അന്ന് ഡൽഹിയിൽ പോയപ്പോൾ നിങ്ങൾ സമരത്തിന് വന്നില്ല. ഞങ്ങൾക്ക് ഈ സമരത്തിൽ പങ്കെടുക്കാൻ പറ്റില്ല. ഇങ്ങനെയായിരുന്നു ഓരോ സമരത്തിലും നിങ്ങൾ കാണിച്ചിട്ടുള്ളത്. അപ്പോൾ നിങ്ങൾ എന്ത് മുതലക്കണ്ണീരാണ് ഒഴുക്കുന്നതെന്നാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്. ആർക്കുവേണ്ടിയാണ് ഈ കരച്ചിൽ എന്നുള്ളതാണ്. ഈ രീതിയിലുള്ള കാര്യങ്ങൾ പറയുമ്പോഴും, ഇവിടെനിന്ന് വായ്തോരാതെ ഇടതുപക്ഷത്തെ തകർക്കുക എന്ന ഒറ്റ ചിന്താഗതിയോടെ മുന്നോട്ടുപോകുന്നവരാണ് നിങ്ങൾ.

എനിക്ക് ഒരുകാര്യംകൂടി പറയാനുള്ളത്, ഭരണഘടനയ്ക്ക് പകരമായി മനുസ്മൃതി വേണമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. ഞങ്ങൾ ഇൻഡ്യാ മുന്നണിയെ ചെറുതായി കാണുന്നില്ല. അത് ആ രീതിയിൽത്തന്നെ

അതിന്റേതായ അർത്ഥത്തിൽ ഞങ്ങൾ കാണുന്നു. അത് ശോഷിച്ചതാണെങ്കിൽപ്പോലും പ്രതിപക്ഷത്ത് ഇന്ന് ഇരിക്കുന്നുണ്ടല്ലോ; ഇവിടെയാണ് എതിർക്കേണ്ടത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്... സമയം പാലിക്കണം.

ശ്രീമതി കാനത്തിൽ ജമീല: സർ, കഴിഞ്ഞ ദിവസം ഡൽഹിയിൽ നടന്നൊരു കാര്യത്തെക്കുറിച്ച് നമ്മളെല്ലാവരും വായിച്ചിട്ടുണ്ട്. ബി.ജെ.പി. ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നപ്പോൾ സ്ത്രീകൾക്കെതിരായി നടത്തിയ ഒരു കാര്യമാണ്. അതിനെക്കുറിച്ച് പറയാൻ അനുവദിക്കണം. കൽക്കത്തയിൽ നടന്ന ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഒരു സമ്മേളനത്തിൽ അവിടെ മൈക്കിലൂടെ പറയുകയാണ്, സ്ത്രീകൾ നിൽക്കുന്നുണ്ടെങ്കിൽ അവർ അഞ്ചടി പിന്നോട്ട്, അഞ്ചുവരി പിന്നിൽ നിൽക്കണം എന്നുള്ളതാണ് പറഞ്ഞിട്ടുള്ളത്. ബി.ജെ.പി. ഗവൺമെന്റ് ഇപ്പോഴേ മനുസ്മൃതി നടപ്പിലാക്കാൻ തുടങ്ങി. നേരത്തെ നടപ്പിലാക്കിയതിന്റെ ബാക്കി നടത്തുകയാണ്. ഇവിടെ ഇൻഡ്യാ മുന്നണി ഇന്ന് പ്രതിപക്ഷത്തിരിക്കുമ്പോൾ സ്ത്രീകൾക്ക് ഈ രീതിയിലുള്ള അവഗണന വരുമ്പോൾ അവിടെ എതിർക്കാൻ ഇൻഡ്യാ

മുന്നണിക്ക് കഴിയുമെന്നുള്ളതുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്.

ചീഫ്‌വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ പിന്താങ്ങുകയാണ്. ഇന്നലത്തെ ദിവസത്തിന്റെ പ്രത്യേകത, ഇന്ത്യയിൽ ജി.എസ്.ടി. നടപ്പിലാക്കിയിട്ട് 7 വർഷം തികയുകയാണ്. ജി.എസ്.ടി. നടപ്പിലാക്കി ഒരുപാട് നടപടിക്രമങ്ങളും സങ്കീർണ്ണതകളുമെല്ലാമുണ്ടായിട്ടും, ധനകാര്യ വകുപ്പുമന്ത്രി ഇവിടെയില്ലെങ്കിൽപ്പോലും, ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ പഴി കേട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് ശ്രീ. കെ. എൻ. ബാലഗോപാൽ എന്നകാര്യത്തിൽ സംശയമില്ല. പക്ഷേ, അദ്ദേഹം അതിൽ മാറ്റങ്ങളുണ്ടാക്കാൻവേണ്ടി നിരന്തരമായ പരിശ്രമം നടത്തിയെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ കഴിഞ്ഞ ഞായറാഴ്ച നടന്ന 53-ാം ജി.എസ്.ടി. കൗൺസിൽ എടുത്ത തീരുമാനങ്ങളുണ്ട്. ദീർഘകാലമായി ജി.എസ്.ടി. രംഗത്ത് നിലനിന്നിരുന്ന ധാരാളം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള ക്രിയാത്മകമായ ഇടപെടലായിരുന്നു എന്നുള്ള

കാര്യത്തിൽ സംശയമില്ല. ആംനസ്റ്റി സ്കീമിന്റെ പിഴവുകൾ ലഘൂകരിക്കൽ, അപ്പീൽ നടപടികൾ കാര്യക്ഷമമാക്കൽ തുടങ്ങി നിരവധി ആശ്വാസ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. കേരളം ദീർഘകാലമായി ആവശ്യപ്പെടുന്ന ഐ.ജി.എസ്.ടി. വിഹിതം വീതംവയ്ക്കലുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുക എന്ന ആവശ്യത്തിലും അനുകൂലമായ നിലപാട്, ഓൺലൈൻ ഡിജിറ്റൽ വ്യാപാര രംഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, നികുതി ചോർച്ച തടയുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ, ഇങ്ങനെയുള്ള വിഷയങ്ങളിൽ വളരെ ഗൗരവമായ ഇടപെടലുണ്ടായി എന്നുള്ള കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തിന്റെ അഭാവത്തിലാണെങ്കിലും അദ്ദേഹത്തിന്റെ ഇടപെടലുകളെ ഞാൻ വളരെ ആത്മാർത്ഥമായിത്തന്നെ അഭിനന്ദിക്കുകയാണ്. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് ഇനിയും ധാരാളം ആശങ്കകൾ നിലനിൽക്കുന്നുണ്ട്. ഇപ്പോൾത്തന്നെ പലപ്പോഴും ഈ ജി.എസ്.ടി. നിയമമുണ്ടാക്കിയതുതന്നെ വൻകിട കച്ചവടക്കാരെ മുന്നിൽ കണ്ടുകൊണ്ടാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ നാട്ടിലെ ചെറുകിട കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം അവന്റെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റുമായി

ബന്ധപ്പെട്ട അപാകതകൾ ഇപ്പോഴും പരിഹരിക്കാതെ നിൽക്കുകയാണ്. പലപ്പോഴും വൻകിട കച്ചവടക്കാരൻ ടാക്സ് അടച്ചോ ഇല്ലയോ എന്നുള്ളത് അറിയാനുള്ള സംവിധാനം യഥാർത്ഥത്തിൽ ജി.എസ്.ടി.-ക്ക് ഉണ്ടെങ്കിൽപ്പോലും അത് വാങ്ങുന്ന കച്ചവടക്കാരനെ സംബന്ധിച്ചിടത്തോളം അത് ഇല്ലെന്നുള്ളത് പ്രധാനപ്പെട്ട ഒന്നാണ്. അതുകൊണ്ടുതന്നെ അവന്റെ ഇൻപുട്ട് ടാക്സ് കൃത്യമായി ലഭിക്കാതിരിക്കുന്ന സാഹചര്യം പലപ്പോഴുമുണ്ടാകുന്നു. അതുപോലെതന്നെയാണ് സർവ്വീസ് മേഖല. നമ്മുടെ ടാക്സബിൾ നെറ്റിന്റെ വിസ്തൃതി കുറേക്കൂടി വർദ്ധിപ്പിക്കേണ്ട കാര്യമാണ്. സർവ്വീസ് മേഖല ഒരുപാട് ഇനിയും ഇതിന്റെ പുറത്ത് കിടപ്പുണ്ട്. ഇക്കാര്യത്തിൽ ആശാവഹമായ കുറേ തീരുമാനങ്ങൾ ഈ ഗവൺമെന്റിന്റെ കാലത്ത് എടുത്തുവെന്നുള്ള കാര്യം എടുത്തുപറയാതിരിക്കാൻ കഴിയില്ല.

ഇവിടെ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾകൂടി ചൂണ്ടിക്കാണിക്കുകയാണ്. ഒന്ന്, കുടുംബ കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. കുടുംബ കോടതിയിൽ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിലെ 138-ാം വകുപ്പുപ്രകാരം, ക്രിമിനൽ കോടതിയിൽ ചെക്ക് കേസ് കൊടുക്കുമ്പോൾ

കോർട്ട് ഫീ സ്റ്റാമ്പ് 10 രൂപ മാത്രമാണ് നേരത്തെയുണ്ടായിരുന്നത്. ഇപ്പോഴത് ചെക്കിന്റെ 5 ശതമാനമായി വർദ്ധിപ്പിച്ചു. ഈ 5 ശതമാനമെന്ന് പറയുന്നത് നമ്മുടെ നാട്ടിലെ സാധാരണക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന, ആശങ്ക പങ്കുവയ്ക്കുന്ന വിഷയമാണ്. കുടുംബകോടതിയെ സമീപിക്കുന്നവർ ധാരാളം പരാധീനതകളുടെയും പ്രശ്നങ്ങളുടെയും സങ്കീർണ്ണതകളുടെയും ഇടയിൽനിന്നും കടന്നുവരുന്നവരാണെന്ന് നമുക്കറിയാം. അക്കാര്യത്തിൽ അവരോട് കാണിക്കുന്ന നല്ല സമീപനം, തീർച്ചയായും അവരുടെ മാനസികമായ ബുദ്ധിമുട്ടുകൾക്കിടയിൽ കൂടുതൽ സാമ്പത്തികമായ ദുരിതങ്ങളിലേയ്ക്ക് അവരെ എത്തിക്കാതിരിക്കുക എന്നുള്ളത് ശ്രദ്ധിക്കേണ്ട കാര്യമാണ്. അതോടൊപ്പം ഈ ആക്ടിനകത്ത് പറയുന്ന പ്രധാനപ്പെട്ടൊരു വിഷയം ഞാൻ കണ്ടെത്തിയത്, ഏതെങ്കിലും തരത്തിൽ കേസുമായി ബന്ധപ്പെട്ട് വാദി മരണപ്പെട്ടാൽ ഇത് ആർക്ക് തിരികെ കിട്ടുമെന്ന കാര്യത്തിൽ ഒരു ഉറപ്പ് കൃത്യമായി പറയുന്നില്ല. അക്കാര്യത്തിൽ ഒരു പരിഹാരമുണ്ടാകണം. അതോടൊപ്പം കുടുംബകോടതിയുമായി ബന്ധപ്പെട്ട തർക്കങ്ങളിലും ഈ പറയുന്നതുപോലെ സാധാരണക്കാരന്റെ കുടുംബ ജീവിതവുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങളും

സങ്കീർണ്ണതകളും നിലനിൽക്കുമ്പോൾ അക്കാര്യത്തിലും അവർക്ക് കുറേക്കൂടി അനുകൂലമായ നിലപാട് സ്വീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. വാടകചീട്ടിനെ സംബന്ധിച്ച് ഈ ബില്ലിൽ പറഞ്ഞിട്ടില്ലെങ്കിൽപ്പോലും ഇവിടെ സൂചിപ്പിക്കുകയാണ്, കേരളത്തിൽ നിലവിൽ ഇതിനായി 500 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ ഒപ്പിടുന്നുവെന്നല്ലാതെ വാടകചീട്ട് പിന്നീട് ആരും പുതുക്കാറില്ല. വാടക ചീട്ടിന്റെ രജിസ്ട്രേഷൻ നിർബന്ധമാക്കുകയും നിശ്ചിത കാലയളവിൽ പുതുക്കണമെന്ന നിബന്ധന വയ്ക്കുകയും ചെയ്യുന്നത് തീർച്ചയായും ഗുണകരമാകുമെന്ന് തോന്നുന്നു. കേരളത്തിന്റെ പരിസ്ഥിതിയെ മുഴുവൻ നശിപ്പിക്കുന്ന ഒരു വിഷയംകൂടി സൂചിപ്പിക്കാനുണ്ട്. ഒരുപക്ഷെ എല്ലാവരും ഇതിനെ അനുകൂലിക്കാൻ സാധ്യതയില്ലെങ്കിലും പറയുകയാണ്, കേരളം ഒരറ്റം മുതൽ മറ്റേയറ്റം വരെ ടൈലിട്ട് നികത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെനിന്നും റോഡിലേക്കിറങ്ങിയാൽ പാതയോരമുൾപ്പെടെ നാം കാണുന്നത് അങ്ങനെയാണ്. വെള്ളം താഴാതെ ടൈലിട്ട് ഭംഗിയാക്കി കുടിവെള്ളം നശിപ്പിക്കുന്ന പ്രവണതയാണ് ഇവിടെ കണ്ടുവരുന്നത്, ഇതിനെതിരെ ഒരു എൻവയോൺമെന്റൽ ടാക്സ് നടപ്പാക്കണമെന്ന കാര്യംകൂടി

സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. സ്വർണ്ണ വ്യാപാരം കേരളത്തിൽ വ്യാപകമാകുമ്പോഴും സ്വർണ്ണത്തിന്റെ നികുതി പൂർണ്ണമായും ലഭിക്കുന്നില്ല. സംസ്ഥാനങ്ങൾക്ക് ആവശ്യമെങ്കിൽ ഇ-വേ ബിൽ തയ്യാറാക്കാമെന്ന് ജി.എസ്.ടി. കൗൺസിലിൽ പറഞ്ഞെങ്കിലും കാര്യക്ഷമമായ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഇ-വേ ബിൽ പ്രാവർത്തികമാക്കി സ്വർണ്ണ വ്യാപാര രംഗത്തുനിന്ന് സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കാനുള്ള മാർഗ്ഗങ്ങൾ തേടണമെന്നുകൂടി സൂചിപ്പിക്കുകയാണ്.

ചെയർപേഴ്സൺ: യെസ്... പ്ലീസ് കൺക്ലൂഡ്...

ഡോ. എൻ. ജയരാജ്: സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കേരളത്തിൽ ധനകാര്യ ബിൽ ആദ്യമായി സമഗ്ര രൂപത്തിൽ കടന്നുവരുന്നത് 1983 ജൂൺ 22-ാം തീയതിയാണ്. അത് അവതരിപ്പിച്ച ആദരണീയനായ കെ. എം. മാണി സാറിനെ ഇത്തരുണത്തിൽ ഓർത്തുക്കൊണ്ട് ഈ ധനകാര്യ ബില്ലിനെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, 2024-ലെ കേരള ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ജനജീവിതം ദുസ്സഹമാക്കിയ ഇടതുപക്ഷ സർക്കാരിന്റെ ജനദ്രോഹ ഗവേഷണ പദ്ധതികളാണ് ഓരോ ബില്ലുകളായി പുറത്തുവന്നുകൊണ്ടിരിക്കുന്നത്. 2024-ലെ കേരള ധനകാര്യ ബില്ലിൽ പുതിയ നികുതി നിർദ്ദേശങ്ങൾ വന്നിരിക്കുകയാണ്. ഏറ്റവും പാവപ്പെട്ട ജനവിഭാഗത്തെ ബാധിക്കുന്ന, വളരെ തലതിരിഞ്ഞ, ഭരണഘടനാവിരുദ്ധമായിട്ടുള്ള നിയമനിർമ്മാണമാണ് സർക്കാർ മുൻകൈയെടുത്ത് കൊണ്ടുവരുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 21, Protection of Life and Personal Liberty-യെക്കുറിച്ചാണ്. Right to life, ജീവിക്കാനുള്ള അവകാശം സംരക്ഷിക്കേണ്ട സർക്കാർ, നീതിന്യായ വ്യവസ്ഥയും തുല്യതയും ഉറപ്പുവരുത്തേണ്ട സർക്കാർ, പ്രസ്തുത അവകാശങ്ങളെയെല്ലാം ഇല്ലാതാക്കുന്നതരത്തിൽ, പ്രത്യേകിച്ച് സ്ത്രീകളെ, നമ്മുടെ സഹോദരിമാരെ, കുഞ്ഞുങ്ങളെ പ്രയാസത്തിന്റെ പടുകുഴിയിലേയ്ക്ക് തള്ളിവിടുന്ന ഒരു നിയമനിർമ്മാണമാണ് സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. 50 രൂപ മാത്രം കോർട്ട് ഫീ അടയ്ക്കേണ്ട സ്ഥാനത്ത് ഇപ്പോൾ രണ്ട് ലക്ഷം രൂപ വരെ അടയ്ക്കേണ്ട സ്ഥിതി

സംജാതമാകുകയാണ്. ജീവനാംശം ഉൾപ്പെടെയുള്ള സംരക്ഷണത്തിനായും മറ്റ് വിവിധങ്ങളായ ആവശ്യങ്ങൾക്കായും കോടതികളിൽ പോകേണ്ട സന്ദർഭങ്ങളിൽ അവർക്ക് താങ്ങാനാകാത്ത ഈ തുക അടയ്ക്കേണ്ടി വരികയാണ്. വസ്തു സംബന്ധമായ അവരുടെ പരിവേദനങ്ങൾ തീർപ്പാക്കുന്നതിനായും മറ്റും നമ്മുടെ അമ്മമാരും സഹോദരിമാരും കോടതിയെ സമീപിക്കുമ്പോൾ, ഒറ്റപ്പെട്ടുകിടക്കുന്ന കുടുംബങ്ങളിൽനിന്നും വരുന്ന ഏറ്റവും പാവപ്പെട്ട ആ സ്ത്രീകളെ വലിയ രൂപത്തിൽ ബാധിക്കുന്നതരത്തിൽ, കോർട്ട് ഫീ ഇത്രയേറെ വർദ്ധിപ്പിക്കുന്ന, ഈ നിയമ ഭേദഗതി നമ്മുടെ ഭരണഘടനയ്ക്കുതന്നെ എതിരാണെന്ന് സൂചിപ്പിക്കുകയാണ്. അതുപോലെതന്നെയാണ് ചെക്ക് കേസുമായി ബന്ധപ്പെട്ട നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിലെ ഭേദഗതിയും. ഇവിടെയും ഫീസ് വർദ്ധിപ്പിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്, ഇതും നീതി നിഷേധമാണ്. വലിയൊരു ജനവിഭാഗത്തിന് നീതി നിഷേധിക്കുന്ന ഈ ഭേദഗതികൾ ഒഴിവാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാൻ നികുതി പിരിവുൾപ്പെടെ ജി.എസ്.ടി. കളക്ഷനുൾപ്പെടെയുള്ള വ്യവസ്ഥാപിതമായ

മാർഗ്ഗങ്ങളെല്ലാം പരാജയപ്പെടുമ്പോൾ അതിനുപകരം വയ്ക്കാനായി ഇത്തരത്തിലുള്ള അധിക നികുതി ഏർപ്പെടുത്തുന്നത് ഒരു ജനാധിപത്യ സർക്കാരിന് ഭൂഷണമല്ല. സർക്കാരിന്റെ ധനകാര്യ ആസൂത്രണത്തിലെ പിഴവാണ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് കേരളത്തെ തള്ളിവിട്ടിരിക്കുന്നത്. ജി.എസ്.ടി. പിരിവിലെ വീഴ്ച, പിടിപ്പുകേട്, സ്വജനപക്ഷപാതം, ആർഭാടം ഇതെല്ലാം കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. പ്രസ് ഇൻഫർമേഷൻ ബ്യൂറോ പുറത്തുവിട്ട കണക്കനുസരിച്ച് 2022-23, 2023-24 കാലഘട്ടങ്ങളിൽ ജി.എസ്.ടി. പിരിക്കുന്നതിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറ്റവും പിന്നിലായിരുന്നുവെന്ന് കാണാൻ സാധിക്കും, നികുതിപിരിവിൽ വളർച്ചനേടാൻ നമുക്ക് സാധിക്കുന്നില്ല. ഹരിയാന 11 ശതമാനം, യു.പി.-യും രാജസ്ഥാനും 12 ശതമാനം വീതം, പഞ്ചാബും മഹാരാഷ്ട്രയും 14 ശതമാനം വീതം, തമിഴ്നാട് 9 ശതമാനം, പശ്ചിമ ബംഗാൾ 8 ശതമാനം എന്നിങ്ങനെ സംസ്ഥാനങ്ങൾ ജി.എസ്.ടി. വളർച്ചാനിരക്ക് നേടിയപ്പോൾ കേരളത്തിൽ ഇത് 5 ശതമാനം മാത്രമാണ്. സാമ്പത്തിക പ്രതിസന്ധിയുടെ യഥാർത്ഥ ഇരകൾ

കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളാണെന്ന് നമുക്കറിയാം. ക്ഷേമ പെൻഷനുകൾ വൈകുന്നു, പെൻഷൻ മുടങ്ങുന്നു, തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത പലർക്കും കൂലി കൊടുക്കാൻ സാധിക്കുന്നില്ല, സംഭരിച്ച നെല്ലിന് പണം കൊടുക്കാൻ സാധിക്കുന്നില്ല, ട്രഷറിയിൽ കടുത്ത നിയന്ത്രണങ്ങളേർപ്പെടുത്തുന്നു, ബില്ലുകൾ പാസ്സാക്കി നൽകുന്നില്ല, സപ്ലൈകോ-ൽ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിരിക്കുന്നു, ഇതെല്ലാം സാമ്പത്തിക പ്രതിസന്ധിയെ മറിക്കടക്കാൻവേണ്ടി സർക്കാർ ചെയ്യുന്ന വികലമായ നടപടികളാണ്. മരുന്നുവാങ്ങാൻ കാശില്ലാതെ ആളുകൾ പ്രയാസപ്പെടുകയാണ്. കേരളത്തിലെ പണപ്പെരുപ്പം 5.4 ശതമാനമായി. സാധനങ്ങൾക്കെല്ലാം തീ വിലയായിരിക്കുന്നു. പാവങ്ങളുടെ കൈയിൽ പണമില്ല. ആറ് മാസത്തെ പെൻഷൻ കുടിശ്ശികയായിരിക്കുന്നു. അംശദായം അടച്ചവർക്ക് ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷനിലും വൻ കുടിശ്ശികയാണ് ഇപ്പോഴുള്ളത്. ഈ സന്ദർഭത്തിൽ സർക്കാരിന് വരുമാനം ലഭിക്കുന്ന ഐ.ടി., ടൂറിസം, മദ്യം, ലോട്ടറി തുടങ്ങിയ മേഖലകളെ മാത്രം ലക്ഷ്യംവച്ച് മുന്നോട്ടുപോകാൻ നമുക്ക് സാധിക്കുമോ? നിലവിലെ നികുതി സംവിധാനത്തിലെ പോരായ്മകൾ

പരിഹരിക്കണം. കിട്ടാകടമായി എഴുതിതള്ളാൻ വച്ചിരിക്കുന്നവയിലെ ആർബിട്രേഷൻ നടപടികൾ പൂർത്തീകരിക്കണം. സംസ്ഥാനത്തിന് ആവശ്യം സർക്കാരിന്റെ കാര്യക്ഷമതയാണ്, അതല്ലാതെ ഇതുപോലെ നികുതിഭാരം അടിച്ചേൽപ്പിക്കുന്ന നടപടികളല്ല. ഇത്തരം സമീപനങ്ങളിൽനിന്നും സർക്കാർ പിന്തിരിയണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ലോക്സഭാ തിരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-ന്റെ പ്രകടനം വളരെ നിരാശാജനകമാണെന്നും തിരുത്തൽ നടപടികൾ അടിയന്തരമായി സ്വീകരിക്കുമെന്ന് അവരുടെ കേന്ദ്ര കമ്മിറ്റി തീരുമാനിച്ചതായി കഴിഞ്ഞ ദിവസം മാധ്യമങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചു. ഇവിടെ ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങൾ പലകാര്യങ്ങളും പറയുകയുണ്ടായി, പലതും കേട്ടുമടുത്ത കാര്യങ്ങളാണ്. ഈ വാദഗതികളൊക്കെതന്നെ കേരളത്തിലെ ജനവിഭാഗം അവഗണിച്ചതും പരസ്യമായി അതിനെ തള്ളിപ്പറഞ്ഞതുമാണ്. അതുകൊണ്ടാണ് സി.പി.ഐ.(എം)-ന്റെ കോട്ടകൊത്തളങ്ങളിൽപ്പോലും ആ പാർട്ടിക്ക് പിടിച്ചുനിൽക്കാൻ സാധിക്കാതിരുന്നത്. തിരഞ്ഞെടുപ്പിൽ വടകരയിലെ ലീഡ് 114000-ൽ

അധികമാണ്. ഇടതുപക്ഷം എപ്പോഴും ആരോപണങ്ങളും ആക്ഷേപങ്ങളും ഉന്നയിക്കുന്ന, ജനവിരുദ്ധനെന്ന് താറടിക്കുന്ന ഞങ്ങളുടെ പ്രിയങ്കരനായ കെ.പി.സി.സി. പ്രസിഡന്റ്, ശ്രീ. കെ. സുധാകരൻ മത്സരിച്ച കണ്ണൂരിൽ, ബഹുമാനപ്പെട്ട പിണറായി വിജയന്റെയും പാർട്ടി സെക്രട്ടറിയുടെയും എൽ.ഡി.എഫ്. കൺവീനറുടെയും മണ്ഡലത്തിൽ ഒരു ലക്ഷത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. കാസർഗോഡ് മത്സരിച്ച ശ്രീ. രാജ് മോഹൻ ഉണ്ണിത്താൻ ഒരു ലക്ഷത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിലും കോഴിക്കോട് ശ്രീ. എം. കെ. രാഘവൻ 146000 വോട്ടിന്റെ ഭൂരിപക്ഷത്തിലും വിജയിച്ചു. വടകരയിൽ ഇടതുപക്ഷം എല്ലാ പണിയും പയറ്റിനോക്കി, വർഗ്ഗീയ ധ്രുവീകരണം നടത്താൻ നോക്കി, പക്ഷെ നിങ്ങൾ അവിടെ ദയനീയമായി പരാജയപ്പെട്ടു, 114000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വടകരയിൽ യു.ഡി.എഫ്. ഉജ്വലമായ വിജയം നേടി. നിങ്ങളുടെ വാദഗതികളെ ജനം നിഷ്കരുണം തള്ളിക്കളഞ്ഞ കാഴ്ചയാണ് നമ്മൾ കണ്ടത്. എന്നാൽ അതിലൊന്നും പാഠം പഠിക്കാതെ, 'തെറ്റുതിരുത്തും' എന്നുപറഞ്ഞ് നിങ്ങൾ മുമ്പോട്ടുപോകുകയാണ്, നിങ്ങൾ തിരുത്തുമല്ലോ? പാർട്ടിയുടെ ജില്ലാ

കമ്മിറ്റികളിലും സംസ്ഥാന കമ്മിറ്റിയിലും നിങ്ങൾ പരാജയം ചർച്ച ചെയ്തു, അവിടെയെല്ലാം മുഖ്യമന്ത്രിക്കെതിരെ ആക്ഷേപമുയർന്നു, ആരോപണങ്ങളും വിമർശനങ്ങളും വന്നു, പാർട്ടിക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കപ്പെട്ടു. ഘടകകക്ഷികൾപോലും ആക്ഷേപം ഉന്നയിച്ചിരിക്കുകയാണ്. പക്ഷേ തെറ്റ് തിരുത്താനുള്ള ഒരു ശ്രമവും നിങ്ങൾ നടത്തില്ലെന്ന് തെളിയിക്കുന്ന സംഭവങ്ങളാണ് പിന്നീടുള്ള ദിവസങ്ങളിലും പുറത്തുവന്നുകൊണ്ടിരുന്നത്. " പോരാളി ഷാജി, പൊൻകതിർ, ചെങ്കതിർ, പി.ആർ. ആർമി, റെഡ് ആർമി" എന്നിങ്ങനെ കുറേയേറെ ഗുണ്ടാ സംഘങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അടിത്തറയെത്തന്നെ കുളംതോണ്ടുന്ന ചെയ്തികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കോൺഗ്രസ്-ഉം യു.ഡി.എഫ്.-ഉം അല്ല പരാതി പറഞ്ഞിരിക്കുന്നത്, അങ്ങനെ ചെയ്തത് പാർട്ടി നേതാക്കൾതന്നെയാണ്. തുടർച്ചയായ ബോംബ് സ്ഫോടനങ്ങളിൽ നിരപരാധികളായ പാവങ്ങളുടെ ജീവൻ നഷ്ടപ്പെടുമ്പോൾ പ്രതിസ്ഥാനത്ത് സി.പി.ഐ.(എം.) ആണുള്ളത്. തലശ്ശേരിയിലെ സീനയെന്ന യുവതിയുടെ ദീനരോദനം നാം കേട്ടതാണ്. പാർട്ടിയുടെ ഭീകരരൂപമാണ് കേരളമിവിടെ

കണ്ടത്. മാർക്സിസ്റ്റ് പാർട്ടി അതിഗുരുതരമായൊരു കെണിയിലകപ്പെട്ടിരിക്കുകയാണ്. പാർട്ടിയുടെ ഈറ്റില്ലമായ കണ്ണൂരിൽ അധോലോക സംഘങ്ങൾ വിലസുകയും പാർട്ടിയെത്തന്നെ വിഴുങ്ങുകയും ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്. സി.പി.ഐ.(എം.)-ന്റെ മുൻ നേതാവായ ശ്രീ. മനു തോമസ് ഗുരുതരമായ ആരോപണങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. ഉന്നത സി.പി.ഐ.(എം.) നേതാക്കൾ സ്വർണ്ണക്കള്ളക്കടത്തിനും സ്വർണ്ണം പൊട്ടിക്കലിനും ഗുണ്ടാപ്രവർത്തനങ്ങൾക്കും ഒത്താശ ചെയ്തുവെന്ന ആരോപണമാണ് ഉന്നയിച്ചിരിക്കുന്നത്. അത് പാർട്ടിയുടെ മാത്രം ആഭ്യന്തര പ്രശ്നമല്ല. ജനങ്ങളെയും സംസ്ഥാനത്തെയും നിയമവ്യവസ്ഥയെയും ബാധിക്കുന്ന വിധ്വംസക പ്രവർത്തനങ്ങളാണ്.

ചെയർപേഴ്സൺ: കൺക്ലൂഡ് ചെയ്യൂ..... സമയക്രമം പാലിക്കണം.

ശ്രീ. സജീവ് ജോസഫ്: സർ, ഖാദി ബോർഡിന്റെ വൈസ് ചെയർമാൻ, യുവജന കമ്മീഷൻ ചെയർമാൻ എന്നീ പദവികൾ വഹിക്കുന്നവർക്കെതിരെ പുറത്തുവന്ന വെളിപ്പെടുത്തലുകളെക്കുറിച്ച് അന്വേഷിക്കണം. അവരെ പ്രസ്തുത ചുമതലകളിൽനിന്നും പദവികളിൽനിന്നും നീക്കം ചെയ്യാൻ സർക്കാർ നടപടി

സ്വീകരിക്കണം. ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായ യൂത്ത് കമ്മീഷന്റെ പരിപാവനത കളഞ്ഞുകുളിച്ചിരിക്കുകയാണ്. യൂത്ത് കമ്മീഷനെന്നത് കമ്മീഷനടിക്കുന്ന, ക്വട്ടേഷൻ കമ്മീഷൻ ചെയർമാനായി മാറിയിരിക്കുകയാണ്. ടി. പി. ചന്ദ്രശേഖരന്റെയും ഷുഹൈബിന്റെയും കൊലപാതകങ്ങൾ വിപ്ലവ പ്രവർത്തനമല്ലെന്നും അവ വൈകൃതമാണെന്നുമാണ് ശ്രീ. മനു തോമസിന്റെ വെളിപ്പെടുത്തൽ. അതേക്കുറിച്ച് അന്വേഷിക്കണം. പാർട്ടി അവരെ ഉപയോഗപ്പെടുത്തിയതിന്റെ ബ്ലാക്ക് മെയിലിംഗ് ആണ് ഇപ്പോൾ നടക്കുന്നത്. "വാളെടുക്കുന്നവൻ വാളാൽ" എന്നുമാത്രമെ ഞാൻ ഈ സന്ദർഭത്തിൽ പറയുന്നുള്ളൂ. രാഷ്ട്രീയ പ്രതിയോഗികളെ കായികപരമായി അടിച്ചമർത്തുന്ന പഴഞ്ചൻ തത്വശാസ്ത്രവുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ നടപടികളും സർക്കാർ സ്പോൺസേർഡ് അക്രമങ്ങളും അവസാനിപ്പിക്കാൻ മുന്നോട്ടുവരണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെട്ടുകൊണ്ട് ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. 1947-ൽ നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയശേഷം പത്ത് വർഷം

കഴിഞ്ഞാണ് 1957-ൽ കേരളത്തിലൊരു ഗവൺമെന്റ് ആദ്യമായി അധികാരത്തിൽ വരുന്നത്. വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹിക സുരക്ഷാ രംഗങ്ങളിൽ ഏറ്റവും പുറകിൽ നിൽക്കുന്ന മൂന്ന് ഇന്ത്യൻ സംസ്ഥാനങ്ങളിലൊന്നായിരുന്നു അന്ന് കേരളം. ഏറ്റവും ഉയർന്ന ശിശുമരണ നിരക്കുള്ള നാടായിരുന്നു കേരളം. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ ഇന്ത്യയുടെ ശരാശരിയേക്കാൾ വളരെ പിറകിലായിരുന്നു കേരളം. എന്നാൽ ഇന്ന് വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹിക സുരക്ഷാ രംഗങ്ങളിൽ ലോകത്തിന് മാതൃകയാകുന്ന രീതിയിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമായി മാറാൻ നമ്മുടെ കേരളത്തിന് സാധിച്ചു. ശിശുമരണ നിരക്കിലെ അഖിലേന്ത്യാ ശരാശരി ആയിരത്തിന് ഇരുപത്തിയെട്ട് എന്ന നിലയിലാണ്. ദേശീയ ശരാശരി ആയിരത്തിൽ തൊണ്ണൂറ്റിയേഴാണ്. കേരളത്തിൽ ശിശുമരണ നിരക്ക് ആയിരത്തിന് ആറാണ്. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ ദേശീയ ശരാശരി എഴുപതാണ്. കേരളത്തിൽ ജനിക്കുന്ന മനുഷ്യന് സാധാരണഗതിയിൽ, ഇന്ത്യയുടെ ഏത് ഭാഗത്ത് ജീവിക്കുന്ന മനുഷ്യരേക്കാളും അഞ്ച് മുതൽ പത്ത് വർഷം വരെ

അധികം ജീവിക്കാൻ കഴിയുന്ന സമൂഹമായി നമ്മുടെ കേരളത്തിന് മാറാൻ സാധിച്ചു. 2024-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ പിന്തുണച്ചുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. 1950, ജനുവരി 26-ന് നമ്മുടെ ഭരണഘടന നിലവിൽ വന്നു. ഇന്നത്തെ ഈ ചർച്ചാ വേളയിൽ വളരെ പ്രാധാന്യത്തോടുകൂടി കാണേണ്ട ഒരുകാര്യം ഫെഡറൽ തത്വങ്ങൾ പാലിച്ച് മുന്നോട്ടുപോകണമെന്നതാണ്. എന്നാൽ രാജ്യത്തിന്റെ ഫെഡറൽ തത്വങ്ങളെ പൂർണ്ണമായും ലംഘിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്ന ഒരന്തരീക്ഷമാണ് കഴിഞ്ഞ പത്ത് വർഷത്തെ ശ്രീ. നരേന്ദ്ര മോദിയുടെ ഭരണത്തിൽ നമ്മുടെ രാജ്യത്തുള്ളത്. തങ്ങളോട് രാഷ്ട്രീയമായി ചേർന്നുനിൽക്കുന്ന സംസ്ഥാനങ്ങളൊഴികെയുള്ള മറ്റ് സംസ്ഥാനങ്ങളോട് വിരോധത്തിന്റേതായിട്ടുള്ള സാമ്പത്തിക കടന്നാക്രമണത്തിന്റെ ശൈലിയാണ് യൂണിയൻ സർക്കാർ സ്വീകരിക്കുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ആ ഭരണം അവസാനിക്കുകയല്ല, ശക്തി കുറഞ്ഞിട്ടുണ്ടെന്ന് സമ്മതിക്കാമെങ്കിലും അത് രാജ്യത്ത് വീണ്ടും തുടരുന്നതാണ് ഈ ലോക്സഭാ

തിരഞ്ഞെടുപ്പിലും നാം കണ്ടത്. എന്നാൽ തനത് വരുമാനം ഉയർത്തിയും ധന മാനേജ്മെന്റ് കാര്യക്ഷമമാക്കിയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അധികച്ചെലവുകൾ നിയന്ത്രിച്ചും സാമ്പത്തിക ദൃഢീകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ പാലിച്ചുമാണ് ട്രഷറി പൂട്ടാതെ കേരളത്തിലെ ഗവൺമെന്റും ധനകാര്യ വകുപ്പും സാമ്പത്തിക സ്ഥിതി കൈകാര്യം ചെയ്തതെന്ന് നാം കാണേണ്ടതുണ്ട്. അതിന്റെ ഭാഗമായി രാജ്യത്തെ ഉയർന്ന വരുമാന വർധന നിരക്കും ഉൽപ്പാദന വളർച്ചാ നിരക്കും കൈവരിക്കാൻ സംസ്ഥാനത്തിന് സാധിച്ചു. ജി.എസ്.ടി. വരുമാനം 23,000 കോടി രൂപ വർധിപ്പിക്കാൻ സാധിച്ചു. റവന്യൂ കമ്മി ഒരു ശതമാനത്തിൽ താഴെയെത്തിച്ച്, ചരിത്രത്തിലെ ഏറ്റവും മികച്ച നിലയിലുള്ള ഇടപെടൽ നടത്തിയ സംസ്ഥാനമായി മാറാൻ നമുക്ക് കഴിഞ്ഞു. 0.9 ശതമാനമാണ് കേരളത്തിന്റെ റവന്യൂ കമ്മിയെന്ന് നാം മനസിലാക്കേണ്ടതുണ്ട്. മറ്റൊന്ന്, കടവുമായി ബന്ധപ്പെട്ടതാണ്. കടമെടുക്കുന്നതിൽ വിവിധ സംസ്ഥാനങ്ങളിൽ പതിനാലാം സ്ഥാനമാണ് കേരളത്തിന്റേത്. അതുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും ഞാനിവിടെ സൂചിപ്പിക്കുന്നില്ല. തമിഴ്നാട് 91,000 കോടി രൂപയാണ് 2022-23 വർഷത്തിൽ കടമെടുത്തത്. അതാണ്

ഏറ്റവുമൊടുവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കണക്ക്. മഹാരാഷ്ട്ര 80,000 കോടി രൂപയും ആന്ധ്രാപ്രദേശ് 68,400 കോടി രൂപയും ഉത്തർപ്രദേശ് 61,350 കോടി രൂപയും കർണ്ണാടക 60,000 കോടി രൂപയുമാണ് കടമെടുത്തത്. അതിനുശേഷം വരുന്ന രാജസ്ഥാൻ, പശ്ചിമബംഗാൾ, ബീഹാർ, പഞ്ചാബ്, തെലങ്കാന, ഹരിയാന, മധ്യപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾക്ക് ശേഷമാണ് കേരളത്തിന്റെ സ്ഥാനം വരുന്നത്. ജി.ഡി.പി.-യുടെ 3.5 ശതമാനം കേരളത്തിന് കടമെടുക്കാൻ സാധിക്കും. പക്ഷേ അങ്ങനെ കടമെടുക്കാനുള്ള ആ മിനിമം അവകാശത്തെയെങ്കിലും സംരക്ഷിക്കാനുള്ള സമീപനം രാജ്യത്തെ ഗവൺമെന്റ് സ്വീകരിക്കുന്നില്ല എന്നത് ഏറ്റവും ഗൗരവമുള്ള പ്രശ്നമായി നാം തിരിച്ചറിയേണ്ടതുണ്ട്. ഈ പ്രതിസന്ധികൾക്ക് നടുവിലും സർക്കാർ ചെലവ് കുറയ്ക്കുകയല്ല, പൊതുചെലവ് ഉയർത്തുകയാണ് ചെയ്തിട്ടുള്ളതെന്ന് നാം കാണണം. 2023 മാർച്ച് മാസത്തിൽ ട്രഷറിയിൽ ചെലവഴിച്ച സംഖ്യ 22,000 കോടി രൂപയായിരുന്നെങ്കിൽ 2024 മാർച്ച് മാസത്തിൽ 26,000 കോടി രൂപ ട്രഷറിയിലൂടെ ചെലവഴിച്ച ഗവൺമെന്റായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മാറി. കേരളത്തിന്റെ തനത് വരുമാനം

വർധിച്ചോ? നമുക്ക് പരിശോധിക്കാം. കേരളത്തിന്റെ തനത് വരുമാനത്തിൽ അറുപത് ശതമാനം വർധനവുണ്ടാക്കാൻ നമുക്ക് സാധിച്ചു. 2020-21-ൽ 24,170 കോടി രൂപയായിരുന്ന കേരളത്തിന്റെ ജി.എസ്.ടി. വരുമാനം 2023-24-ൽ 36,750 കോടി രൂപയാക്കി വർധിപ്പിക്കാൻ കഴിഞ്ഞു. 2020-21-ലെ വിൽപ്പന നികുതി 22,480 കോടി രൂപയായിരുന്നത് 2023-24-ൽ 27,690 കോടി രൂപയാക്കി വർധിപ്പിച്ചു. 2020-21-ൽ 2,023 കോടി രൂപയായിരുന്ന എക്സൈസ് നികുതി 2023-24-ൽ 2,944 കോടി രൂപയാക്കി ഉയർത്താൻ കഴിഞ്ഞു. അങ്ങനെ തനത് വരുമാനം അറുപത് ശതമാനത്തോളം വർധിപ്പിക്കാൻ ഗവൺമെന്റിന് സാധിച്ചു. എന്നാൽ കേന്ദ്ര സർക്കാരിന്റെ സമീപനമെന്താണ്? യു.ജി.സി. ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് കേരളത്തിന് ലഭിക്കേണ്ട വിഹിതം ഇപ്പോഴും നൽകിയിട്ടില്ല. കോളേജ് അധ്യാപകർക്ക് യു.ജി.സി. നിശ്ചയിക്കുന്ന ശമ്പളം നൽകുന്നതിന് ലഭ്യമാക്കേണ്ട വിഹിതം കുടിശ്ശികയാണ്. നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട നഗര, ഗ്രാമ വികസന ഗ്രാന്റുകൾ, നെല്ല് സംഭരണമുൾപ്പെടെയുള്ള ഭക്ഷ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട വിഹിതം, കേരളത്തിന്റെ ദുരിതാശ്വാസ

പ്രവർത്തനങ്ങൾക്ക് നൽകേണ്ട കേന്ദ്ര സർക്കാർ വിഹിതം, സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് എന്നിവ കുടിശ്ശികയാണ്. ജി.എസ്.ടി. നഷ്ടപരിഹാരവും കുടിശ്ശികയാണ്. ഈ ശീർഷകങ്ങളിൽ കേരളത്തിന് അർഹതപ്പെട്ടത് കുടിശ്ശിക വരുത്തുന്നു. കേരളത്തിന്റെ വികസന സ്വപ്നങ്ങളോട് ചേർന്നുനിൽക്കുന്ന, പിന്തുണ നൽകുന്ന സമീപനമാണോ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്? അക്കാര്യം നമുക്ക് പരിശോധിക്കാം. ഇന്ന് കേരളത്തിന്റെ പ്രധാനപ്പെട്ട സ്വപ്ന പദ്ധതികളെന്തെല്ലാമാണ്? ഇന്നത്തെ കേരളത്തിന്റെ ആരോഗ്യ രംഗത്തെ വളർച്ചയ്ക്കും മുന്നേറ്റത്തിനും അനുസൃതമായി എയിംസ് അനുവദിക്കണമെന്നുള്ളത് പൊതുവിലുള്ള ആഗ്രഹമായിരുന്നെങ്കിലും കേരളത്തിന് അതനുവദിക്കുന്നില്ല. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ ശബരിമല വിമാനത്താവളത്തിനും അനുമതി നൽകുന്നില്ല. ഇന്ത്യയ്ക്ക് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കിക്കൊടുക്കുന്ന കേരളത്തിന് ഒരു റെയിൽവേ കോച്ച് ഫാക്ടറി അനുവദിക്കണമെന്ന പതിറ്റാണ്ടുകളായുള്ള ആവശ്യവും പരിഗണിക്കുന്നില്ല. കോച്ച് ഫാക്ടറിക്കായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് സ്ഥലമുൾപ്പെടെ ഏറ്റെടുത്ത് നൽകിയിട്ടും അതവഗണിക്കുകയാണ്. കണ്ണൂർ വിമാനത്താവളത്തിന് point of call പദവി

നൽകണമെന്ന ആവശ്യവും പരിഗണിക്കുന്നില്ല. മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കാനുള്ള പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നില്ല. സംസ്ഥാനത്തിനും രാജ്യത്തിനുംതന്നെ ഏറ്റവുമധികം വരുമാനം നേടിത്തരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ് അനുവദിക്കുന്നില്ല. അവരുടെ വിമാന ടിക്കറ്റ് നിരക്ക് കുറയ്ക്കാനാവാശ്യമായ ഇടപെടലുകൾ നടത്തുന്നില്ല. ടൂറിസം, ഐ.ടി. മേഖലകളിലെ കേരളത്തിന്റെ ആവശ്യങ്ങളെല്ലാം തള്ളിക്കളയുന്ന സമീപനമാണ് രാജ്യത്തെ ഗവൺമെന്റ് സ്വീകരിക്കുന്നത്. സംസ്ഥാനങ്ങൾക്കായി നീക്കിവയ്ക്കുന്ന തുകയാണ് ഫെഡറൽ തത്വങ്ങളുടെ ഏറ്റവും അടിസ്ഥാനപരമായ കാര്യം. യൂണിയൻ ഗവൺമെന്റിന് അർഹതപ്പെട്ടത് യൂണിയൻ ഗവൺമെന്റിനും സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ടത് സംസ്ഥാനങ്ങൾക്കും നൽകുന്ന സുശക്തമായ സംവിധാനമുള്ള ഒരു രാജ്യമായി നമ്മുടെ രാജ്യത്തെ മാറ്റാൻ സാധിക്കണം. എന്നാൽ 37,954 കോടി രൂപയാണ് യൂണിയൻ ഗവൺമെന്റ് വെട്ടിക്കുറച്ചത്. കാർഷിക മേഖലയ്ക്കുള്ള അടങ്കൽ തുകയും ഭക്ഷ്യ സബ്സിഡിക്കുള്ള തുകയും വെട്ടിക്കുറച്ചു. ആശാവർക്കർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും വേതനത്തിനുള്ള

കേന്ദ്രസർക്കാരിന്റെ വിഹിതം നൽകുന്നുമില്ല വർധിപ്പിക്കുന്നുമില്ല. കടമെടുപ്പ് പരിധി കൂട്ടിയില്ല, നികുതി വിഹിതത്തിന്റെ അറുപത് ശതമാനം സംസ്ഥാനങ്ങൾക്ക് നൽകണമെന്ന ആവശ്യം അംഗീകരിച്ചില്ല. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനം (ജി.എസ്.ഡി.പി.) സ്ഥിരനിലയിൽ 6.6 ശതമാനം വളർച്ച രേഖപ്പെടുത്തി. അഖിലേന്ത്യാ തലത്തിൽ പ്രതിശീർഷ വരുമാനം 5.9 ശതമാനമാണ്. കേരളത്തിൽ അത് 6.06 ശതമാനമാണ്. പച്ചക്കറി, തേങ്ങ, നെല്ല്, റബ്ബർ, ഏലം, തേയില, കാപ്പി എന്നിവയുടെയെല്ലാം ഉല്പാദനം ഈ പ്രതിസന്ധികൾക്കിടയിലും വർധിപ്പിച്ച സംസ്ഥാനമാണ് കേരളമെന്ന് നാം തിരിച്ചറിയണം. ദേശീയ ശരാശരിയേക്കാൾ കൂടുതൽ ക്ഷീരോല്പാദന ക്ഷമത നമ്മുടെ കേരളത്തിലുണ്ട്. ദരിദ്രരും ദുർബലരുമായിട്ടുള്ള 42 ലക്ഷത്തോളം കുടുംബങ്ങളുടെ ചികിത്സയ്ക്കായി രൂപീകരിച്ചിട്ടുള്ള 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി'ക്കായി രണ്ടാം പിണറായി സർക്കാർ 2795 കോടി രൂപ ചെലവഴിക്കുന്ന സാഹചര്യമുണ്ടായി. ഈ പരിമിതികൾക്കിടയിലും ഒരു കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന തരത്തിൽ പദ്ധതിയെ വിപുലപ്പെടുത്തി.

നമ്മുടെ നാട്ടിലെ സാധാരണക്കാർ ആശ്രയിക്കുന്ന തൊഴിലുറപ്പ് മേഖലയ്ക്കുള്ള കേന്ദ്രവിഹിതം ഓരോ വർഷവും വെട്ടിക്കുറയ്ക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. സംസ്ഥാനത്തിന് 24,000 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ ആവശ്യത്തോട് പോസിറ്റീവായി പ്രതികരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നില്ല. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി സംസ്ഥാന ജി.ഡി.പി.-യുടെ 3.5 ശതമാനമായി ഉയർത്തണമെന്ന ആവശ്യത്തിനോടും അനുഭാവപൂർണ്ണമായ നിലപാടില്ല. ഇത്തരം ആവശ്യങ്ങൾ ഉന്നയിക്കുമ്പോൾ ഈ ചർച്ചയുടെ ഭാഗമായി ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തിന്മേൽ ഒരു അഭിപ്രായം/നിലപാട്/വാക്ക് കേന്ദ്ര സർക്കാരിനെതിരെ പറയാൻ പ്രതിപക്ഷം തയ്യാറാകുന്നില്ലെന്നത് അപമാനകരമായ കാഴ്ചയാണ്. ആരെയാണ് പ്രതിപക്ഷം ഭയക്കുന്നതെന്ന് കൃത്യമായി മനസ്സിലാകുന്നുണ്ട്. ഓൺലൈൻ, ഫ്ലിപ്കാർട്ട് ഉൾപ്പെടെയുള്ള വ്യാപാരമേഖലകളിൽനിന്ന് എങ്ങനെ നികുതി ഈടാക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ചർച്ച നടത്തി മുന്നോട്ടുപോകുകയാണ് കേരളം. ഈ

അന്തരീക്ഷത്തിൽ ധനകാര്യ ബില്ലിനെക്കുറിച്ച് ഒന്നും പറയാതെ ഇടതുപക്ഷത്തിന്റെ മെക്കിട്ട് കയറാനാണ് ചിലർ ഈയവസരം ഉപയോഗിക്കുന്നത്. കേരളത്തിൽ പണത്തിന്റെയും അധികാരത്തിന്റെയും മത്തിലാണ് സി.പി.ഐ (എം.) എന്ന് ബഹുമാനപ്പെട്ട പെരിന്തൽമണ്ണ അംഗം ഇവിടെ പറയുകയുണ്ടായി. അദ്ദേഹം അങ്ങനെ പറയുമ്പോൾ ഒരു കാര്യം മനസ്സിലാക്കണം....., കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ മുൻഗണന പഠിപ്പിക്കാൻ ഇറങ്ങിയിരിക്കുകയാണ് അദ്ദേഹം. ഈ ഗവൺമെന്റിന് മുൻഗണനയുണ്ട്. ക്ഷേമ പെൻഷൻ കുടിശ്ശികയില്ലാതെ വിതരണം ചെയ്യുകയെന്നത് ഈ ഗവൺമെന്റ് മുൻഗണന നൽകുന്ന വിഷയമാണ്. ആ മുൻഗണന ഞങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; തുടർന്നും നടപ്പിലാക്കുകതന്നെ ചെയ്യും. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തെ 18 മാസത്തെ പെൻഷൻ കുടിശ്ശിക സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥിന് സംശയമാണ്. എങ്ങനെയാണ് ഉമ്മൻ ചാണ്ടി സർക്കാർ കുടിശ്ശിക വരുത്തി ഇറങ്ങിപ്പോയത്? അതിനുശേഷം അധികാരത്തിൽവന്ന കേരളത്തിലെ ഒന്നാം പിണറായി സർക്കാർ ആദ്യ ഓണക്കാലത്ത് വീട്ടിൽ രണ്ട്

പെൻഷൻകാരുണ്ടെങ്കിൽ അവർക്ക് പന്ത്രണ്ടായിരവും പതിനെട്ടായിരവും രൂപ മുതൽ നാൽപ്പതിനായിരവും അറുപതിനായിരവും രൂപവരെ സാമൂഹിക ക്ഷേമപെൻഷൻ കിട്ടിയതെങ്ങനെയാണ്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് 96 മാസമായി. 113 മാസത്തെ പെൻഷൻ വിതരണം ചെയ്തുകഴിഞ്ഞത് കൃത്യമായി നമുക്ക് മനസ്സിലാക്കാൻ കഴിയും. റൈറ്റ് ടു ലൈഫ് ഉറപ്പാക്കണമെന്നാണ് പറയുന്നത്. റൈറ്റ് ടു ലൈഫ് ഉറപ്പാക്കുന്നതിന് സമാധാനപരമായി വർഗ്ഗീയ സംഘർഷങ്ങളില്ലാതെ മനുഷ്യന് ജീവിക്കാൻ കഴിയുന്നതരത്തിൽ സ്വസ്ഥതയും സമാധാനവും നൽകുന്ന ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനം കേരളമാണ്. കണ്ണൂരിൽ ശ്രീ. കെ. സുധാകരൻ ഒരു ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചതുകൊണ്ട് അദ്ദേഹത്തെ ആരും ഒന്നും പറയരുതെന്നാണ് പറയുന്നത്. ഇവിടെ ശ്രീ. അമിത് ഷാ, ശ്രീ. നരേന്ദ്ര മോദി എന്നിവർ വിജയിച്ചിട്ടുണ്ട്. പത്ത് വർഷമായി അവർ ഇന്ത്യ ഭരിക്കുകയാണ്. ഇപ്പോൾ അവരുടെ നേതൃത്വത്തിലുള്ള മുന്നണി മൂന്നാമത്തെ ടേമിലേയ്ക്ക്, പതിനൊന്നാമത്തെ വർഷത്തെ ഭരണത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. അതുകൊണ്ട് അവരെ വിമർശിക്കാൻ പാടില്ല

എന്നാണോ; അതാണോ ജനാധിപത്യ തത്വം; ഒരാൾ വിജയിച്ചാൽ അവരുടെ ഭൂരിപക്ഷത്തെ അടിസ്ഥാനപ്പെടുത്തിയാണോ അവരോടുള്ള വിമർശനം സ്വീകരിക്കേണ്ടത്? എത്ര വോട്ടിന് വിജയിച്ചാലും ശ്രീ. കെ. സുധാകരൻ എന്നയാളുടെ ഭാഷ, നിലപാട്, രീതി എന്നിവ ആധുനിക സമൂഹത്തിന് ചേർന്നതാണോ അല്ലയോ എന്ന് ഞങ്ങൾ പരിശോധിക്കും എന്ന് പറയാൻ ആർജ്ജവമില്ലാത്തവരാണ് കോൺഗ്രസും പ്രതിപക്ഷവുമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് 2024-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2024-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. ശത്രു സൈന്യത്തോടെന്നപോലെ കർഷകരോടും പട്ടിണിപാവങ്ങളോടും യുദ്ധം പ്രഖ്യാപിച്ചും രാജ്യത്തിന്റെ മതനിരപേക്ഷ ഫെഡറലിസത്തിന്റെ അസ്ഥിവാരത്തെ പിഴുതുമാറ്റിയുമാണ് യൂണിയൻ സർക്കാർ

മുന്നോട്ടുപോകുന്നതെന്ന് നമുക്കറിയാം. പാചകവാതകം, പെട്രോൾ, ഡീസൽ എന്നിവ കോർപ്പറേറ്റ് ചൂതാട്ടത്തിന് തീറെഴുതിക്കൊടുത്തിരിക്കുകയാണ്. വർഷങ്ങളായി ഗ്യാസ് സബ്സിഡിയുടെ ഒരു നയാപൈസപോലും ആർക്കും ലഭിക്കുന്നില്ല. പച്ചില കാണിച്ച് ആട്ടിൻകൂട്ടത്തെ നയിക്കുന്ന ആട്ടിടയനെപ്പോലെ, തുടക്കത്തിൽ സർക്കാർ നക്കാപിച്ചകൾ വച്ചുനീട്ടുകയുണ്ടായി. പിന്നീട് വലിയൊരു ചതിയുടെ തുടക്കമായിരുന്നുവെന്ന് മനസ്സിലാക്കാൻ ഏറെ താമസിക്കേണ്ടിവന്നില്ല. ചരിത്രത്തിലെ രൂക്ഷമായ തൊഴിലില്ലായ്മയിലാണ് രാജ്യം മുന്നോട്ടുപോകുന്നത്. ഈ തീക്ഷ്ണമായ ജീവിത ദുരനുഭവങ്ങൾ പൊതുചർച്ചയിൽ വരാതിരിക്കാൻ യൂണിയൻ സർക്കാർ ജനങ്ങൾക്കുമേൽ ഹിന്ദുത്വയുടെ വിഷക്കൂട്ടുകൾ നിരന്തരം തളിച്ചുകൊണ്ടിരിക്കുമ്പോൾ, കേരളത്തിലെ കോൺഗ്രസും അവരോടൊപ്പംചേർന്ന് ഇടതുപക്ഷത്തെ വേട്ടയാടുന്ന ദു:ഖകരമായ കാഴ്ചകൾ നാം നിത്യവും കണ്ടുകൊണ്ടിരിക്കുകയാണ്. ഇതിനെ വകഞ്ഞുമാറ്റി രാജ്യത്തെ സാധാരണ മനുഷ്യർ അനുഭവിക്കുന്ന ജീവിത പ്രയാസങ്ങൾക്ക് സാധ്യമായ ആശ്വാസം നൽകാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ

ശ്രമിച്ചുകൊണ്ടിരിക്കുന്നത്. യൂണിയൻ ബജറ്റിന്റെ അടങ്കൽ തുകയായ 48 ലക്ഷം കോടി രൂപയുടെ 36 ശതമാനം കടമെടുക്കുകയും ആകെ ചെലവിൽ 12 ലക്ഷം കോടി രൂപ അതായത് 25 ശതമാനം കടത്തിന്റെ പലിശ തിരിച്ചടയ്ക്കാൻ ചെലവിടുകയും ചെയ്യുന്ന യൂണിയൻ സർക്കാർ ഒരു ഭാഗത്ത്, മറുഭാഗത്ത് ജി.ഡി.പി.-യുടെ 2.4 ശതമാനം അതായത് 15 ശതമാനം മാത്രം പലിശ അടവിലേയ്ക്ക് നീക്കിവയ്ക്കുന്ന കേരള സർക്കാരിനോട് പ്രതിപക്ഷം പറയുന്നത് കേരളം കടം വാങ്ങരുത്, കടം വാങ്ങരുത് എന്നാണ്. യൂണിയൻ ഗ്രാന്റ് 2022-ൽ 30000 കോടി രൂപയാണ് നൽകിയിരുന്നത്. ഈ വർഷം അത് 11000 കോടി രൂപയായി ചുരുക്കപ്പെട്ടപ്പോൾ സ്വാഭാവികമായും ഇതിനെതിരെ പ്രതികരിക്കേണ്ടവർ 'കമാ' എന്നുപോലും ഉച്ചരിക്കുന്നത് നമ്മൾ കണ്ടില്ല. 2022-ലെ മൊത്തം ബജറ്റ് ചെലവ് 1,38,000 കോടി രൂപയിൽനിന്ന് 1,68,000 കോടി രൂപയാക്കി ഉയർത്തിയാണ് കേരളം വീഴില്ലായെന്ന് നാം ഉറക്കെ പ്രഖ്യാപിച്ചത്. 2022-23-ലെ ജി.എസ്.ടി വരുമാനം 29,513 കോടി രൂപയിൽനിന്ന് നടപ്പുവർഷം 32,596 കോടി രൂപയായി ഉയരുകയും അങ്ങനെ പത്തുശതമാനം വർധനയുള്ള ശക്തമായ പദ്ധതികളാണ് സർക്കാർ ലക്ഷ്യമിട്ട്

മുന്നോട്ടുപോകുന്നത്. പ്രതിപക്ഷത്തിനേറെ ശ്വാസംമുട്ട് അനുഭവിക്കുന്ന ഒരു കണക്ക് പറയാം. കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാനത്തിന് നികുതി വരുമാനം വർധിച്ച് അറുപത് ശതമാനത്തിൽ എത്തിയിട്ടുണ്ട്. 2020-21-ൽ 47661 കോടി രൂപയായിരുന്നുവെങ്കിൽ ഈ വർഷം 74258 കോടി രൂപയായി ചരിത്രപരമായ നേട്ടമുണ്ടാക്കിയ സർക്കാരാണ് കേരള സർക്കാർ. എല്ലാ പഴുതുകളുമടച്ച് കേന്ദ്രം കഴുത്തിന് പിടിച്ചിട്ടും അനിതരസാധാരണമായ ധന മാനേജ്മെന്റിലൂടെയാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നാടിനെ ഉലയാതെ നയിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ മൂന്നുവർഷവും കേരളത്തിന്റെ സമ്പദ്ഘടന ദേശീയ ശരാശരിയെക്കാൾ 6.6 ശതമാനം അധികമാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കുറവിന്റെ ഇൻഡക്സിൽ ഇന്ത്യയിൽ ഏറ്റവും വിലക്കുറവുള്ള നാടാണ് കേരളം.

(അദ്ധ്യക്ഷവേദയിൽ മി. സ്പീക്കർ)

സഹകരണ മേഖലയെ തകർത്ത് തരിപ്പണമാക്കാൻ കേന്ദ്ര സർക്കാർ കളവുകളുടെ പെരുമഴ നടത്തുമ്പോൾ നിക്ഷേപ സമാഹരണത്തിന് ലക്ഷ്യമിട്ട് 9000 കോടി രൂപയ്ക്കുപകരം 23263 കോടി രൂപ സമാഹരിച്ച

വാർത്ത വായിച്ചാണ് കേരളം ഇന്ന് ഉണർന്നത്. മതനിരപേക്ഷതയ്ക്ക് കാവലൊരുക്കിയും ഫെഡറലിസത്തെ സംരക്ഷിക്കാൻ മുന്നിൽനിന്നുകൊണ്ടും സംഘ്പരിവാറിനോടും മറ്റ് മുഴുവൻ മതവർഗ്ഗീയവാദികളോടും മതാന്ധതയോടും സമരസപ്പെടാത്ത സമരനിര പടുത്തുയർത്തിയുമാണ് കേരളം ഇന്ത്യയ്ക്ക് മാതൃകയാകുന്നത്. കേന്ദ്ര സർക്കാരിന്റെ മുഴുവൻ ജനാധിപത്യ, ഭരണഘടനാവിരുദ്ധ നിലപാടുകളെ നിരന്തരമായ സമരപോരാട്ടങ്ങളിലൂടെ ജനങ്ങളിലെത്തിച്ച് മോദി വിരുദ്ധ മണ്ണൊരുക്കിയത് എൽ.ഡി.എഫ്. മാത്രമാണ്. എന്നാൽ 'മണ്ണും ചാരിനിന്നവൻ പെണ്ണുംകൊണ്ടുപോയി' എന്നുപറഞ്ഞതുപോലെ ഈ മണ്ണിൽ വിത്തെറിഞ്ഞ് യു.ഡി.എഫ്. ലോക്സഭാ തിരഞ്ഞെടുപ്പിൽ വിജയിച്ചു എന്നത് ഒരു യാഥാർഥ്യം തന്നെയാണ്. അത് അഹങ്കരിക്കാനുള്ള വിജയമായി കാണരുതെന്നാണ് ചരിത്രമെടുത്ത് വായിക്കുന്ന ഒരു ചരിത്രവിദ്യാർഥി എന്നുള്ള നിലയിൽ എനിക്ക് അവരെ ബോധ്യപ്പെടുത്താനുള്ളത്. ഈ വസ്തുതകൾ മറ്റാരെക്കാളും കൂടുതൽ തിരിച്ചറിഞ്ഞത് യു.ഡി.എഫ്. നേതൃത്വം തന്നെയാണ്. അതുകൊണ്ടുതന്നെയാണ് അവരുടെ നെഞ്ചിലും വയറ്റിലും കത്തുന്ന തീ മറയ്ക്കാൻ

വലതുപക്ഷ മാധ്യമങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് പെരുംനുണകളുടെ മഹാപ്രവാഹം ഇവിടെ പടച്ചുവിട്ടുകൊണ്ടിരിക്കുന്നത്. പരിശുദ്ധ ഖുറാനിൽ ഒരു സൂക്തമുണ്ട്, 'ജാഅൽ ഹഖു വസഹഖൽ ബാത്വിലു ഇന്നൽ ബാത്വില കാന സഹൂഖ', സത്യം പുലർന്നു, അസത്യം തിരോഭവിച്ചു, നിശ്ചയം അസത്യം തകരാനുള്ളതാണ് എന്നാണ് അതിന്റെ അർത്ഥം. കേരളം ഇരുട്ടുകളെയെല്ലാം അതിജയിച്ച് സൂര്യശോഭയോടെ ജ്വലിച്ചുനിൽക്കുകതന്നെ ചെയ്യുമെന്ന് നമുക്ക് ഉറപ്പിക്കാം. ഈ ഉപക്ഷേപത്തെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു. നന്ദി, നമസ്കാരം.

ഡോ. എം. കെ. മുനീർ: സർ, 2024-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്. സത്യത്തിൽ ഒരു ഇടതുപക്ഷ ഗവൺമെന്റിന് ഇതുപോലൊരു ധനകാര്യ ബിൽ എങ്ങനെ കൊണ്ടുവരാൻ കഴിയുന്നുവെന്നതാണ് ഞാൻ ആലോചിക്കുന്നത്. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥൊക്കെ സൂചിപ്പിച്ചതുപോലെ ഏറ്റവും അടിസ്ഥാന വിഭാഗത്തിന്റെ, അധഃസ്ഥിത വിഭാഗത്തിന്റെ, സാമൂഹ്യനീതി ആഗ്രഹിക്കുന്നവരുടെ നീതി നിഷേധമാണ് സത്യത്തിൽ ഈ ബിൽ. അതുതന്നെയാണ് കോർട്ട് ഫീ വർധന

സൂചിപ്പിക്കുന്നത്. ജീവനാംശത്തിനുവേണ്ടി യാചിച്ച് കുടുംബകോടതികളിലെത്തുന്നവർക്ക് അവരുടെ സ്വർണ്ണം തിരിച്ച് കിട്ടണമെങ്കിൽപ്പോലും അതിനാനുപാതികമായ ഫീസ് കെട്ടിവയ്ക്കണമെന്നാണ് പറയുന്നത്. അവർക്ക് അനുകൂലമായി നിൽക്കേണ്ട ഒരു ഗവൺമെന്റ് ആ ജനവിഭാഗത്തെ അല്ലെങ്കിൽ സ്ത്രീ സമൂഹത്തെ ഇത്രയും മോശമായി കാണുന്നുവെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണിത്. ഈയടുത്ത് ആക്റ്റിവിസ്റ്റും ജേർണലിസ്റ്റുമായ ശ്രീ. സത്യാ സാഗർ എഴുതിയ ‘ Fear and Hope post the Fourth of June’ എന്ന ലേഖനത്തിൽ ആരാണ് ഇടതുപക്ഷം എന്ന് കൃത്യമായി പറയുന്നുണ്ട്. അതിൽ "ഇന്ത്യൻ രാഷ്ട്രീയ പരിസരത്തിൽ പതിറ്റാണ്ടുകൾക്കുശേഷം ഉയർന്നുവന്ന ഏറ്റവും വലിയ ഇടതുപക്ഷ ചിന്തകനും നേതാവും മറ്റാരുമല്ല, കോൺഗ്രസ്സ് പാർട്ടിയുടെ ആവേശഭരിതനായ നേതാവ് ശ്രീ. രാഹുൽ ഗാന്ധിയാണ്" എന്നാണ് പറഞ്ഞത്. അദ്ദേഹത്തെ ഉദ്ധരിച്ചുകൊണ്ട് ദാമോദർ പ്രസാദ് 'THINK' -ൽ എഴുതിയിട്ടുണ്ട്. "ഒരുപക്ഷെ, ഇത് അറിയാത്ത ഏക ഘടകം കേരളത്തിലെ സി.പി.ഐ.(എം.) ആയിരിക്കും. ഒരു പകർപ്പവകാശം അല്ലെങ്കിൽ ട്രേഡ് മാർക്ക്/ബ്രാൻഡ് എന്ന നിലയിൽ

ഇടതുപക്ഷം എന്നത് സി.പി.ഐ.(എം.) കുത്തകയായി വച്ചിട്ടുണ്ടെങ്കിലും പ്രായോഗിക തലത്തിലോ ആശയ തലത്തിലോ ഇടതുപക്ഷ നോർമേറ്റീവിനോടുപോലും തെല്ലും യോജിച്ചുപോകുന്നതല്ല സി.പി.ഐ.(എം) ഭരണം" എന്നാണ് ദാമോദർ പ്രസാദ് എഴുതിയത്. കാരണമെന്താണ്? Man made injustice-കൾക്കെതിരെ നിൽക്കുന്നതാണ് ഇടതുപക്ഷം. സാമൂഹിക-രാഷ്ട്രീയ മണ്ഡലത്തിൽ മനുഷ്യ നിർമ്മിത അനീതിക്കെതിരെ നിൽക്കുമ്പോഴാണ് അവർ ഇടതുപക്ഷമാകുന്നത്. പക്ഷെ സമ്പത്തിന്റെ കുന്നുകൂട്ടലും അപഹരിക്കലും സാമൂഹിക മർദ്ദനവും അടിച്ചമർത്തലും സാമൂഹിക വിഭജനങ്ങളും വ്യത്യസ്തതകളുടെ നിർമ്മാർജ്ജനവും എല്ലാംതന്നെ മനുഷ്യനിർമ്മിത അനീതിയാണെങ്കിൽ ആ അനീതിയാണ് ഇന്ന് ഇടതുപക്ഷം എന്ന ഓമനപ്പേരിൽ സ്വയം വിളിക്കാനാഗ്രഹിക്കുന്ന മാർക്സിസ്റ്റ് പാർട്ടി ചെയ്യുന്നത് എന്നാണ് ദാമോദർ പ്രസാദ് പറയുന്നത്. ഇതുതന്നെയല്ലേ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയും പറഞ്ഞത്? അവർ പറഞ്ഞല്ലോ, തൊഴിലാളി വർഗ്ഗത്തെയും മുതലാളിയെയും തിരിച്ചറിയാൻ സാധിക്കണമെന്ന്. മുതലാളിമാരുടെ ഓശാന പാടുന്ന ആളുകളായി മാറരുതെന്ന് തിരുവനന്തപുരം

ജില്ലാ കമ്മിറ്റി പറഞ്ഞത് ഉൾക്കൊണ്ടെങ്കിലും സി.പി.ഐ.(എം.)-ന് നിൽക്കാൻ സാധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്നലെ ചുവന്ന പതാകയുമായി കുറേ ആളുകൾ സമരം ചെയ്യുന്നത് കണ്ടു. ഞാൻ വിചാരിച്ചു, എന്താണ് ചുവന്ന പതാകയുമായി സമരം. ഞാൻ കണ്ടത് സി.പി.ഐ.-യുടെ സർവ്വീസ് സംഘടന ഈ ഗവൺമെന്റിനെതിരെ നടത്തുന്ന സമരമാണ്. കാരണം ജൂലൈ 1 എന്നത് ശമ്പളപരിഷ്കരണത്തിന്റെ ദിവസമായിരുന്നു. അത് നടത്താത്തതിന്റെ പേരിൽ സർക്കാരിനെതിരെ സമരം ചെയ്യുന്നത് സി.പി.ഐ.യുടെ സർവ്വീസ് സംഘടനയാണ്. മാത്രമല്ല, 19 ശതമാനം ഡി.എ., അതിന്റെ പലിശയടക്കമുള്ള തുക കൊടുക്കാനുണ്ടെന്നാണ് അവർ പറയുന്നത്. ഈ പണമൊക്കെ സ്വരൂപിക്കാൻ ശ്രമിച്ചിട്ട് സ്വരൂപിക്കുന്ന പണം സർക്കാർ എന്തിനുവേണ്ടി ചെലവഴിക്കുന്നു എന്നതിനെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്കറിയാം. നികുതി പിരിച്ചെടുത്താൽ അത് നേരെചൊവ്വേ വിനിയോഗിക്കാൻ നമുക്ക് സാധിക്കണം. ടീം ഇന്ത്യ വിജയിച്ചപ്പോൾ വളരെ ആഹ്ലാദത്തിൽ സഭയിൽ അനുമോദന പ്രസംഗം നടത്തി അഭിമാനിച്ചവരാണ് നമ്മൾ. ഇന്നലെയും ടീം ഇന്ത്യയുടെ അത്യുജ്ജ്വലമായ ഒരു പ്രകടനമാണ് നാം

ലോക്സഭയിൽ കണ്ടത്. ആ ടീം ഇന്ത്യയെ നയിച്ച നായകൻ ശ്രീ. രാഹുൽഗാന്ധിയായിരുന്നു എന്നതായിരുന്നു അതിൽ ഏറ്റവും സവിശേഷമായ കാര്യം. അദ്ദേഹം കൊട്ടക്കേണ്ടവർക്കൊക്കെ നല്ലതുപോലെ കൊട്ടുത്തിട്ടുണ്ട്. ദേശാഭിമാനിക്കുമാത്രം അത് മനസ്സിലായോ എന്നെനിക്കറിയില്ല. അതുകൊണ്ട് സി.പി.ഐ.(എം.) ഇന്ത്യൻ ഭരണഘടന നിലനിർത്തുന്നതിനുവേണ്ടി എടുത്ത തീരുമാനം സംബന്ധിച്ച വാർത്തയാണ് ദേശാഭിമാനി പത്രത്തിൽ ഇന്ന് വെണ്ടക്കാ അക്ഷരത്തിൽ വന്നിരിക്കുന്നത്. ഭരണഘടനയെ സംരക്ഷിക്കുന്നതിനുവേണ്ടി ശ്രീ. രാഹുൽഗാന്ധി നടത്തിയ പോരാട്ടം..., 'പ്രധാനമന്ത്രിയുടെ മുന്നിൽ നിങ്ങൾ ഓച്ഛാനിച്ചാണ് നിന്നതെങ്കിൽ എന്റെ മുന്നിൽ നിങ്ങൾ തലയുയർത്തി നിന്നല്ലോ, നിങ്ങൾ വിധേയനാകേണ്ടവനല്ല' , എന്ന് ശ്രീ. ഓം ബിർലയെ അദ്ദേഹം ഓർമ്മപ്പെടുത്തിയപ്പോൾ ശ്രീ. ഓം ബിർല മറുപടി പറഞ്ഞത് 'ഞാൻ പ്രായമായവരെ ബഹുമാനിക്കും' എന്നാണ്. അപ്പോൾ ശ്രീ. രാഹുൽഗാന്ധി പറഞ്ഞത്, 'അതിനേക്കാൾ മുൻപ് നിങ്ങളിരിക്കുന്ന കസേരയെ ബഹുമാനിക്കാൻ നിങ്ങൾക്ക് സാധിക്കണം' എന്നാണ്. സ്പീക്കർ എന്നുള്ള

പദവി വിധേയത്വത്തിനുള്ളതല്ല. ഇനി ചരിത്രത്തിൽ നാം ശ്രീ. ഓം ബിർലയെ ഓർക്കുമ്പോൾ നമുക്ക് ഓർമ്മ വരുന്നത് വിധേയനിലെ 'തൊമ്മി' എന്നുള്ള കഥാപാത്രമാകും. അങ്ങനെയാകേണ്ട ആളല്ല സ്പീക്കർ എന്നുള്ള ഉജ്ജ്വലമായ താക്കീതാണ് ശ്രീ. ഓം ബിർലയ്ക്ക് നൽകിയത്. ഹിന്ദുയിസം എന്നുപറഞ്ഞാൽ സത്യത്തിൽ അത് ആർ.എസ്.എസ്.ഓ, ബി.ജെ.പി.ഓ അല്ല, അതിലും വിശാലമായതാണ് എന്ന് പറഞ്ഞതിന്റെ പേരിൽ ശ്രീ. രാഹുൽഗാന്ധിക്കെതിരെ ഒരു പുതിയ രീതിയിലുള്ള നറേറ്റീവ് ബി.ജെ.പി. കൊണ്ടുവരികയാണ്, അദ്ദേഹം ഹിന്ദുവിനെതിരെ സംസാരിച്ചുവെന്നുപറഞ്ഞ്. സത്യത്തിൽ ദേശാഭിമാനി പത്രത്തിൽ അതാണ് വെണ്ടക്കാ അക്ഷരത്തിൽ വന്നിരിക്കുന്നത്. ബി.ജെ.പി. അദ്ദേഹത്തെ ഹിന്ദു വിരുദ്ധനെന്ന് പറഞ്ഞതാണോ ഇന്നലത്തെ ഏറ്റവും വലിയ പ്രശ്നം. സത്യത്തിൽ ആർ.എസ്.എസ്. എന്നുപറയുന്ന ഒരു പ്രസ്ഥാനത്തിന്റെ ഉൾവിളികളെയും പ്രത്യയശാസ്ത്രത്തെയുംകുറിച്ച് ഇത്രയും ധൈര്യമായി ലോക്സഭയിൽ പറയാൻ അദ്ദേഹത്തിന് സാധിച്ചുവെന്നതിൽ അദ്ദേഹത്തെ നാം അഭിനന്ദിക്കുകയല്ലേ വേണ്ടത്? മാത്രമല്ല, ഇതേ ആർ.എസ്.എസ്.നെതിരെ രാജ്യസഭയിൽ അതേ

സമയം വേറൊരു പ്രസംഗം നടക്കുന്നുണ്ടായിരുന്നു. അത് നമ്മുടെ പ്രിയപ്പെട്ട കോൺഗ്രസ് അധ്യക്ഷന്റേതായിരുന്നു എന്നുള്ളതാണ് അതിൽ ഏറ്റവും വലിയ സവിശേഷതയായി ഞാൻ കാണുന്നത്. അവിടെയും നമ്മുടെ ഉപരാഷ്ട്രപതി ശ്രീ. ജഗ്ദീപ് ധൻകർ ആർ.എസ്.എസ്.-നെ ന്യായീകരിച്ചുകൊണ്ട് സംസാരിച്ചു. പക്ഷെ മനുജാതി വ്യവസ്ഥയെ അനുകൂലിക്കുന്നവരാണ് ആർ.എസ്.എസ്. എന്ന് ശ്രീ. മല്ലികാർജ്ജുന ഖാർഗെ സധൈര്യം പറയുകയുണ്ടായി. എന്നാൽ ആ ആർ.എസ്.എസ്. എന്ന പദം രാജ്യസഭാ രേഖകളിൽനിന്നും ഉപരാഷ്ട്രപതി നീക്കിക്കളഞ്ഞുവെന്നത് കാലം എവിടെ എത്തിയിരിക്കുന്നു എന്നതാണ് കാണിക്കുന്നത്. ഏത് ആർ.എസ്.എസ്.? 'ഓർഗനൈസർ' എന്ന മാഗസീൻ ഓർമയുണ്ടോ? ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ അന്ന് ത്രിവർണ്ണ പതാക എന്നത് bad omen, അതായത് ചീത്ത ശകുനമാണ് എന്നുപറഞ്ഞിട്ടുള്ളവരാണിവർ. മാത്രമല്ല ഭരണഘടന തയ്യാറാക്കിയശേഷം അതേ ഓർഗനൈസറിൽ ഈ ഭരണഘടന ഭാരതീയമല്ല, പകരം മനുസ്മൃതിയാണ് ഉണ്ടാകേണ്ടത് എന്നുപറഞ്ഞിട്ടുള്ളവർ ഇന്ന് ഭരണഘടനയെക്കുറിച്ച് സംസാരിക്കുന്ന ഒരു സാഹചര്യത്തിൽ പ്രിയപ്പെട്ട കമ്മ്യൂണിസ്റ്റ് പാർട്ടി ആലോചിക്കേണ്ടത്

ഭരണഘടനയ്ക്ക് അന്ന് സംരക്ഷണം നൽകിയ പാർട്ടിയുടെ പിൻഗാമികൾ എന്ന നിലയ്ക്ക് ശ്രീ. രാഹുൽഗാന്ധിയെക്കുറിച്ച് ഒരു വാക്കെങ്കിലും നിങ്ങൾക്ക് പറയാൻ മനസ്സുണ്ടാകേണ്ടിയിരുന്നു എന്നതാണ്. ഇപ്പോഴും ഇവർ ഈ സഭയിൽ അദ്ദേഹത്തിനെതിരെ സംസാരിച്ചുകൊണ്ടിരിക്കുകയാണ്, അദ്ദേഹം ബി.ജെ.പി.യുടെ കൂടെനിൽക്കുന്ന ആളാണെന്നാണ് പറയുന്നത്. ഇന്നത്തെ പ്രസംഗം നിങ്ങളാരും കേട്ടില്ലേ? ശ്രീ. നരേന്ദ്ര മോദിക്ക് ഇനി തലയുയർത്തി നിൽക്കാൻ കഴിയാത്തവണ്ണം ഒരു പ്രതിപക്ഷനേതാവ് ഈ രാജ്യത്ത് ഉണ്ടെന്ന് ബോധ്യപ്പെടുത്തിയ ശ്രീ. രാഹുൽഗാന്ധിയോടൊപ്പം നിൽക്കേണ്ടവരാണ് നമ്മൾ. അദ്ദേഹം ഇന്ത്യ ടീമിനെ നയിക്കുമ്പോൾ അവിടെ പാർലമെന്റിൽ സി.പി.ഐ.(എം.)-ന്റെ എം.പി.മാരും അദ്ദേഹത്തിന്റെ പിന്നിലിരിക്കുന്നുണ്ടെന്ന കാര്യം ഇവിടെയുള്ളവർ ഇടയ്ക്കെങ്കിലും ഓർക്കുന്നത് നന്നായിരിക്കും. ധാർഷ്ട്യത്തിന് ഒരിക്കലും നിലനിൽപ്പില്ല അതുകൊണ്ട് ധാർഷ്ട്യം വെടിയണമെന്നാണ് കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പ് തെളിയിച്ചിട്ടുള്ളത്. ഞങ്ങൾ തിരുത്തുമെന്ന് തിരഞ്ഞെടുപ്പ് കഴിഞ്ഞയുടൻ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഞാൻ അത്ഭുതപ്പെട്ടു.

അങ്ങനെ വന്നുകഴിഞ്ഞാൽ പിന്നെ പിണറായി വിജയൻ എന്ന വ്യക്തിയുണ്ടാകുമോ; ഞാൻ ആലോചിച്ചു. ഗീവർഗീസ് മാർ കുറിലോസ് തിരുമേനിയെ അദ്ദേഹം നിലയ്ക്കുനിർത്തുന്ന രീതിയിൽ സംസാരിച്ചപ്പോൾ ഞങ്ങൾക്ക് മനസ്സിലായി അദ്ദേഹം സ്വയം തിരുത്തുമെന്നല്ല മറ്റുള്ളവർ എന്തെങ്കിലും പറഞ്ഞാൽ അത് തിരുത്തിക്കുമെന്നാണ് ഉദ്ദേശിച്ചതെന്ന് ബോധ്യമായി. അതുപോലെ ശ്രീ. എം. വി. ജയരാജൻ തിരുത്താൻ ശ്രമിച്ചത് പോരാളി ഷാജിയെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഇവിടെ യോഗയെക്കുറിച്ച് പറയുകയുണ്ടായി. ആഭ്യന്തര വകുപ്പുമന്ത്രിയെന്ന നിലയിൽ അദ്ദേഹം യോഗ ചെയ്യണം. ദേഷ്യം മാറണം. കാരണം ദേഷ്യം അധികമായിക്കഴിഞ്ഞാൽ മൈക്കിനോടും കോംപയറിംഗ് ചെയ്യുന്നവരോടും ദേഷ്യം പ്രകടിപ്പിക്കും. യോഗ ചെയ്ത് ശാന്തമാകാൻ ശ്രമിച്ചാൽ ഇതിൽനിന്നൊക്കെ വലിയ മാറ്റങ്ങളുണ്ടാകുമെന്ന് അദ്ദേഹംതന്നെ തിരിച്ചറിയുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ തിരഞ്ഞെടുപ്പ് കാലഘട്ടത്തിൽ നിങ്ങൾ ചെയ്തിട്ടുള്ള ഓരോ വിഷയങ്ങളിലേയ്ക്കും ഞാൻ കടക്കുന്നില്ല. വ്യക്തിപൂജ എത്രമാത്രം പ്രശ്നങ്ങളുണ്ടാക്കുമെന്നതിന്റെ

ഏറ്റവും വലിയ തെളിവാണ് കഴിഞ്ഞ തിരഞ്ഞെടുപ്പ്. ശ്രീ. പിണറായി വിജയൻ എന്ന വ്യക്തി.... 1987-ൽ ആനന്ദ് എഴുതിയിട്ടുള്ള ഒരു ലേഖനമുണ്ട്. 'രാജാവെന്നാൽ ആരമ്മേ? രാജാവീശ്വരനെന്മകനേ' എന്ന പാഠപുസ്തകത്തിലെ പാഠം അദ്ദേഹം എടുത്ത് ഉദ്ധരിക്കുന്നുണ്ട്. അതിന് ഇപ്പോഴും പ്രസക്തിയുണ്ട്. ശ്രീ. നരേന്ദ്ര മോദി ദൈവമാണെന്ന് അദ്ദേഹം സ്വയം പറഞ്ഞു. അദ്ദേഹം രാജാവാണെങ്കിലും ഞാൻ ദൈവമാണെന്ന് പറഞ്ഞതിന്റെ അനന്തരഫലം അദ്ദേഹം അനുഭവിച്ചു. എന്നാൽ ഇവിടത്തെ രാജാവ് അങ്ങനെ പറയുന്നില്ലെങ്കിലും അനുയായികൾ ഇത് ദൈവമാണെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ക്ഷേത്രത്തിന്റെ മുന്നിൽ അന്നം തരുന്നവനാണ് ദൈവമെങ്കിൽ ഞങ്ങളുടെ മുഖ്യമന്ത്രിയാണ് ഞങ്ങളുടെ ദൈവമെന്ന് പറയുകയാണ്. അങ്ങനെ പറയുന്ന ഒരു സാഹചര്യമുണ്ടാകുന്നത്...

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ഡോ. എം. കെ. മുനീർ: സർ, ആ വരി കൺക്ലൂഡ് ചെയ്യാൻ അനുവദിക്കണം.

മി. സ്പീക്കർ: ഒരു മിനിട്ട് ......

<u>ഡോ. എം. കെ. മുനീർ</u>: സർ, രാജഭക്തിയെന്നത് നമ്മെ കൂടുതൽ അഹങ്കാരികളാക്കുമെന്നതുകൊണ്ട്, തിരുത്തണം എന്ന് ഞങ്ങൾ പറയുന്നില്ല. കാരണം നിങ്ങൾ തിരുത്തി വരുമ്പോൾ കാലം കുറേ കഴിയും. എങ്കിലും നിങ്ങൾ ചെയ്തിട്ടുള്ള തെറ്റുകൾ നിങ്ങൾക്കുതന്നെ തിരിച്ചറിയാൻ സാധിക്കട്ടേ. ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീമതി സി. കെ. ആശ</u>: സർ, 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി നാല് ആക്റ്റുകൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. നമ്മുടെ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റിയും കേന്ദ്രം നമുക്ക് ഏതൊക്കെ തരത്തിലാണ് സാമ്പത്തിക പ്രതിരോധങ്ങൾ തീർക്കുന്നതെന്നതിനെപ്പറ്റിയും ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ വളരെ വിശദമായി പറയുകയുണ്ടായി. സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വികസനത്തിന്റെ പുതിയ യുഗത്തിലേയ്ക്ക് കേരളത്തെ നയിക്കാനുള്ള യാത്രയിലാണ് ഈ സർക്കാർ. പരിവർത്തനാത്മകമായ ഈ യാത്ര സമതുല്യതാ വളർച്ചയും പാരിസ്ഥിതിക

സുസ്ഥിരതയുമുള്ള ഒരു ഭാവിക്ക് ശില പാകുമ്പോൾത്തന്നെ കേരളം നേരിടുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യേണ്ടതുണ്ട്. കഴിഞ്ഞ 8 വർഷത്തിനകം നിരവധി വികസന സംരംഭങ്ങളും ക്ഷേമപദ്ധതികളും ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനം, കാർഷിക മേഖലയുടെ പുനരുജ്ജീവനം, വ്യാവസായിക മേഖലയെ ശക്തിപ്പെടുത്തൽ, വിഭവസമാഹരണം, സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, മാലിന്യ നിർമ്മാർജ്ജനം, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ എന്നിവയിൽ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്താൻ ഈ കാലയളവിൽ സർക്കാരിനായി. എന്നിരുന്നാലും നികുതി വിഹിതത്തിലെ കുറവ്, കേന്ദ്ര പദ്ധതികളുടെ ഫണ്ട് ലഭിക്കുന്നതിലെ കാലതാമസം, കേന്ദ്രത്തിൽനിന്നുള്ള നിസ്സഹകരണം എന്നിവ സംസ്ഥാനം നേരിടുന്ന വളരെ ഗൗരവമുള്ള വെല്ലുവിളികളായി നമുക്ക് നോക്കി കാണാൻ സാധിക്കും. ഭരണഘടനാ ശിൽപ്പികൾ വിഭാവനം ചെയ്ത സഹകരണ ഫെഡറലിസത്തിന്റെ അന്തഃസത്തയെ തകിടം മറിക്കുന്നതാണ് കേന്ദ്രത്തിന്റെ നയസമീപനമെന്ന് നമുക്കെല്ലാം ബോധ്യമുള്ള കാര്യമാണ്. ഇതുസംബന്ധിച്ചുള്ള കണക്കുകൾ

പരിശോധിച്ചാൽ അത് വ്യക്തമാണ്. ആർ.ബി.ഐ.-യുടെ റിപ്പോർട്ട് അനുസരിച്ച് 2021-22-ൽ കേന്ദ്ര നികുതി വിഹിതവും ഗ്രാന്റുകളും 56,318 കോടി രൂപയാണ്. 2022-23-ൽ ഇത് 45,480 കോടി രൂപയായി. 2023-24-ൽ മേൽപ്പറഞ്ഞ വരുമാനം 38,204 കോടി രൂപയായി കുറഞ്ഞിരിക്കുന്നുവെന്നത് കേന്ദ്രത്തിന് കേരളത്തോടുള്ള നയസമീപനത്തിന്റെ ദൃഷ്ടാന്തമാണ്. ഇതോടൊപ്പം കേരളത്തിൽ ലഭിക്കാനുള്ള കുടിശ്ശികത്തുക എത്രയെന്നുകൂടി നമുക്ക് പരിശോധിക്കാം. ഇവിടെ ഇന്ന് നഗരവികസനവും ഗ്രാമവികസനവും സംബന്ധിച്ചായിരുന്നു ഡിമാൻഡ് ഡിസ്കഷൻ നടന്നത്. നഗരവികസന ഗ്രാന്റ് 546.45 കോടി രൂപയാണ് നമുക്ക് കുടിശ്ശികയായി കിടക്കുന്നത്. ഗ്രാമവികസന ഗ്രാന്റ് 1008 കോടി രൂപ കുടിശ്ശികയാണ്. യു.ജി.സി. ശമ്പള പരിഷ്കരണം 750 കോടി രൂപ കുടിശ്ശികയായി നിലനിൽക്കുന്നു. ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ നെല്ല് സംഭരണമുൾപ്പെടെ..... നെല്ല് സംഭരണം നടക്കുന്നില്ലെന്ന് ഇവിടെ പ്രതിപക്ഷം ഉൾപ്പെടെയുള്ളവർ എപ്പോഴും പറയുന്നതാണ്. നെല്ല് സംഭരിച്ചതിന്റെ തുക കൊടുക്കുന്നില്ലെന്ന കാര്യത്തിൽ ഗവൺമെന്റിനെ വളരെയേറെ വിമർശിക്കുന്നത് നമുക്ക് എപ്പോഴും കാണാൻ സാധിക്കും.

അതിന്റെ വസ്തുതയെന്താണെന്നാൽ, നെല്ല് സംഭരണമുൾപ്പെടെയുള്ള ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഗ്രാന്റായ 790 കോടി രൂപയാണ് കേന്ദ്രത്തിൽനിന്ന് കുടിശ്ശികയായി നിൽക്കുന്നത്. വിവിധ ദുരിതാശ്വാസങ്ങൾക്കുള്ള ഫണ്ടായ 138 കോടി രൂപ കുടിശ്ശികയായി കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുണ്ട്. സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് 69 കോടി രൂപയാണ് ലഭിക്കാനുള്ളത്. ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സ്പെഷ്യൽ അസിസ്റ്റൻസ് 1925 കോടി രൂപ ലഭിക്കാനുണ്ട്. ജി.എസ്.ടി. എന്നത് എപ്പോഴും പരാമർശവിധേയമായ വിഷയമാണ്. ജി.എസ്.ടി. നഷ്ടപരിഹാര തുകയായ 511 കോടി രൂപ ലഭിക്കാനുണ്ട്. ഓൺലൈൻ വ്യാപാരത്തിന്റെ ജി.എസ്.ടി. നാളിതുവരെ കേരളത്തിന് ലഭിച്ചിരുന്നില്ലെന്ന കാര്യം ഇന്നലെ ഇവിടെ ചർച്ചയിൽ വന്നു. എന്നാൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ശക്തമായ ഇടപെടലിന്റെ ഫലമായി ഓൺലൈൻ വ്യാപാരത്തിന്റെ ജി.എസ്.ടി. നമുക്ക് ലഭിക്കുന്നതിനുള്ള സാഹചര്യം ഉരുത്തിരിഞ്ഞിട്ടുണ്ടെന്നുള്ളത് അഭിമാനകരമാണ്. ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നതിനുകൂടി ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്.

ഇത്തരത്തിൽ നിരവധി വികസന ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ തുക കേന്ദ്ര ഗവൺമെന്റിന്റെ കൈയിൽനിന്നും നമുക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ സംസ്ഥാനത്ത് നടക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ യഥാവിധി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടാണ് 1954-ലെ കേരള മുദ്രപത്ര ആക്റ്റ്, 1959-ലെ കോർട്ട് ഫീസും വ്യവഹാരവും സംബന്ധിച്ചുള്ള ആക്റ്റ്, 1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്റ്റ്, 1976-ലെ കേരള മോട്ടോർ വാഹന നികുതി ആക്റ്റ് എന്നീ നാല് പ്രധാനപ്പെട്ട ബില്ലുകൾ പരിഷ്കരിച്ചുകൊണ്ട് നമുക്ക് കൂടുതൽ നികുതി വരുമാനം ലഭിക്കുന്നതിനുള്ള ഒരു ശ്രദ്ധയാണ് ഇന്ന് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. അതിനോടനുബന്ധിച്ച് ഇവിടെ എനിക്ക് മുമ്പ് ചീഫ് വിപ്പ് ഉൾപ്പെടെയുള്ളവർ സംസാരിച്ച ഒരു കാര്യമാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ കോർട്ട് ഫീസും വ്യവഹാരവും സംബന്ധിച്ചുള്ള ആക്റ്റിൽ മാറ്റം വരുത്തുമ്പോൾ, ഇന്ന് വളരെയേറെ പരാമർശവിഷയമായ കോർട്ട് ഫീസ് കൂട്ടുന്നത് സംബന്ധിച്ച് ചില വിഷയങ്ങളുണ്ട്. ജനങ്ങൾക്ക് വളരെ ആശങ്കയുണ്ടാകുന്ന കാര്യമാണ്. ചെക്ക്

കേസ് ഉൾപ്പെടെയുള്ള കാര്യങ്ങളിലും കുടുംബകോടതിയിലെ നഷ്ടപരിഹാരത്തിനും കൂടുതൽ ഫണ്ട് കെട്ടിവയ്ക്കേണ്ടി വരുന്ന സാഹചര്യത്തിൽ പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകളുൾപ്പെടെയുള്ളവർക്ക് വളരെ പ്രയാസം നേരിടുമെന്നതുകൊണ്ട് ആ കാര്യം ഗവൺമെന്റ് പുനഃപരിശോധിക്കുകയോ അല്ലെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ കാര്യമായി ചർച്ചചെയ്തോ മാത്രമേ ആ വിഷയത്തിൽ തീരുമാനമെടുക്കാവൂവെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാന സർക്കാർ പാസ്സാക്കിയ ധന ഉത്തരവാദിത്വ നിയമപ്രകാരം സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ 3% കടമെടുക്കാൻ കഴിയും. അതിന്റെ അടിസ്ഥാനത്തിലാണ് ഫെബ്രുവരിയിൽ ഭരണഘടനാനുസൃതമായി പാസ്സാക്കിയ ബജറ്റിന്റെ നടത്തിപ്പുമായി സംസ്ഥാന സർക്കാർ മുന്നോട്ടുനീങ്ങിയത്. എന്നാൽ മേയ് മാസത്തിൽ യൂണിയൻ സർക്കാർ നൽകിയ കത്തിനെതുടർന്ന് ഒറ്റയടിക്ക് ഈ തുക 17,000 കോടി രൂപയായി വെട്ടിക്കുറച്ചു. യഥാർത്ഥത്തിൽ ഇതെല്ലാമാണ് കേരളത്തോട് കേന്ദ്രം കാണിക്കുന്ന വിവേചനങ്ങൾ. കേന്ദ്രത്തിന്റെ ഗ്രാന്റുകൂടി മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാനം ബജറ്റ് അവതരിപ്പിക്കുകയും എന്നാൽ മുന്നറിയിപ്പുകൂടാതെ ബജറ്റ്

അവതരണത്തിനുശേഷം സംസ്ഥാനത്തിന്റെ ഗ്രാന്റ് വെട്ടികുറയ്ക്കുകയും ചെയ്യുന്ന നയസമീപനം ഫെഡറലിസ്റ്റ് സംഹിതയ്ക്ക് അനുയോജ്യമല്ലാത്ത ഒരു വിഷയമാണ്. സംസ്ഥാനത്തിന്റെ ഇക്കാര്യങ്ങൾ കേന്ദ്രത്തിൽ പറയാൻ ആളില്ലാതിരുന്നു എന്ന വലിയൊരു പ്രതിസന്ധിയുണ്ട്. സംസ്ഥാനത്തുനിന്നും മുൻപ് ജയിച്ച് പോയ എം.പി.-മാർ ആരുംതന്നെ ഇത്തരം വിഷയങ്ങൾ കേരളത്തിനുവേണ്ടി പാർലമെന്റിൽ സംസാരിച്ചിരുന്നില്ല. ഇവിടെ ഡോ. എം. കെ. മുനീർ സാഹിബ് ഉൾപ്പെടെയുള്ളവർ ശ്രീ. രാഹുൽ ഗാന്ധിയുടെ പ്രസംഗത്തെ സംബന്ധിച്ചും അദ്ദേഹം അവിടെ സ്വീകരിച്ച നിലപാടുകളെ സംബന്ധിച്ചും പ്രതിപക്ഷനേതാവെന്ന നിലയിൽ നമുക്ക് പ്രതീക്ഷ നൽകുന്നതിനെ സംബന്ധിച്ചുമെല്ലാം സംസാരിച്ചതിൽ വളരെ സന്തോഷമുണ്ട്. വയനാട് ഉൾപ്പെടെ പ്രതിനിധാനം ചെയ്ത് പാർലമെന്റിലേയ്ക്ക് പോയ എം.പി. എന്ന നിലയിൽ കേരളത്തിന്റെ ആവശ്യങ്ങൾക്ക്, കേരളത്തോട് കേന്ദ്രം കാണിക്കുന്ന വിവേചനപൂർവ്വമായ സമീപനത്തിന് പ്രതിരോധം തീർക്കുന്നതിനുകൂടി അദ്ദേഹത്തിന്റെ പ്രതിപക്ഷസ്ഥാനം വിനിയോഗിക്കണമെന്ന വിനീതമായ അഭ്യർത്ഥനകൂടി ഞാൻ

ഈയവസരത്തിൽ വയ്ക്കുകയാണ്. കേരളത്തിൽനിന്നും ജയിച്ചുപോയ എം.പി.-മാർ...... നിലവിൽ ഒരു പ്രതിപക്ഷം കേന്ദ്രത്തിലുണ്ടെന്നത് വളരെ പ്രതീക്ഷനിർഭരമായ കാര്യമാണ്. കാരണം കഴിഞ്ഞ രണ്ടുതവണയും പ്രതിപക്ഷം ഇല്ലാതിരുന്നുവെന്നതുകൊണ്ട് ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും സംഘപരിവാറിന്റെയും തിട്ടൂരങ്ങൾ ഓരോ സംസ്ഥാനങ്ങളുടെമേലും ഇടതുപക്ഷ ഭരണമുള്ള കേരളത്തിലുൾപ്പെടെ അടിച്ചേൽപ്പിക്കുന്നതിന് തയ്യാറായി. എന്നാൽ ഇന്ന് പ്രതിപക്ഷമുണ്ടെന്നതുകൊണ്ട് ഇന്ത്യൻ മുന്നണിയിൽ അംഗങ്ങളായ എം.പി.-മാരുള്ള സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് ബഹുമാനപ്പെട്ട എം.പി.-മാരെ, കോൺഗ്രസ്സും മുസ്ലീം ലീഗുമുൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ അവരെ അതിന് തയ്യാറാക്കുകയും അവർക്ക് അതിനുള്ള മുന്നറിയിപ്പ് കൊടുക്കുകയും ചെയ്യണമെന്നാണ് എനിക്ക് ഈയവസരത്തിൽ പറയാനുള്ളത്.

കേരളത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള വിഹിതത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. 2016-17-ൽ 0.49% ആണെങ്കിൽ 2020-21-ൽ 0.64%

ആയി. അതിനിടയ്ക്കുള്ള വർഷങ്ങളിൽ 0.47%, 0.48%, 0.40% എന്നായിരുന്നത് 2020-21-ൽ 0.64% എന്ന രീതിയിൽ വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും 2021-22-ൽ 0.40% മാത്രമായി കുറഞ്ഞു. ഇത്തരത്തിൽ സംസ്ഥാനത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്ര ഫണ്ടുമെല്ലാം വെട്ടികുറച്ചുകൊണ്ട് കേരളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് വലിയ പ്രതിസന്ധി തീർക്കുന്ന കേന്ദ്ര ഭരണത്തിനെതിരെ, ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും സംസ്ഥാനത്തിന്റെ നികുതി വിഹിതം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തിലും കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. കെ. ടി. ജലീൽ: സർ, വിഭവസമാഹരണം ലക്ഷ്യമിട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2024-ലെ കേരള ധനകാര്യ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. 1963-ൽ വൈദ്യുതി സ്വയം ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾ കാര്യമായി ഉണ്ടായിരുന്നില്ല. എന്നാൽ ജനറേറ്ററുകൾ ഉപയോഗിച്ച് ഉൽപാദനം വ്യാപകമായി ആരംഭിച്ചതോടെ 1969-ൽ സ്വന്തമായി വൈദ്യുതി ഉൽപാദിപ്പിച്ച്

ഉപയോഗിക്കുന്നവർക്ക് ഒരു യൂണിറ്റിന് 1.2 പൈസ ഡ്യൂട്ടി ഏർപ്പെടുത്തി. ആസമയത്ത് ഒരു യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് വന്നിരുന്ന ചെലവ് പത്ത് പൈസയോളമായിരുന്നു. അതിനാൽ അന്ന് നിശ്ചയിച്ച ജനറേഷൻ ഡ്യൂട്ടി ഉൽപാദന ചെലവിന്റെ 12 ശതമാനത്തോളം വന്നിരുന്നു. സംസ്ഥാനത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന് സ്വന്തമായി നിശ്ചയിക്കാൻ അധികാരമുള്ള മേഖലകൾ കണ്ടെത്തുകയും അത്തരം മേഖലകളിൽ വരുമാന വർധനവിനുള്ള സാധ്യതകൾ പരിശോധിക്കുകയുമാണ് ധനകാര്യ വകുപ്പുമന്ത്രി ചെയ്യുന്നത്. സ്വന്തമായി വൈദ്യുതി ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്നവരുടെ ഡ്യൂട്ടി യൂണിറ്റിന് 1.2 പൈസ എന്നത് 15 പൈസയായി പുതുക്കി നിശ്ചയിച്ചു. ഈ ഇനത്തിൽ വർഷത്തിൽ 70 ലക്ഷം രൂപയോളമാണ് സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്നത്. അത് ഏകദേശം 10 കോടി രൂപയായി വർധിക്കുന്നതിന് പുതിയ നിർദേശം സഹായകരമാകും. സംസ്ഥാനത്ത് പുരപ്പുറ സോളാർ ഉൽപാദകരിൽ ഡ്യൂട്ടിയിൽ വരുത്തിയ വർധനവ് ആശങ്കയുണ്ടാക്കിയിട്ടുണ്ടെന്നത് വസ്തുതയാണ്. ഈ മേഖലയിലേയ്ക്ക് കൂടുതൽ ആളുകൾ കടന്നുവരുന്നതിന് നികുതി വർധനവ്

തടസ്സമാകാനിടയുണ്ട്. അതിനാൽ ഇക്കാര്യത്തിൽ പുനഃപരിശോധന വേണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള മോട്ടോർ വാഹന ചട്ടപ്രകാരം ട്രാൻസ്പോർട്ട് വാഹനങ്ങളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സ്വകാര്യ വാഹനങ്ങളിൽ പരസ്യം പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് ചട്ടത്തിൽ പരാമർശമൊന്നുമില്ല. പല പരസ്യ കമ്പനികളും പരസ്യ പ്രദർശനത്തിനായി സ്വകാര്യ വാഹനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നത് എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. ഇവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് പരിമിതികളുണ്ട്. പുതിയ സാഹചര്യത്തിൽ സ്വകാര്യ വാഹനങ്ങളിലും സഭ്യമായ പരസ്യം പ്രദർശിപ്പിക്കുന്നതിന് നിയമപരമായി അനുവദിക്കുകയും അതിനായി ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് നിശ്ചയിച്ചതിനെക്കാൾ താരതമ്യേന കൂടിയ നിരക്ക് ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്. അനുമതിയില്ലാതെ പരസ്യം പ്രദർശിപ്പിക്കുന്ന വാഹനങ്ങളെ എൻഫോഴ്സ്മെന്റ് പിടിച്ച് വാഹനം രജിസ്റ്റർ ചെയ്ത കാലംമുതലുള്ള പരസ്യ നികുതി ഈടാക്കാവുന്നതാണ്. ട്രാൻസ്പോർട്ട് വാഹനമാണെങ്കിൽ തൊട്ടുമുമ്പ്

ഫിറ്റ്നസ് പരിശോധന നടത്തിയ തീയതി മുതൽ പരസ്യ നികുതി ഈടാക്കാൻ സാധിക്കും. ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് വാഹനങ്ങൾക്ക് കേരളത്തിൽ വലിയ നികുതിയാണ് ഈടാക്കുന്നത്. അതുകൊണ്ട് ഇത്തരം വാഹനങ്ങൾ കേരളത്തിൽ കൂടുതലായി രജിസ്റ്റർ ചെയ്യപ്പെടുന്നില്ല. അതേസമയം നാഗാലാൻഡ്, അരുണാചൽപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ പതിനായിരം രൂപയ്ക്ക് താഴെയാണ് നികുതി. 11000 വാഹനങ്ങൾ ഇതിനകം നാഗാലാൻഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓൾ ഇന്ത്യാ ടൂറിസ്റ്റ് പെർമിറ്റിന്റെ ഓതറൈസേഷൻ ഇനത്തിൽ അടയ്ക്കുന്ന 3 ലക്ഷം രൂപയിൽ കേന്ദ്ര വിഹിതമായി ലഭിക്കുന്ന തുക വാഹനങ്ങൾ രജിസ്റ്റർ ചെയ്ത സംസ്ഥാനത്തേയ്ക്കാണ് പോകുന്നത്. കേരളത്തിൽ ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളുടെ ഈയിനത്തിലുള്ള ലാഭവിഹിതം അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം പോകുന്നത് നാഗാലാൻഡിലും അരുണാചൽപ്രദേശിലുമൊക്കെയാണ്. കേരളത്തിൽ ഓടുന്ന മിക്ക ഓൾ ഇന്ത്യാ ടൂറിസ്റ്റ് വാഹനങ്ങളും ഇതരസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവയാണ്. കേരളത്തിൽ നികുതി കുറയ്ക്കുന്നപക്ഷം കൂടുതൽ

വാഹനങ്ങൾ കേരളത്തിൽത്തന്നെ രജിസ്റ്റർ ചെയ്യുകയും ഇതിന്റെ നികുതി വിഹിതം കേരളത്തിന് ലഭിക്കുകയും ചെയ്യും. കോൺട്രാക്ട് ക്യാരേജുകളുടെ നികുതിഘടന രണ്ട് രീതിയിലാണ്. ഒന്ന്, ഓർഡിനറി സീറ്റ്. രണ്ട്, പുഷ്ബാക്ക് സീറ്റ്. ഈ നികുതിഘടന എ.സി., നോൺ എ.സി. എന്നാക്കി മാറ്റിയാൽ കൂടുതൽ ഫലപ്രദമാകും.

പാട്ടക്കരാറുകൾക്കുള്ള മുദ്രവില കണക്കാക്കുന്നതിന്റെ മാനദണ്ഡങ്ങളിൽ അടിമുടി മാറ്റം വരുത്തിക്കൊണ്ടുള്ള ഭേദഗതികളാണ് 2024-ലെ ധനകാര്യ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പാട്ടത്തിന്റെ മുദ്ര കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ബില്ലിലൂടെ വരുത്തിയിരിക്കുന്ന പ്രധാന മാറ്റങ്ങൾ ഗഹനമായ ചർച്ചകൾക്ക് വിഷയമാകേണ്ടതുണ്ട്. പാട്ടത്തിന് കൊടുക്കുന്ന വസ്തുവിന്റെ വാടകയ്ക്കനുസൃതമായാണ് നാളിതുവരെ മുദ്രവില കണക്കാക്കിയിരുന്നത്. എന്നാൽ ഭൂമി മാത്രം പാട്ടത്തിന് കൊടുക്കുന്ന കാര്യത്തിൽ വാടകയ്ക്കുപകരം വസ്തുവിന്റെ ഫെയർവാല്യൂ അടിസ്ഥാനമാക്കി മുദ്ര കണക്കാക്കണമെന്നാണ് പുതിയതായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതുപോലെ കെട്ടിടം വാടകയ്ക്ക് കൊടുക്കുന്ന വിഷയത്തിൽ വാടക കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ

ഫെയർവാല്യു എന്നിവയിൽ ഏതാണോ കൂടുതൽ ആ തുക അടിസ്ഥാനമാക്കി മുദ്ര കണക്കാക്കണമെന്നാണ് പുതിയതായി വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഫെയർ വാല്യു നിശ്ചയിക്കാത്ത സ്ഥലങ്ങൾ സംബന്ധിച്ച് ആധാരത്തിൽ പ്രസ്താവിക്കുന്ന മാർക്കറ്റ് വിലയാണ് അടിസ്ഥാനമാക്കേണ്ടത്. നാളിതുവരെ വാടക കണക്കിലെടുക്കുമ്പോൾ ശരാശരി വാർഷിക വാടക കണക്കിലെടുത്തിരുന്ന സ്ഥാനത്ത് ഇനിമുതൽ ആകെ വാടക അടിസ്ഥാനമാക്കിയാണ് മുദ്ര കണക്കാക്കേണ്ടത്. ഇപ്രകാരം പുതിയ രീതിയിൽ പാട്ടത്തിനും ഭേദഗതി വരുത്തിയിട്ടുള്ള മറ്റിനങ്ങൾക്കും മുദ്ര കണക്കാക്കുന്നതിൽ താഴെപ്പറയുന്ന ആശയകുഴപ്പങ്ങളും സങ്കീർണ്ണതകളും ഉയർന്നുവരാൻ ഏറെ സാധ്യതയുണ്ട്. മുദ്രപത്ര നിയമത്തിലെ പട്ടിക ക്രമനമ്പർ 14-ൽ വരുത്തിയ ഭേദഗതിപ്രകാരം സെയിൽ സർട്ടിഫിക്കറ്റായി പരിഗണിക്കേണ്ട രേഖകൾ അനുവദിക്കുന്ന അധികാരികളുടെ കൂട്ടത്തിൽ സിവിൽ ഓഫീസർമാരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സിവിൽ ഓഫീസർമാർ ആരെല്ലാമാണെന്ന് നിർവചിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ ആശയക്കുഴപ്പമുണ്ടാകാനിടയുണ്ട്. ഇത് മുൻകൂട്ടിക്കണ്ട് ആരെല്ലാമാണ് ഈ ഗണത്തിലുൾപ്പെടുന്നതെന്ന

സ്പഷ്ടീകരണമുണ്ടാകണം. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇവിടെ പല അംഗങ്ങളും കഴിഞ്ഞ തിരഞ്ഞെടുപ്പിനെക്കുറിച്ചും തിരഞ്ഞെടുപ്പ് ഫലത്തെക്കുറിച്ചും ശ്രീ. രാഹുൽ ഗാന്ധിയുടെ പാർലമെന്റിലെ പെർഫോമൻസിനെക്കുറിച്ചുമൊക്കെ പറയുകയുണ്ടായി. കേരളത്തിന്റെ മുഖ്യമന്ത്രിയെ എന്താണ് അറസ്റ്റ് ചെയ്യാത്തത് എന്നൊരു പൊതുസമ്മേളനത്തിൽ പരസ്യമായി ചോദിച്ച ശ്രീ. രാഹുൽ ഗാന്ധിയുടെ പ്രസംഗം ദേശാഭിമാനി പത്രം ഒന്നാം പേജിൽ കൊടുത്തില്ലെന്നാണ് ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞത്. എന്താണോ കൊടുക്കേണ്ടത്, അത് കൊടുത്തിട്ടുണ്ട്. അദ്ദേഹം ഹിന്ദുത്വത്തിനെതിരായി സംസാരിച്ചു, ഹിന്ദുദൈവങ്ങളെ അപമാനിച്ചുവെന്ന് കമ്മ്യൂണിസ്റ്റ് പത്രമായിട്ടുള്ള ദേശാഭിമാനി കൊടുക്കുന്നുവെന്നുള്ളതുതന്നെയാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ഏറ്റവും വലിയ തലക്കെട്ട് എന്നുപറയുന്നത്. മറ്റ് പത്രങ്ങളെ സംബന്ധിച്ചിടത്തോളം അത് വലിയ തലക്കെട്ടാവില്ല. ഞാൻ ചന്ദ്രിക പത്രത്തിൽ വന്ന ബഹുമാന്യനായ രാഹുൽ ഗാന്ധിയുടെ പ്രസംഗം മുഴുവൻ വായിച്ചുനോക്കി. ഈ പ്രസംഗത്തിലെവിടെയെങ്കിലും ശ്രീ. രാഹുൽ ഗാന്ധി

ആർ.എസ്.എസ്. എന്ന ഒരു വാക്ക് ഉപയോഗിച്ചിട്ടുണ്ടോ; ബി.ജെ.പി.-യെ രാഷ്ട്രീയമായി കോൺഗ്രസ് എതിർക്കുന്നു; കാരണം ബി.ജെ.പി. കോൺഗ്രസിന്റെ രാഷ്ട്രീയ എതിരാളിയാണ്. കോൺഗ്രസിന്റെ രാഷ്ട്രീയ അധികാരത്തിലേയ്ക്കുള്ള നടത്തത്തെ ശക്തമായി പ്രതിരോധിക്കുന്നത് ബി.ജെ.പി.-യാണ്. അതുകൊണ്ട് ബി.ജെ.പി.-യെ എതിർക്കുന്നു. ആർ.എസ്.എസ്. ആണ് യഥാർത്ഥത്തിൽ ബി.ജെ.പി.-യുടെ ആശയ അടിത്തറ എന്നുള്ള കാര്യത്തിൽ ആർക്കാണ് സംശയം; ഡോ. മുനീർ സാഹിബേ സംശയം വേണ്ട, ഡോ. മുനീർ സാഹിബിന് സംശയം തോന്നേണ്ട കാര്യമില്ല. ഞാൻ ചന്ദ്രിക പത്രമാണ് ഉയർത്തിപ്പിടിച്ചിരിക്കുന്നത്. (പത്രം ഉയർത്തിക്കാട്ടി). ചന്ദ്രികയിലെ എഡിറ്റോറിയൽ പേജിൽ വന്ന ലേഖനം മുഴുവനും ഞാൻ വായിച്ചു. ആർ.എസ്.എസ്. എന്നൊരു വാക്ക് അദ്ദേഹം ഉപയോഗിച്ചിട്ടില്ല. മാത്രമല്ല, CAA എന്നുപറയുന്ന ഒരു വാക്ക് അദ്ദേഹം ഉപയോഗിച്ചോ? പലകാര്യങ്ങളെ സംബന്ധിച്ചും അദ്ദേഹം വളരെ വാചാലനായി ലോക്സഭയിൽ സംസാരിച്ചു. ഇന്ത്യയിലെ ഒരു ജനവിഭാഗം ഏറ്റവുമധികം പ്രയാസപ്പെടുന്ന, ബുദ്ധിമുട്ടുന്ന അവരുടെ മനസ് വേദനിച്ചുകഴിയുന്ന ഒരു

വിഷയത്തെക്കുറിച്ച്, ‘ CAA’ എന്ന വാക്ക് അദ്ദേഹം ഉപയോഗിച്ചോ; അതുപോലെ പൗരത്വ രജിസ്റ്ററിനെക്കുറിച്ച് അദ്ദേഹം എന്തെങ്കിലും പറഞ്ഞോ; ശ്രീ. രാഹുൽ ഗാന്ധി വരുന്നത് യു.പി.-യിൽനിന്നാണല്ലോ; യു.പി.-യിൽ ശ്രീ. രാഹുൽ ഗാന്ധി ഉൾപ്പെടുന്ന ഇന്ത്യാസഖ്യത്തിന്റെ സ്ഥാനാർത്ഥികളെ ജയിപ്പിച്ചുവെന്ന ഏകകാരണത്താൽ ആയിരക്കണക്കിന് വീടുകളാണ് ബുൾഡോസർ വച്ച് അവിടത്തെ യോഗിസർക്കാർ തകർത്തത്. അവിടെയൊന്ന് സന്ദർശിക്കുകയോ അതിനെ സംബന്ധിച്ച തന്റെ പ്രതിഷേധം ഇന്ത്യയുടെ പാർലമെന്റിൽ ശ്രീ. രാഹുൽ ഗാന്ധി ഉയർത്തുകയോ ചെയ്യാതിരുന്നത് എന്തുകൊണ്ടായിരുന്നു? ശ്രീ. രാഹുൽ ഗാന്ധി തിരഞ്ഞെടുക്കപ്പെട്ട യു.പി.-യിൽ അഞ്ച് എം.എൽ.എ.-മാർ ജയിലിലാണ്. ഇന്ത്യൻ പാർലമെന്റിലേയ്ക്ക് എസ്.പി.-യുടെ സ്ഥാനാർത്ഥിയായി യു.പി.-യിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 29 കാരിയായ ഇക്ര മുനൗറ എന്ന എം.പി.-യുടെ സഹോദരൻ ജയിലിലാണ്. അക്കാര്യത്തെ സംബന്ധിച്ചൊന്നും ശ്രീ. രാഹുൽ ഗാന്ധിക്ക് വലിയ വിഷയമായി തോന്നിയിട്ടില്ലായിരിക്കാം. അതുകൊണ്ടാകും അദ്ദേഹം അതേക്കുറിച്ചൊന്നും

പറയാതെ പോയത്. കോമൺ സിവിൽ കോഡിനെക്കുറിച്ചൊന്നും അദ്ദേഹം പറഞ്ഞിട്ടില്ല. ഈ രാജ്യത്തുള്ള വലിയൊരു ജനവിഭാഗത്തിന്റെ ആശങ്കകൾ എന്തുകൊണ്ടാണ് ശ്രീ. രാഹുൽ ഗാന്ധി ഇന്ത്യയുടെ പാർലമെന്റിൽ പ്രതിഫലിപ്പിക്കാതെ പോയത്. അതിനുള്ള ഉത്തരം ബഹുമാനപ്പെട്ട എ. പി. അനിൽ കുമാർ പറയും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നമ്മുടെ രാജ്യത്ത് മതനിരപേക്ഷതയ്ക്കുവേണ്ടി ഏറ്റവും അധികം നിലകൊള്ളുന്ന പാർട്ടി ഏതാണ്? കോൺഗ്രസ്സിനോടുള്ള വിയോജിപ്പ്, കോൺഗ്രസ് ഒരു ഘട്ടത്തിലും ആർ.എസ്.എസ്.-ന്റെ പ്രത്യയശാസ്ത്രത്തെ എതിർത്തിട്ടില്ല. കോൺഗ്രസിന്റെ ഒരു നേതാവ് തന്റെ മക്കളോടെങ്കിലും നിങ്ങൾ ഏത് പാർട്ടിയിൽ ചേർന്നാലും ബി.ജെ.പി.-യിൽ ചേരരുത് എന്ന് പറഞ്ഞുകൊടുത്തിട്ടുണ്ടായിരുന്നെങ്കിൽ ശ്രീമാൻ എ. കെ. ആന്റണിയുടെ മകൻ ശ്രീ. അനിൽ ആന്റണി ബി.ജെ.പി.-യിൽ പോയി ചേരുമായിരുന്നോ? ആർ.എസ്.എസ്.-ന്റെ പ്രത്യയശാസ്ത്രത്തെ എന്തുകൊണ്ടാണ് കോൺഗ്രസ് എതിർക്കാത്തത്. കോൺഗ്രസ് എന്തുകൊണ്ടാണ് ഗോൾവാക്കറെ അതിശക്തമായി അപലപിക്കാത്തത്. എന്താണ് കോൺഗ്രസ് വി. ഡി. സവർക്കറെ സംബന്ധിച്ച് ഒന്നും

ഉരിയാടാത്തത്. കോൺഗ്രസ്സിന്റെ നേതാക്കൻമാർ അവരുടെ മക്കൾക്കുപോലും ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെക്കുറിച്ചും ഇന്നുവരെ ഒരു ക്ലാസ് എടുത്തുകൊടുത്തിട്ടില്ല, ശ്രീ. അനിൽ ആന്റണി പോയി എന്നുള്ളത്, ശരി പോട്ടെ. പക്ഷെ ശ്രീമാൻ എ. കെ. ആന്റണിയുടെ ഭാര്യ എന്താണ് പത്രക്കാരുടെ മുന്നിൽ വന്ന് പറഞ്ഞത്. ഞാൻ ഇന്നലെ രാത്രി ഒരു സ്വപ്നം കണ്ടു. എന്റെ മകൻ ബി.ജെ.പി.-യിൽ ചേരാൻവേണ്ടി പോകുന്നു. പിതാവേ, എന്താണ് ഞാൻ ചെയ്യേണ്ടത്, അപ്പോൾ പിതാവ് പറഞ്ഞു, അവനിക്ക് നല്ലതേയുണ്ടാകൂ, അവൻ പൊയ്ക്കോട്ടെ. സത്യത്തിൽ ശ്രീ. അനിൽ ആന്റണിയുടെ കാര്യം ചോദിക്കേണ്ടത് ആരോടാണ്? ശ്രീ. അനിൽ ആന്റണിയുടെ പിതാവിനോടല്ലേ; ശ്രീമാൻ എ. കെ. ആന്റണിയോടല്ലേ അദ്ദേഹത്തിന്റെ ഭാര്യ ചോദിക്കേണ്ടിയിരുന്നത്? സ്വന്തം ഭാര്യയ്ക്ക്, സ്വന്തം മക്കൾക്ക് എന്താണ് കോൺഗ്രസ് എന്ന് പഠിപ്പിച്ചുകൊടുക്കാൻ, ഒരു കോൺഗ്രസ്സുകാരന് ഒരിക്കലും ചേരാൻ പറ്റാത്ത പാർട്ടിയാണ് ബി.ജെ.പി. എന്നുപറഞ്ഞുകൊടുക്കാൻ കോൺഗ്രസ്സിന്റെ നേതാക്കൾക്ക് എന്തേ സാധ്യമാകാതെ പോയത്; ആ നിങ്ങളാണോ ഈ രാജ്യത്ത് ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കുമെതിരായി

വലിയ യുദ്ധം നടത്തുമെന്ന് പറയുന്നത്. ആശയപരമായി എതിർക്കണം. നിങ്ങൾ ബി.ജെ.പി.-യെ എതിർക്കുന്നത് പ്രധാനമന്ത്രിയുടെ കസേരയിൽ നിങ്ങൾക്ക് എത്താൻ വേണ്ടിയാണ്. എത്തിയാൽ നിങ്ങൾ ആ എതിർപ്പ് നിർത്തും. അതിന്റെ തെളിവില്ലേ ആർ.എസ്.എസ്.-നെതിരായി എന്തെങ്കിലും പറയുന്നതിൽ വിമുഖത കാണിക്കുന്ന എന്നുള്ളത് വ്യക്തമാക്കുന്നത്. ഇവിടെയുള്ള ഇടതുപക്ഷ പാർട്ടികൾ, അവരുടെ എം.പി.മാർ പാർലമെന്റിൽ നടത്തിയിട്ടുള്ള പ്രസംഗത്തെക്കുറിച്ച് വീക്ഷണം വല്ലതും പറഞ്ഞിട്ടുണ്ടോ? ശ്രീ. ജോൺ ബ്രിട്ടാസ് എത്ര നല്ല പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. ഈ രാജ്യത്തിലെ ന്യൂനപക്ഷങ്ങൾക്കുവേണ്ടി, ഈ രാജ്യത്തെ മർദ്ദിത ജനവിഭാഗങ്ങൾക്കുവേണ്ടി എത്ര ഗംഭീരമായി പ്രസംഗിച്ചിട്ടുണ്ട്. ചന്ദ്രികയിൽ ഒരു വരി വന്നിട്ടുണ്ടോ? വീക്ഷണത്തിൽ നിങ്ങൾ ഒരു വരി പ്രസിദ്ധീകരിച്ചിട്ടുണ്ടോ? ആ നിങ്ങളാണോ, ശ്രീ. രാഹുൽ ഗാന്ധിയുടെ പ്രസംഗം ദേശാഭിമാനി കൊടുത്തില്ലായെന്ന് പറയുന്നത്. ശ്രീ. രാഹുൽ ഗാന്ധിയുടെ പ്രസംഗം ദേശാഭിമാനി കൊടുത്തിട്ടുണ്ട്, ദേശാഭിമാനി കൊടുത്തിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ഫേസ്ബുക്ക് പോസ്റ്റിൽ, ഞാൻ ചലഞ്ചുചെയ്യുന്നു ശ്രീ. പി. സി. വിഷ്ണുനാഥിനെ, ഇതുവരെ, ഇന്നുവരെ ബി.ജെ.പി.-ക്ക് എതിരായി ഒരു ഫേസ്ബുക്ക് പോസ്റ്റിട്ടിട്ടുണ്ടോ; ഇന്നുവരെ, ഇന്നുവരെ ഇട്ടിട്ടുണ്ടോ? ഇല്ല, ഇടില്ല, ആർ.എസ്.എസ്.-നെ അപലപിച്ചിട്ടുണ്ടോ ശ്രീ. പി. സി. വിഷ്ണുനാഥേ ഇന്നുവരെ, കാരണം എന്താണ്? ആർ.എസ്.എസ്-ന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞതവണ ഏറ്റവും അധികം വോട്ട് കൊല്ലം ജില്ലയിൽ, രണ്ടാമത്തെ ഏറ്റവും കൂടുതൽ വോട്ടുള്ള നിയോജകമണ്ഡലത്തിൽ ബി.ജെ.പി.-ക്ക് കിട്ടിയത് 6000 വോട്ട് മാത്രമാണ്. പത്തുമുപ്പതിനായിരം വോട്ടുള്ള, ബി.ജെ.പി.-ക്ക് വോട്ടുള്ള നിയോജകമണ്ഡലത്തിൽ, അതുകൊണ്ട് പല കോൺഗ്രസ് നേതാക്കളും അവരവരുടെ ഫേസ് ബുക്കിൽ.... CAA-യ്ക്ക് എതിരായി സ്വന്തം ഫേസ്ബുക്കിൽ പോസ്റ്റിട്ട എത്ര കോൺഗ്രസ്സിന്റെ എം.എൽ.എ.-മാരുണ്ട്. ഒന്ന് എഴുന്നേറ്റ് നിൽക്കിൻ, പൗരത്വ രജിസ്റ്ററിനെതിരായി, കോമൺ സിവിൽ കോഡിനെതിരായി കാശ്മീരിന്റെ 370-ാം വകുപ്പ് എടുത്തുകളഞ്ഞതിനെതിരായി ഒരു ഫേസ്ബുക്ക് പോസ്റ്റിട്ട എത്ര കോൺഗ്രസിന്റെ എം.എൽ.എ.-മാർ അപ്പുറത്തുണ്ട്; ഒന്ന് എഴുന്നേറ്റു നിൽക്കു,

എന്നിട്ട് പറയൂ, ഒന്ന് കൈ പൊക്കിയാൽ മതി, ബഹുമാനപ്പെട്ട അംഗങ്ങൾ ഒന്ന് കൈപൊക്കിയാൽ മതി. (......ബഹളം....) ആ പോസ്റ്റ് കൊണ്ടുവരട്ടെ, ഒരാളും ചെയ്തിട്ടില്ല, ഒരാളും, ഞാൻ വെല്ലുവിളിക്കുന്നു, CAA-യ്ക്കെതിരായി, എൻ.ആർ.സി.-ക്കെതിരായി ഒരു ഫേസ്ബുക്ക് പോസ്റ്റുപോലുമിടാത്തവരാണ് ഇവിടെ വന്ന് വലിയ ഗീർവാണ പ്രസംഗം നടത്തുന്നത്.....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. സ്പീക്കർ: യെസ്.....യെസ്.....എന്താണ് പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞങ്ങൾ ഇതിന് വലിയ പ്രാധാന്യം കൊടുക്കണ്ടായെന്ന് കരുതി മിണ്ടാതിരുന്നതാണ്. പക്ഷെ വ്യക്തിപരമായി പേര് എടുത്തുപറഞ്ഞതുകൊണ്ട്....... ഞങ്ങൾ ഞങ്ങളുടെ സാമൂഹ്യമാധ്യമങ്ങളിലെല്ലാം CAA-യ്ക്കെതിരായി, ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്കെതിരായി, ദേശീയ ഗവൺമെന്റ് ബി.ജെ.പി. ഗവൺമെന്റ് നടത്തുന്ന നടപടികൾക്കെതിരായി സമൂഹമാധ്യമങ്ങളിൽ പ്രതികരിച്ചിട്ടുണ്ട്, മാധ്യമങ്ങളിൽ പ്രതികരിച്ചിട്ടുണ്ട്, ഈ നിയമസഭയിൽ ഇന്നുപോലും പ്രസംഗിച്ചിട്ടുണ്ട്. അതിനെതിരായി അങ്ങനെ പറഞ്ഞിട്ടില്ല, ഇവിടെയുള്ള ഒരു

കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ന്റെയും ആളുകൾ പറയുന്നില്ല എന്നുള്ളത് defamatory ആണ്. 307 പ്രകാരം ഈ പറഞ്ഞ വസ്തുതാവിരുദ്ധമായ കാര്യം അപകീർത്തികരമായ കാര്യം 307 പ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: യെസ്...യെസ്.... പരിശോധിച്ച് വേണ്ടത് ചെയ്യാം.+

ഡോ. കെ. ടി. ജലീൽ: സർ, എന്റെ മാന്യസുഹൃത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് കുണ്ടറ സി.ഐ.-യെക്കുറിച്ച് ഒരു പക്ഷെ പറഞ്ഞിട്ടുണ്ടാകാം. CAA-യെക്കുറിച്ച് ഒരു വാക്ക് എഴുതിയിട്ടുണ്ടെങ്കിൽ അതിപ്പോൾ ഒന്ന് കാണിക്ക്, ഒന്ന് പ്രദർശിപ്പിക്ക്......(ബഹളം)..... ഒരാളും അത് ചെയ്തിട്ടില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇത്തരത്തിലുള്ള ബില്ലുകൾ വന്ന സമയത്ത് ഞാൻ എന്റെ നേതൃത്വത്തിൽ നൈറ്റ് മാർച്ച് നടത്തി, എന്റെ ഫേസ്ബുക്കിൽ അത് ലൈവായി ലോകം മുഴുവൻ കണ്ടതാണ്.

മി. സ്പീക്കർ:യെസ്....യെസ്... പോയിന്റ് ക്ലിയർ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫ.നം.11483/ഇ.ബി./2024/ലെജി. തീയതി 05/07/2024) സഭാരേഖകളിൽ നിലനിർത്തി.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അതിലെ പോയിന്റ്, വീണ്ടും എന്റെ പേര് പറഞ്ഞുകൊണ്ട് വസ്തുതാവിരുദ്ധമായ കാര്യം ആവർത്തിച്ച് പറയുന്നത് സഭാ രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: യെസ്.... അത് പരിശോധിച്ച് ചെയ്യാം.+

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അത്രയും ചെയ്താൽ മതി.

ഡോ. കെ. ടി. ജലീൽ: സർ, കോൺഗ്രസ്സിന് രണ്ട് സമീപനമാണ്. ഇന്നുവരെ കേരളത്തിലെ കോൺഗ്രസ് ആർ.എസ്.എസ്.-നോട് ഏറ്റുമുട്ടിയിട്ടുണ്ടോ; നിങ്ങളുടെ കൈപ്പത്തിയൊന്ന് ആർ.എസ്.എസ്.-നെതിരായി വെറുതെ തമാശയ്ക്കെങ്കിലും ഉയർത്തിയിട്ടുണ്ടോ? ..... മൈന്റ് ചെയ്യണ്ട, മൈന്റ് ചെയ്യാതിരുന്നോ; കാരണം ഉത്തരമില്ലെങ്കിൽ മൈന്റ് ചെയ്യാതിരിക്കുന്നതാണ് നല്ലത്; ഞാൻ ചോദിക്കുന്നു, നിങ്ങൾ എത്ര സഖാക്കളെ വെട്ടിക്കൊന്നിട്ടുണ്ട്; എതെങ്കിലുമൊരു ആർ.എസ്.എസ്.-കാരനെതിരായി, ബി.ജെ.പി.-ക്കാരനെതിരായി നിങ്ങളുടെ കൈ ഈ നാട്ടിൽ, ഇവിടെ ഈ കേരളത്തിൽ എന്നെങ്കിലും ഉയർന്നിട്ടുണ്ടോ? അപ്പോൾ നിങ്ങൾ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫ.നം.11483/ഇ.ബി./2024/ലെജി. തീയതി 05/07/2024) സഭാരേഖകളിൽ നിലനിർത്തി.

പറയും, ഞങ്ങൾ വലിയ ഗാന്ധിയന്മാരാണ്, ഞങ്ങൾ അതൊന്നും ചെയ്യില്ലായെന്ന്. നിങ്ങളതൊന്നും ചെയ്യില്ലെങ്കിൽ, എത്ര പേരെ, എത്ര സഖാക്കളെ നിങ്ങൾ കൊന്നുതള്ളിയിട്ടുണ്ട്. അത് നിങ്ങൾക്കാവാം. പക്ഷേ ആർ.എസ്.എസ്.-നോടും ബി.ജെ.പി.-യോടും അത്തരത്തിലുള്ള സമീപനമേ വയ്യ എന്നാണ് പറയുന്നത്. മുസ്ലീം ലീഗിന്റെ സുഹൃത്തുക്കളോട് എനിക്ക് പറയാനുള്ളത്, വലിയ ആവേശത്തിൽ കോൺഗ്രസിന്റെ കൂടെക്കൂടി വാദിക്കണ്ട. അഞ്ച് എം.എൽ.എ.-മാരാണ് യു.പി.-യിൽ അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നത്. എന്നെങ്കിലും നിങ്ങളും അറസ്റ്റ് ചെയ്യപ്പെട്ടാൽ ഇന്ത്യയുടെ പാർലമെന്റിൽ നിങ്ങൾക്കുവേണ്ടി ശബ്ദിക്കാൻ ഇടതുപക്ഷമേ ഉണ്ടാകൂ. അത് നിങ്ങൾ മറക്കണ്ട; യു.പി. എന്നുപറയുന്നത് ശ്രീ. രാഹുൽ ഗാന്ധി തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനമാണ്. പത്ത്ആയിരത്തിയഞ്ഞൂറ് പാവപ്പെട്ട മനുഷ്യരുടെ വീടുകൾ ബുൾഡോസർ വച്ച് തകർത്തു. അതൊക്കെ ഒരു പ്രശ്നമല്ലേ; എന്തേ അതേക്കുറിച്ചൊന്നും ശ്രീ. രാഹുൽ ഗാന്ധി പറയാതിരുന്നത്? ഇതാണ് മുസ്ലീം ലീഗിന്റെ സുഹൃത്തുക്കൾ വല്ലാതെ ആവേശം കൊള്ളേണ്ട കാര്യമില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. എ. കെ. ആന്റണിയുടെ ഇലക്ഷന്റെ

സമയത്ത് മുസ്ലീം ലീഗിന്റെ സുഹൃത്തുക്കൾ പറഞ്ഞത്, ശ്രീ. എ. കെ. ആന്റണി ഇബ്രാഹിം നബിയുടെ സന്തതി പരമ്പരയിൽപ്പെട്ടയാളാണെന്നാണ്. എന്നാൽ ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധി യൂസഫ് നബിയാണെന്നാണ് പറഞ്ഞത്. ഞങ്ങളൊക്കെയാണ് ഇത് പറഞ്ഞതെങ്കിൽ നിങ്ങൾ എന്തൊക്കെ മാത്താംകുത്തുകളുണ്ടാക്കുമായിരുന്നു, എന്തൊക്കെ മാത്താംകുത്തുകൾ നിങ്ങളുണ്ടാക്കി; നമുക്കെല്ലാവർക്കുമറിയാം......

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്......

ഡോ. കെ. ടി. ജലീൽ: സർ, എന്റെ കുറെ സമയം എടുത്തിട്ടുണ്ട്.

മി. സ്പീക്കർ: അതിനുപകരം അധിക സമയം നൽകിയില്ലേ......പ്ലീസ്....പ്ലീസ്.....

ഡോ. കെ. ടി. ജലീൽ: സർ, എനിക്ക് മുസ്ലീം ലീഗിന്റെ സുഹൃത്തുക്കളോട് പറയാനുള്ളത്, വല്ലാതെ ആവേശത്തോടുകൂടി കോൺഗ്രസിനെ പിന്തുണയ്ക്കുണ്ട; ആ സ്നേഹവും പിന്തുണയുമൊന്നും കോൺഗ്രസിന്റെ ഭാഗത്തുനിന്നും നിങ്ങൾക്കുകിട്ടിയെന്ന് വരില്ലെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുകയാണ്. ഈ സഭയിൽ ഒരു ആർ.എസ്.എസ്.-ന്റെ ശബ്ദം നമ്മൾ കേട്ടിട്ടില്ല, അതിനുള്ള അവസരമുണ്ടായിട്ടില്ല. പക്ഷേ, ആർ.എസ്.എസ്.-കാരൻ എതിർക്കുന്നതിനേക്കാൾ ശക്തമായ ഭാഷയിലാണ് ശ്രീ. രാഹുൽ ഗാന്ധിയെ ഡോ. കെ. ടി. ജലീൽ എതിർത്തത്. ഒരു ബി.ജെ.പി.-യുടെ ശബ്ദം ഈ സഭയിൽ കേൾക്കുന്നതുപോലെ എനിക്ക് തോന്നി. എങ്ങോട്ടാണ് ഡോ. കെ. ടി. ജലീൽ പോകുന്നത്. അങ്ങൊരു കമ്മ്യൂണിസ്റ്റ് അല്ലാത്തതുകൊണ്ട് അതിലേക്ക് പോകുന്നില്ല. ഇന്ത്യയിൽ ഇന്നലെ ലോക്സഭയിലുണ്ടായ പ്രസംഗം, ഇന്ത്യയിലെ ജനകോടികളുടെ മനസ്സിൽ ഉണ്ടാക്കിയ ആശ്വാസവും കുറേക്കാലം ആശങ്കയോടുകൂടി നിന്നിരുന്ന ഇന്ത്യയിലെ ന്യൂനപക്ഷ ദളിത് പിന്നോക്ക വിഭാഗങ്ങൾക്കിടയിലുണ്ടാക്കിയ ആവേശവും എത്ര വലുതാണ്. അത് നിങ്ങൾ ഇടതുപക്ഷം തിരിച്ചറിഞ്ഞില്ലെങ്കിൽ, നിങ്ങൾ തെറ്റ് തിരുത്തുന്നില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവല്ലേ? നിങ്ങൾ ഇനിയും ശ്രീ. രാഹുൽ ഗാന്ധിയെ എതിർത്ത് എതിർത്ത് മുന്നോട്ടുപോയാൽ നിങ്ങളുടെ അവസ്ഥയെന്താകും? ഇവിടെ മുൻനിരയിലിരിക്കുന്ന കേന്ദ്ര കമ്മിറ്റി അംഗങ്ങൾ

ഉൾപ്പെടെയുള്ളവരോട് പറയട്ടെ; ഡോ. കെ. ടി. ജലീലിന്റെ വാക്കുകൾ കേട്ട് നിങ്ങൾ പോയിക്കഴിഞ്ഞാൽ നിങ്ങളുടെ അവസ്ഥ ഇതിനേക്കാൾ ദയനീയമായിരിക്കും. അതിൽ യാതൊരു സംശയവുമില്ല. അദ്ദേഹത്തിന് എന്ത് വിരോധമാണെന്നറിയില്ല. ഇന്ത്യാരാജ്യത്ത് ആർ.എസ്.എസ്.-നെ എതിർത്തോ ശ്രീ. രാഹുൽ ഗാന്ധി എന്നാണ് അദ്ദേഹം ചോദിച്ചത്. അങ്ങേക്ക് അറിയില്ലേ ആർ.എസ്.എസ്.-നെ എതിർത്തതിന്റെ പേരിലല്ലേ അദ്ദേഹത്തിന്റെ പാർലമെന്റ് അംഗത്വം നഷ്ടമായത്. സവർക്കറെ എതിർത്തില്ലെന്ന് പറയുന്നത്, ഇന്ത്യാമുന്നണിയിൽ നിന്ന് മഹാരാഷ്ട്രയിലെ ഘടകകക്ഷികൾപോലും സവർക്കർക്കെതിരെ പറയരുതെന്ന് പറഞ്ഞപ്പോൾ അതിൽ നിന്ന് ഒരിഞ്ച് പിന്നോട്ട് മാറാതെ സവർക്കർക്കെതിരെ പ്രസംഗിക്കാൻ തന്റേടം കാണിച്ചൊരു നേതാവ് ഇന്ത്യാ രാജ്യത്തുണ്ടെങ്കിൽ അത് ശ്രീ. രാഹുൽ ഗാന്ധിയല്ലേ; എന്താണ് ഈ പറയുന്നത്? നിങ്ങൾ കുറേയാളുകൾ കയ്യടിക്കുന്നു. എങ്ങോട്ടാണിത് പോകുന്നത്. ഈ രാജ്യത്തിൽ ശ്രീ. പിണറായി വിജയൻ പോലും അത് പറയില്ല.

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്...

ശ്രീ. എ. പി. അനിൽ കുമാർ: സർ, നിങ്ങൾക്കിത് പറഞ്ഞുകൊണ്ടിരിക്കാം. നിങ്ങളൊക്കെ ഇത് പറഞ്ഞുകൊണ്ടിരിക്കണം. ഇത് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ അടിത്തറ ഇളകി പോകുന്നത് നിങ്ങൾ മനസ്സിലാക്കില്ല. കാരണം നിങ്ങൾ അധികാരത്തിന്റെ പുറത്താണ്. എം.എൽ.എ.-മാരാണ്, മന്ത്രിമാരാണ്, മുഖ്യമന്ത്രിയാണ്. നിങ്ങളുടെ അടിത്തറ ഒന്നിച്ച് പൊയ്ക്കൊണ്ടിരിക്കുകയാണ്. അതൊന്ന് തിരിച്ചറിഞ്ഞ് ആ തെറ്റ് തിരുത്തുകയാണ് വേണ്ടത്. ഞാൻ സമയ പരിമിതികൊണ്ട് ധനകാര്യം പറയണമെന്ന് ഉദ്ദേശിച്ചതാണ്.

മി. സ്പീക്കർ: Please address to the Chair, എന്നാൽ കുറെ കമന്റ്സ് ഒഴിവാകും.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ശ്രീ. രാഹുൽ ഗാന്ധിയുടെ വാർത്തയൊന്നും ദേശാഭിമാനി കൊടുത്തില്ലെന്ന് ഇവിടെ പറയുകയുണ്ടായി. എനിക്ക് അതിൽ ഒരു അത്ഭുതവും തോന്നുന്നില്ല. കാരണമെന്തുകൊണ്ടാണ്? ദേശാഭിമാനിക്ക് അത് കൊടുക്കാൻ കഴിയില്ല. ഇന്നലെ അദ്ദേഹത്തിന്റെ പ്രസംഗം അങ്ങ് ശ്രദ്ധിച്ചിരുന്നോ? അദ്ദേഹം ബി.ജെ.പി.-ക്ക് എതിരെ

പ്രസംഗിച്ച് പറഞ്ഞ ഓരോ കാര്യങ്ങളുമുണ്ട്. ബി.ജെ.പി. നേതാക്കൾ, ശ്രീ. നരേന്ദ്ര മോദി അധികാര ദുർവിനിയോഗം ചെയ്തുകൊണ്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെയും സി.ബി.ഐ.-യെയും വച്ചുകൊണ്ട് കോൺഗ്രസ് നേതാക്കൾക്കെതിരെ എടുത്ത നടപടികളെക്കുറിച്ചും അദ്ദേഹത്തെ 55 മണിക്കൂർ നേരം ചോദ്യം ചെയ്തതിനെക്കുറിച്ചും ഇന്ത്യയിലെ കോൺഗ്രസ് നേതാക്കളെ ജയിലിലടച്ചതിനെക്കുറിച്ചും അധികാര ദുർവിനിയോഗം നടത്തിയതിനെക്കുറിച്ചും പല നേതാക്കളും കോൺഗ്രസ്സിൽ നിന്നും മാറിപ്പോയി ബി.ജെ.പി.-യിൽ ചേർന്നതിനെക്കുറിച്ചും പറയുകയുണ്ടായി. എന്താണ് കാര്യം? സി.ബി.ഐ.-യെയും ഇ.ഡി.-യെയും വച്ച് കേസ്സെടുത്ത് അവരോട് ചോദിച്ചു നിങ്ങൾക്ക് ജയിൽ വേണോ, ബി.ജെ.പി. വേണമോയെന്ന്? പലരും കരഞ്ഞുകൊണ്ടാണ് ബി.ജെ.പി.-യിലേക്ക് പോയത്. അത്രമാത്രം അധികാര ദുർവിനിയോഗം അവിടെ നടത്തി. അത് വായിച്ച് പത്രത്തിൽ കൊടുത്താൽ ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരന് തോന്നും ഇത് ശ്രീ. പിണറായി വിജയനെക്കുറിച്ചുള്ള കാര്യമാണോയെന്ന്. അദ്ദേഹം പറഞ്ഞത് ബി.ജെ.പി.-ക്ക് എതിരാണ്. ശ്രീ. പിണറായി വിജയൻ എന്താണ് ചെയ്തത്; കേരളത്തിലെ

മുഖ്യമന്ത്രിയെന്താണ് ചെയ്തത്? കഴിഞ്ഞ എട്ട് വർഷക്കാലത്തെ ചിത്രമെന്താണ്? ഇ.എം.എസ്. മുതൽ വി.എസ്. വരെയുള്ള കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ ഇവിടെ പ്രതിപക്ഷമായും ഭരണപക്ഷമായും യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം ഇരുന്നിട്ടുണ്ടെന്ന് മനസ്സിലാകും. രാഷ്ട്രീയമായ ആക്ഷേപങ്ങളും ആരോപണങ്ങളും പറഞ്ഞിട്ടുണ്ട്. പക്ഷേ ആക്ഷേപങ്ങളും ആരോപണങ്ങളും പറഞ്ഞതിന്റെ പേരിൽ പ്രതിപക്ഷത്തിരിക്കുന്നവരെ വിജിലൻസ് കേസ്സിൽ കുടുക്കിയൊരു മുഖ്യമന്ത്രി കേരളത്തിൽ ഉണ്ടായിട്ടുണ്ടോ? ഇ.എം.എസ്. മുതൽ വി.എസ്. വരെയുള്ള നേതാക്കളുടെ ചരിത്രമെടുത്ത് പരിശോധിച്ചാൽ 'ഇല്ല' എന്ന് കാണാൻ കഴിയും. പക്ഷേ ശ്രീ. പിണറായി വിജയൻ ചെയ്തത് എന്താണ്? ശ്രീ. പിണറായി വിജയൻ എത്രപേർക്കെതിരെയാണ് വിജിലൻസ് കേസ്സും ക്രൈംബ്രാഞ്ച് കേസുമെടുത്തത്? അഴിമതി ആരോപണത്തെക്കുറിച്ച് പറഞ്ഞാൽ, ഉമ്മൻ ചാണ്ടിക്കെതിരെയും അദ്ദേഹത്തിന്റെ കുടുംബത്തിനെതിരെയും എത്രമാത്രം അഴിമതി ആരോപണമാണ് ഇവിടെ വന്നത്. ഉമ്മൻ ചാണ്ടിക്കെതിരെ അന്ന് ആക്ഷേപവും അഴിമതി ആരോപണവും പറഞ്ഞ ആർക്കെങ്കിലുമെതിരെ

വിജിലൻസ് അന്വേഷണം നടത്തിയോ? എന്താണ് ഇപ്പോൾ കേരളത്തിന്റെ സ്ഥിതി. ശ്രീ. നരേന്ദ്ര മോദി എന്താണോ ചെയ്തത്, അതുതന്നെയാണ് നിങ്ങൾ ഇവിടെ ചെയ്യുന്നത്. നിങ്ങൾ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെക്കുറിച്ചും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെക്കുറിച്ച് ആക്ഷേപം പറഞ്ഞപ്പോൾ ഏതെങ്കിലും എം.എൽ.എ.-യുടെ വീട്ടിലേക്ക് സർവ്വേയറെ അയച്ചോ? ഏതെങ്കിലും എം.എൽ.എ.-യുടെ വീട് അളക്കാൻ പറഞ്ഞോ, ഭൂമി അളക്കാൻ പറഞ്ഞോ; ഏതെങ്കിലും എം.എൽ.എ.-യുടെ വീട്ടിലേക്ക് വിജിലൻസിനെ അയച്ചോ? ഇല്ല. ഞങ്ങളതിനെ രാഷ്ട്രീയമായി നേരിട്ടു. അതല്ലാതെ നിങ്ങൾ ചെയ്യുന്നതുപോലെ ആക്ഷേപങ്ങൾ പറയുമ്പോൾ അതിനെ അധികാരം കൊണ്ട് ബി.ജെ.പി. നേരിട്ടതുപോലെ നേരിടുകയല്ല. എന്താണ് ബി.ജെ.പി. ചെയ്തത്. ഞാൻ പറഞ്ഞല്ലോ ഒരുപാട് നേതാക്കളെ കോൺഗ്രസ്സിൽ നിന്ന് ബി.ജെ.പി.-യിലേക്ക് കൊണ്ടുവന്നു. അതൊക്കെ കഴിഞ്ഞ് മത്സരിച്ചാണ് ഞങ്ങൾ ഈ വിജയം നേടിയത്. ഞങ്ങളോടൊപ്പം നിന്നിരുന്ന ഓരോ സംസ്ഥാനത്തെയും നേതാക്കളെ ബി.ജെ.പി.-യിൽ ചേർത്തുകഴിഞ്ഞാൽ കോൺഗ്രസ്സ് തകരുമെന്നാണ് ശ്രീ. നരേന്ദ്ര മോദി കരുതിയത്. നിങ്ങളും ചെയ്തില്ലേ?

കേരളത്തിന്റെ ചരിത്രത്തിൽ കെ.പി.സി.സി.-യുടെ ഭാരവാഹി, യൂത്ത് കോൺഗസ്സിന്റെ നേതാക്കൾ, എം.പി.-മാരും മന്ത്രിയുമായിരുന്നവരെ ഓരോരുത്തരെയായി ശ്രീ. നരേന്ദ്ര മോദി ചെയ്യുന്നതുപോലെ നിങ്ങളും കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്കെടുത്തില്ലേ? എന്തുകൊടുത്തിട്ട്; ചിലർക്ക് നിങ്ങൾ കോർപ്പറേഷൻ കൊടുത്തു, ചിലർക്ക് നിങ്ങൾ ദേവസ്വം ബോർഡ് കൊടുത്തു, ചിലർക്ക് നിങ്ങൾ ക്യാബിനറ്റ് പദവി കൊടുത്ത് അംഗങ്ങളാക്കി. എന്തായി? ശ്രീ. നരേന്ദ്ര മോദിയെപ്പോലെ കേരളത്തിൽ ശ്രീ. പിണറായി വിജയൻ കോൺഗ്രസ്സിലെ കുറേപേരെ അംഗങ്ങളാക്കിയെടുത്ത് ഇവിടെ സ്ഥാനമാനങ്ങളൊക്കെ കൊടുത്തു. എന്താണ് സ്ഥിതി? അവരൊന്നുമല്ല കോൺഗ്രസ്സ്. ഇവിടത്തെ സാധാരണ പ്രവർത്തകരുണ്ട്, ജനങ്ങളുണ്ട്. അവരാണ് കോൺഗ്രസ്സ്. അതുകൊണ്ട് നിങ്ങൾക്ക് ആ സ്ഥാനമാനങ്ങളൊക്കെ പോയി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുവേണ്ടി വിയർപ്പൊഴുക്കിയ ഡി.വൈ.എഫ്.ഐ. പ്രവർത്തകനും, എസ്.എഫ്.ഐ. പ്രവർത്തകനും ഒന്നും കിട്ടിയില്ല. മറ്റുപലർക്കും, അതായത് കോൺഗ്രസ്സിനെ തള്ളിപ്പറഞ്ഞവർക്ക് നിങ്ങൾ ദേവസ്വം ബോർഡ് ചെയർമാനും, കോർപ്പറേഷൻ

ചെയർമാനും, ഡൽഹിയിൽ ക്യാബിനറ്റ് പദവിയും കൊടുത്തു. എട്ട് വർഷം കൊണ്ട് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി എന്താണ് ചെയ്തത്? ഇതാണോ രാഷ്ട്രീയം; ഇതാണോ കമ്മ്യൂണിസം? ഈ രാജ്യത്ത് കോൺഗ്രസ്സിനെ ഇങ്ങനെ ഇല്ലാതാക്കിയിട്ട് ബി.ജെ.പി. വളരണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്. ഈ രാഷ്ട്രീയം തിരുത്തണമെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. ശരിയാണോ എന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട പി. രാജീവിന്റെ ഒരു പ്രസ്താവന കണ്ടു. കോൺഗ്രസ്സിനോടൊപ്പം ചേർന്നതുകൊണ്ടാണ് ദേശീയ തലത്തിൽ തിരിച്ചടിയുണ്ടായതെന്ന് കേന്ദ്രകമ്മിറ്റിയിൽ അദ്ദേഹം പറഞ്ഞതായി വാർത്ത കണ്ടു. അദ്ദേഹം അങ്ങനെ പറയുമോയെന്ന് എനിക്കറില്ല. പറഞ്ഞിട്ടുണ്ടെങ്കിൽ എന്താണ് സ്ഥിതി? കോൺഗ്രസ്സിനോടൊപ്പം ദേശീയതലത്തിൽ നിന്നതുകൊണ്ടല്ലേ ഇന്ന് നാല് അംഗങ്ങൾ പാർലമെന്റിലുണ്ടാകാൻ കാരണമായത്. അതല്ലെങ്കിൽ ഒറ്റയൊന്നല്ലേ ഉണ്ടാകുകയുള്ളൂ. വഴങ്ങാൻ സമയമില്ല.

മി. സ്പീക്കർ: വഴങ്ങിക്കോളൂ, അദ്ദേഹം പറയട്ടെ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കേന്ദ്ര കമ്മിറ്റിയിൽ ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞതായി നേരത്തെയൊരു വാർത്തയുണ്ടായിരുന്നു: രാജസ്ഥാൻ നിയമസഭാ തിരഞ്ഞെടുപ്പിൽ സി.പി.ഐ.(എം) ആയി ചേർന്ന് നിന്നിരുന്നെങ്കിൽ ഭരണം നഷ്ടപ്പെടുമായിരുന്നില്ലെന്നൊരു വാർത്തയുണ്ടായിരുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് എഴുന്നേറ്റപ്പോൾ ഞാൻ വഴങ്ങി തന്നത് ഞാൻ പറഞ്ഞ പ്രസ്താവന ശരിയാണോ തെറ്റാണോ എന്ന് പറയുമെന്ന് കരുതിയാണ്. അങ്ങത് പറഞ്ഞില്ല. പക്ഷേ എനിക്ക് ആശ്വാസം തോന്നിയത്, കേന്ദ്ര കമ്മിറ്റിയിലെ മഹാഭൂരിപക്ഷം അംഗങ്ങളും കോൺഗ്രസ്സിനോടൊപ്പം നിന്ന കാര്യങ്ങളിൽ നൂറ് ശതമാനം ശരിയായിരുന്നുവെന്ന് പറഞ്ഞുവെന്ന് മാത്രമല്ല കേരളത്തിലെ നിലപാടിനെതിരായി വ്യക്തമായി പറയുകയും ചെയ്തുവെന്ന വാർത്തയും വായിച്ചു. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ ശ്രീ. രാഹുൽ ഗാന്ധി ആരാണെന്ന് ഇന്ന് തിരിച്ചറിയുന്നുണ്ട്. ശ്രീ. രാഹുൽ ഗാന്ധിയെ സംബന്ധിച്ചിടത്തോളം ഇന്ന് നിർഭയത്തോടുകൂടി... ശ്രീ. നരേന്ദ്ര മോദിയുടെ

എല്ലാ അധികാരങ്ങളും നിൽക്കുമ്പോൾ, എല്ലാ ആയുധങ്ങളുമുള്ളപ്പോൾ അതിനെതിരെ ശബ്ദിക്കാൻ, അദ്ദേഹത്തിനെതിരെ പറയാൻ ഈ ഇന്ത്യാരാജ്യത്ത് ആരുണ്ട്? ഇന്നലെ കണ്ടല്ലോ, ഇന്ത്യാരാജ്യത്ത് അതുപോലൊരു നിർഭയനായ പോരാളി ആരുണ്ട്? അതുകൊണ്ടാണ് ജനങ്ങൾ നിൽക്കുന്നത്. ശ്രീ. രാഹുൽ ഗാന്ധി ഇന്നലത്തെ പ്രസംഗത്തിൽ ന്യൂനപക്ഷമെന്ന വാക്കുയർത്തി സംസാരിച്ചില്ലെന്ന് ഡോ. കെ. ടി. ജലീൽ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു; ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്കുവേണ്ടിയും ദളിതർക്കുവേണ്ടിയും ഇന്ത്യയിലെ മുഴുവൻ ജനവിഭാഗങ്ങൾക്കുവേണ്ടിയും അദ്ദേഹം സംസാരിച്ചു. ഇന്ന് നിങ്ങളുടെ കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ചുപോയ്ക്കൊണ്ടിരിക്കുകയാണ്. ഞാൻ അഭിമാനത്തോടെ പറഞ്ഞ് അവസാനിപ്പിക്കാം. മൂന്ന് ലക്ഷത്തി എഴുപതിനായിരം വോട്ടിന്റെ ഭൂരിപക്ഷം വയനാട് പാർലമെന്റ് മണ്ഡലത്തിൽ ശ്രീ. രാഹുൽ ഗാന്ധിക്ക് ലഭിച്ചെങ്കിൽ അത് യു.ഡി.എഫ്.-ന്റെ വോട്ട് മാത്രമല്ല. നിങ്ങളുടെ ആൾക്കാരും ഞങ്ങൾക്ക് വോട്ട് ചെയ്തു. അതല്ലെങ്കിൽ ഞങ്ങൾക്കത്രയും ഭൂരിപക്ഷം കിട്ടില്ല. നിങ്ങൾ ഇങ്ങനൊക്കെ ചിന്തിക്കുമ്പോഴും

ഈ രാജ്യം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന മതേതരവാദികൾ ഇന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ട്. അതുകൊണ്ട് അവർ കോൺഗ്രസ്സും ശ്രീ. രാഹുൽ ഗാന്ധിയും നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് അവരുടെ വോട്ടുപോലും ശ്രീ. രാഹുൽ ഗാന്ധിക്ക് ലഭിച്ചത്. എനിക്ക് അതുകൊണ്ട് അഭ്യർത്ഥിക്കാനുള്ളത് ഡോ. കെ. ടി. ജലീൽ, അങ്ങ് പറഞ്ഞത് വളരെ വളരെ കടന്നുപോയി. അങ്ങയെപ്പോലൊരാൾ ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ ശ്രീ. രാഹുൽ ഗാന്ധിയെപ്പോലൊരു നേതാവിനെ... ഞാൻ പറഞ്ഞല്ലോ ഇന്ന് അദ്ദേഹം പ്രതിപക്ഷ നേതാവാണ്. ഇന്ന് അദ്ദേഹം ഒരു വലിയ മുന്നണിയുടെ നേതാവ് കൂടിയാണ്. പക്ഷേ ഇതൊന്നുമില്ലാത്ത സമയത്ത് ഇന്ത്യയിലെ വാർത്താ മാധ്യമങ്ങളും ഇന്ത്യയിലെ കുത്തക പത്രങ്ങളും അദ്ദേഹത്തെക്കുറിച്ച് എഴുതി തള്ളിയപ്പോൾപ്പോലും ഒരു പ്രയാസവും കൂടാതെ ഒരു ഭയപ്പാടുമില്ലാതെ മുന്നോട്ട് നീങ്ങി ശ്രീ. നരേന്ദ്ര മോദിയെയും ആർ.എസ്.എസ്.-നെയും എതിർത്ത നേതാവാണ് ശ്രീ. രാഹുൽ ഗാന്ധിയെന്ന കാര്യം വിസ്മരിച്ചുകൊണ്ട് അങ്ങ് ഇവിടെ സംസാരിച്ചത് ആർ.എസ്.എസ്.-ന്റെ ശബ്ദമാണെന്ന്കൂടി പറഞ്ഞുകൊണ്ട് ഞാൻ ഉപക്ഷേപത്തെ എതിർക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുള്ളതാണ് ഇവിടെ അവതരിപ്പിച്ച പ്രമേയത്തിന്റെ ഉദ്ദേശ്യം. അതുസംബന്ധിച്ച ചർച്ചകൾ നടന്നു. ഈ ബില്ലിനെ സംബന്ധിച്ച് കുറെ കാര്യങ്ങളും പൊതുരാഷ്ട്രീയകാര്യങ്ങളും പറയുകയുണ്ടായി. 1959-ലെ കേരള മുദ്രപത്ര ആക്റ്റ്, 1959-ലെ കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റ്, 1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്റ്റ്, 1976-ലെ കേരള മോട്ടോർ വാഹന നികുതി ആക്റ്റ് എന്നീ നിയമങ്ങൾ ഭേദഗതി ചെയ്യുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. 2017-ൽ ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പ് വിവിധ നിയമങ്ങളുണ്ടായിരുന്നു. അതിൽ നാൽപ്പതോളം വർഷങ്ങളായുള്ള പല കുടിശ്ശികകളും ഉൾപ്പെടുന്നുണ്ട്. നികുതിയുമായി ബന്ധപ്പെട്ട വലിയ കുടിശ്ശികകൾ നൽകാനുള്ള വാണിജ്യ രംഗത്തുണ്ടായിരുന്ന പലരും ഇന്ന് ജീവിച്ചിരിക്കുന്നില്ല എന്നതാണ് വസ്തുത. പഴയ രേഖകളിലും കുടിശ്ശിക നൽകാനുള്ള ആളുകളും ജീവിച്ചിരിപ്പില്ലാത്തതിനാൽ അതൊക്കെ ഒഴിവാക്കാൻ കഴിയുന്ന രീതിയിലാണ് ആംനെസ്റ്റി സ്കീം കൊണ്ടുവന്നത്. 1957-ലെ കേരള

നികുതികളിന്മേലുള്ള സർചാർജ്ജ് ആക്റ്റ്, 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ്, റദ്ദാക്കപ്പെട്ട 1976-ലെ കേരള ആഡംബര നികുതി ആക്റ്റ്, റദ്ദാക്കപ്പെട്ട 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ്, റദ്ദാക്കപ്പെട്ട 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റ് തുടങ്ങി വിവിധ നിയമങ്ങൾ വഴിയുള്ള കുടിശ്ശികകൾ എഴുതിത്തള്ളേണ്ടതുണ്ട്. ഇങ്ങനെയുള്ള കുറെയേറെ കാര്യങ്ങൾ ഉൾപ്പെടുന്നതാണ് ഈ ബിൽ. ബില്ലിൽ വരേണ്ട പ്രധാനപ്പെട്ട ചില കാര്യങ്ങൾ ചർച്ചയിൽ വന്നിട്ടില്ല. 50000 രൂപയ്ക്ക് താഴെ കുടിശ്ശിക നൽകാനുള്ള 22667 കച്ചവടക്കാരുണ്ടെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകതയായി പറയേണ്ടത്. അൻപതിനായിരം രൂപയ്ക്ക് താഴെ കുടിശ്ശികയോടൊപ്പം പലിശയും പെനാൽറ്റിയുംകൂടി വരുമ്പോൾ കുറച്ചുകൂടി തുക വരും. അങ്ങനെയുള്ള മുഴുവൻ ആളുകളുടെയും എല്ലാ ബാധ്യതയും എഴുതിത്തള്ളുന്നതാണ് ആംനെസ്റ്റി സ്കീമിലെ ഒന്നാമത്തെ ഭാഗം. 22667 പേർക്ക് വർഷങ്ങളായി കുടിശ്ശികയായി നിൽക്കുന്ന ബാധ്യത മുഴുവൻ ആംനെസ്റ്റിയുടെ ഭാഗമായി എഴുതിത്തള്ളുകയാണ്. അതിൽ ചില ആളുകൾ ജീവിച്ചിരിപ്പില്ല. ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പുള്ള ഘട്ടങ്ങളിൽ പല

സംസ്ഥാനങ്ങളും ഇത് ചെയ്യുന്നുണ്ട്. അങ്ങനെ വരുമ്പോൾ അൻപതിനായിരത്തിന് താഴെയുള്ള തുക വലുതല്ല. അൻപതിനായിരം രൂപ മുതൽ പത്ത് ലക്ഷം രൂപ വരെ കുടിശ്ശിക നൽകാനുള്ള 21436 ആളുകളുടെ തുക എഴുതിത്തള്ളുന്നതിന് പ്രത്യേകമായി ശതമാനം നിശ്ചയിച്ചിട്ടുണ്ട്. അവർ ആകെ നൽകേണ്ട തുകയുടെ നിശ്ചിത ഭാഗം എഴുതിത്തള്ളുകയും ബാക്കി പണം അടച്ച് തീർക്കുകയും ചെയ്യുന്ന തരത്തിലുള്ള കൺഡീഷനാണ് ആനെസ്റ്റി സ്കീമിൽ വച്ചിട്ടുള്ളത്. അതുപോലെ പത്ത് ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെയും അതിന് മുകളിലുള്ളവർക്കുള്ള തുക എഴുതിത്തള്ളുന്നതിന് പ്രത്യേക ശതമാനം നിശ്ചയിച്ചിട്ടുണ്ട്. അൻപതിനായിരം രൂപയുടെ കുടിശ്ശിക നേരത്തെ പറഞ്ഞതുപോലെ മുഴുവനും എഴുതിത്തള്ളുകയാണ് ചെയ്യുന്നത്.

രണ്ടാമത്തെ സ്ലാബായ അൻപതിനായിരം രൂപ മുതൽ പത്ത് ലക്ഷം രൂപ വരെയുള്ള നികുതി കുടിശ്ശികകൾക്ക് നികുതി തുകയുടെ 30 ശതമാനം അടച്ചാൽ മതിയാകും. അതായത്, എത്രയോ വർഷങ്ങളായി നിലനിൽക്കുന്ന. ലീഗലായിട്ടുള്ള വലിയ ബുദ്ധിമുട്ടുകളെല്ലാം പരിഹരിക്കാനായി 30 ശതമാനം തുക അടച്ചുകഴിഞ്ഞാൽ അവരുടെ മുഴുവൻ കടവും തീർക്കാൻ സാധിക്കും,

കൂടാതെ കുടിശ്ശികയും പെനാൽറ്റിയും അടയ്ക്കേണ്ടി വരുന്നില്ല. അങ്ങനെ 21436 പേരുടെ കുടിശ്ശികയാണ് എഴുതിത്തള്ളേണ്ടത്. ഇത് കേരളത്തിലെ ഏറ്റവും വലിയ ആംനെസ്റ്റി പദ്ധതിയാണ്.

മൂന്നാമത്തെ സ്ലാബായ 10 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെയുള്ള നികുതി കുടിശ്ശികക്കാർക്ക് രണ്ടുതരം പദ്ധതികളാണുള്ളത്. ഈ സ്ലാബിൽ നിലവിൽ അപ്പീലിലും നിയമ വ്യവഹാരത്തിലുമുള്ള കുടിശ്ശികകളുള്ളവർക്ക് നികുതിയുടെ 40 ശതമാനം ഒടുക്കിയാൽ മതിയാകും. എന്നാൽ അപ്പീലും വ്യവഹാരവുമില്ലാത്തവർ നികുതിയുടെ 50 ശതമാനം തുക അടയ്ക്കണം. വ്യവഹാരമുള്ളവർക്ക് 40 ശതമാനവും വ്യവഹാരമില്ലാത്തവർക്ക് 50 ശതമാനവും എന്തുകൊണ്ടാണ് അടയ്ക്കേണ്ടി വരുന്നത്? വ്യവഹാരമുള്ളവർ കോടതി ഫീസായി കുറച്ച് പണമടച്ചിട്ടുള്ളതുകൊണ്ടാണ് അങ്ങനെയൊരു സ്ലാബ് നിശ്ചയിച്ചത്. ഇങ്ങനെ രണ്ട് വിഭാഗത്തിലുള്ളവർക്കും വലിയ തോതിലുള്ള ഗുണം ലഭിക്കുന്ന ഒരു പദ്ധതിയാണിത്.

ഒരുകോടി രൂപയിൽ കൂടുതലുള്ളവരാണ് നാലാമത്തെ സ്ലാബിൽ ഉൾപ്പെടുന്നത്. അവിടെ ഇത്രയും വലിയൊരു ഇളവല്ല നൽകുന്നത്. ഈ

സ്ലാബിൽ അപ്പീലിലും നിയമവ്യവഹാരത്തിലുള്ള ആളുകൾക്ക് 70 ശതമാനം തുകയും വ്യവഹാരമില്ലാത്തവർക്ക് 80 ശതമാനം തുകയും അടച്ചാൽ മതിയാകും. ഇതൊക്കെ ടെക്നിക്കൽ കാര്യമാണെങ്കിലും വാണിജ്യരംഗത്ത് ദീർഘകാലമായുള്ള കടങ്ങൾ തീർക്കാൻ സാധിക്കും. ആംനെസ്റ്റി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നേരത്തെ ചില കാര്യങ്ങൾ നടത്തിയ അനുഭവങ്ങളുണ്ട്. 2019-20 സാമ്പത്തിക വർഷം ആംനെസ്റ്റി സ്കീമിലൂടെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കാനും 164 കോടി രൂപ ലഭിക്കുകയും ചെയ്തു. 2020-21 സാമ്പത്തിക വർഷത്തിൽ 270 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 137 കോടി രൂപയും ലഭിച്ചതിലൂടെ കുറെയേറെ കേസുകൾ തീർപ്പാക്കാൻ സാധിച്ചു. അതിനുശേഷം 2022-23 സാമ്പത്തിക വർഷത്തിൽ 66.9 കോടി രൂപ ലഭിച്ചു. അങ്ങനെ ആകെ 36000 പേരുടെ കേസുകൾ ആംനെസ്റ്റി പദ്ധതിയിലൂടെ പരിഹരിക്കാൻ സാധിച്ചു. ഇത് നമ്മുടെ സംസ്ഥാനത്തെ ആംനെസ്റ്റി മാത്രമല്ല. ചരക്കുസേവന നികുതി ആംനെസ്റ്റി പദ്ധതിയുടെ ഘട്ടത്തിലേയ്ക്ക് എത്തിയിട്ടില്ലെങ്കിലും കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ 2020 വരെയുള്ള ഡിമാൻഡുകൾക്ക്

ആംനെസ്റ്റി നൽകി. അതിൽ പലിശയും പെനാൽറ്റിയും ഒഴിവാക്കി അവർ അടയ്ക്കാനുള്ള തുക അടയ്ക്കുക എന്നതാണ്. ഇങ്ങനെ മുൻകൂട്ടി പണമടയ്ക്കുമ്പോൾ, എന്തുകൊണ്ടാണ് ഇത് നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയതെന്ന് ഒരു സംശയം വന്നിരുന്നു. ഇത് നടപ്പിലാക്കുമ്പോൾ, സമയബന്ധിതമായി നോട്ടിഫിക്കേഷൻ വന്നുകഴിഞ്ഞ് പാസ്സാക്കുന്ന അന്നുമുതലാണ് ഇത് നടപ്പിൽ വരുന്നത്. അന്ന് മുതൽ അടച്ചാൽ ഈ മുഴുവൻ ഇളവുകളും ലഭിക്കും. പണമടയ്ക്കാൻ താമസിച്ചാൽ അതനുസരിച്ചുള്ള പലിശ വർദ്ധിക്കും. അതനുസരിച്ച് കൃത്യമായ ടേബിൾ തയ്യാറാക്കി, പതിനെട്ട് ശതമാനമെങ്കിലും വരത്തക്കവിധത്തിലുള്ള പലിശയുണ്ടാക്കി അതുംകൂടി നൽകുന്നരീതിയിലാണ് കാര്യങ്ങൾ ആലോചിക്കുന്നത്. ഒരു മാസം കഴിഞ്ഞാണ് തുക അടയ്ക്കാൻ വരുന്നതെങ്കിൽ അത്രയും സമയത്തെ പലിശകൂടി അതിൽ അധികമായി വരും. വ്യാപാരി സമൂഹത്തിലെ നികുതിദായകർക്ക് വലിയൊരു ഗുണമുണ്ടാകുമെന്നതാണ് ആംനെസ്റ്റി പദ്ധതിയുമായി ബന്ധപ്പെട്ട് പറയാനുള്ളത്. 1959-ലെ കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിനെക്കുറിച്ചും 1963-ലെ കേരള വിദ്യുച്ഛക്തി

നികുതി ആക്റ്റിനെക്കുറിച്ചും ഇവിടെ നേരത്തെ സൂചിപ്പിച്ചു. 1963-ലെ കേരള വിദ്യുച്ഛക്തി നികുതി ആക്റ്റ് നിലവിൽവരുന്ന സമയത്ത് 12 പൈസയിൽ കൂടുതൽ വിലയ്ക്കു വില്ക്കുന്ന ഓരോ യൂണിറ്റ് ശക്തിക്കും 6 പൈസ വച്ച് ജനറേഷന് അടയ്ക്കണമെന്നായിരുന്നു കണക്ക്. വർഷങ്ങൾക്കുശേഷം ചെറിയ തോതിൽ വർധിപ്പിച്ച് 10 പൈസയാക്കിയിട്ടുണ്ട്. ഇപ്പോഴത്തെ റേറ്റ് അനുസരിച്ച് പകുതിയല്ല ആക്കിയത്. 1963-നുശേഷം തുക പുതുക്കിയിട്ടില്ല. കാലോചിതമായി കുറച്ച് വരുമാനമുണ്ടാക്കണമെന്ന് നമ്മൾ ഒരു വശത്തുകൂടി പറയുന്നുണ്ടെങ്കിലും അത് ചെയ്യുന്നില്ല. 1963-നുശേഷം 6 പൈസ എന്നത് പത്ത് പൈസയല്ലേ വർധിപ്പിച്ചത്. എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും കാലോചിതമായി ഇത്തരം കാര്യങ്ങൾ ചെയ്യേണ്ടതാണ്. അറുപത് വർഷത്തിനുശേഷം ഇപ്പോഴാണ് ചെറിയൊരു വ്യത്യാസം വരുത്തിയിട്ടുള്ളത്. ജനറേഷന്റെ കാര്യത്തിൽ, 1.2 പൈസ എന്നത് 15 പൈസയാക്കി. സോളാർ ജനറേഷൻ സംബന്ധിച്ച് ഉന്നയിച്ച പ്രശ്നം സബ്ജക്റ്റ് കമ്മിറ്റിയിൽ പരിശോധിക്കുന്നതാണ്. സോളാറിന്റെ ജനറേഷന് ചാർജ് ഈടാക്കേണ്ടതില്ല. പരിസ്ഥിതി സൗഹാർദ്ദമായി സോളാർ പവറിനെ കാണണമെന്നുള്ളതുകൊണ്ട്

ഈ പറഞ്ഞ വർദ്ധനവിൽ സോളാറിനെ ഉൾപ്പെടുത്താതിരിക്കാനാണ് ഗവൺമെന്റിന്റെ സമീപനം. ആയത് മുമ്പ് പറഞ്ഞിരുന്നുവെങ്കിലും ടെക്നിക്കലായി അതിലൊരു കറക്ഷൻ ആവശ്യമായി വരുന്നതിനാൽ ആയത് കറക്ട് ചെയ്യാം.

1976-ലെ കേരള മോട്ടോർ വാഹന നികുതി ആക്റ്റിലെ ഭേദഗതിയിൽ വന്നത് കേരളത്തിലെ ബസ് വ്യവസായികളെയും അതിന്റെ തൊഴിലാളികളെയും സഹായിക്കാനാണ്. മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളത്തിൽ വലിയതോതിലുള്ള ടാക്സാണ് വരുന്നത്. നാഗാലാന്റ് പോലുള്ള സംസ്ഥാനത്ത് ചെറിയൊരു തുകയ്ക്ക് വാഹനങ്ങൾ രജിസ്റ്റർ ചെയ്തശേഷം അവരുടെ വാഹനങ്ങൾ സംസ്ഥാനത്താണ് ഓടുന്നത്. വാസ്തവത്തിൽ വാഹനം നാഗാലാന്റിൽ പോയിട്ടേയില്ലെങ്കിലും രജിസ്റ്റർ ചെയ്തിരിക്കുന്നത് അവിടത്തെ പേരിലായതിനാൽ അത് മാറ്റിയെടുക്കാനുള്ള കാര്യമെന്ന നിലയിലാണ് ഈ അമെന്റ്മെന്റ് കൊണ്ടുവന്നത്. പക്ഷേ അതിലും ചില കാര്യങ്ങളിൽ കറക്ട് ചെയ്യേണ്ടതായി ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതിനാൽ അതും കറക്ട് ചെയ്യാം.

1959-ലെ കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റ് സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സർക്കാർ ഇങ്ങനെയൊരു നിയമം നടപ്പിലാക്കുമ്പോൾ ഫീസ് വലിയ തോതിൽ വർദ്ധിപ്പിച്ചുവെന്നല്ല; 50 രൂപയായിരുന്നത് 200 രൂപയാകുന്നു. ഇതുകൂടാതെ ഒരു ടേബിൾ വരുന്നുണ്ട്. അതായത് കുടുംബകോടതിയിലെ ഫീസിനെ സംബന്ധിച്ചാണെങ്കിൽ, 5 ലക്ഷം രൂപ വരെയുള്ളവർക്ക് അര ശതമാനവും അതിനുമുകളിലുള്ള 2 കോടി രൂപ വരുന്നയാൾക്ക് 2 ലക്ഷം രൂപ വരുമെന്നതാണ്. ഇതുസംബന്ധിച്ച് പല വിമർശനങ്ങളും ചർച്ചകളും പ്രശ്നങ്ങളും കുടുംബകോടതിയിൽ ഉന്നയിച്ചിട്ടുണ്ട്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കുടുംബകോടതിയുടെ വിഷയത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അംഗങ്ങൾ തീരുമാനമെടുക്കണം. ദുർബലരായ സ്ത്രീകളാണ് പ്രത്യേകിച്ചും വിവാഹ മോചിതരായവർ. അതിനാൽ അക്കാര്യത്തിൽ ഒരു പരിഗണനയുണ്ടാകണം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, എനിക്ക് അക്കാര്യത്തിൽ തർക്കമില്ല. ഇവിടെ സ്ത്രീകളും പുരുഷന്മാരുമെന്നില്ല; സ്ത്രീകളുടെ മാത്രം പ്രശ്നമാണ് എന്ന നിലയിലല്ല സർക്കാർ അതിനെ കാണുന്നത്. റിട്ടയേർഡ് ഹൈക്കോടതി

ജഡ്ജിയും അതുപോലെ ടെക്നിക്കൽ എക്സ്പെർട്ട്സുമായുള്ള ഒരു കമ്മിറ്റിയുണ്ട്. കുടുംബകോടതിയെ സംബന്ധിച്ച കാര്യങ്ങൾ ഈ കമ്മിറ്റിയുമായി സംസാരിച്ചശേഷം ആ തരത്തിലുള്ള നിലപാടെടുക്കാമെന്നാണ് കരുതുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ചിലരൊക്ക ചെക്ക് കേസുകളിൽ അബദ്ധത്തിൽപ്പെട്ടുപോകാറുണ്ട്. ആയതിനാൽ ചെറിയ ചെക്ക് കേസുകളിൽ കുറഞ്ഞതുക കൊണ്ടുവരണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇവിടെ വന്ന രണ്ട് കാര്യങ്ങളും കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താം. ഇവ രണ്ടും രണ്ടുതരത്തിൽ എടുക്കണം. കുടുംബകോടതിയിലെ കേസിൽ കാലോചിതമായി ഒരു വർദ്ധനയും വേണ്ടെന്നല്ല. കുടുംബകോടതി നിയമം 1984-ലുള്ളതായതിനാൽ യാതൊരു ചാർജ്ജും വർദ്ധിപ്പിക്കേണ്ടതില്ലെന്ന സമീപനം വകുപ്പിന് പൊതുവിൽ എടുക്കാൻ കഴിയില്ല. എന്നാൽ ഈ പറഞ്ഞ പ്രശ്നം കുടുംബകോടതികളുടെ പ്രശ്നത്തിലുമുണ്ട്. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിന്റെ കാര്യത്തിൽ കോടതിയെ സമീപിക്കുമ്പോൾ അവിടെ ഫീസ് കൊടുക്കണം.

ആർബിട്രേഷനുള്ള കേസുകളിലും ഔട്ട് ഓഫ് കോർട്ട് സെറ്റിൽമെന്റിനുള്ള പല സംവിധാനങ്ങളിലും ഈ പറഞ്ഞ പ്രശ്നമുണ്ട്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കുടുംബകോടതിയുടെ കാര്യം പരിഗണിക്കാമെന്ന് പറഞ്ഞത് ഏറെ സ്വാഗതാർഹമാണ്. ഏറ്റവും ദുർബല വിഭാഗത്തിന്റെ പ്രശ്നങ്ങളും ഡിവോഴ്സുമൊക്കെയുള്ള ബന്ധപ്പെട്ട കേസുകളും ഉൾപ്പെടുന്നതുകൊണ്ട് ഇക്കാര്യം പരിഗണിക്കാമെന്ന് പറഞ്ഞത് നല്ല കാര്യം തന്നെയാണ്. അതുപോലെ ചെക്ക് കേസിന്റെ കാര്യമെന്താണെന്നു വച്ചാൽ, ചെക്ക് നൽകി പറ്റിക്കപ്പെട്ടവരാണ് കോടതിയെ സമീപിക്കുന്നത്. ഇത്ര രൂപയ്ക്ക് പറ്റിക്കപ്പെട്ടതിനാൽ ആ ചെക്ക് പ്രകാരമുള്ള സംഖ്യ വസൂലാക്കി കിട്ടുന്നതിന് അയാൾ വലിയ സംഖ്യ കോർട്ട് ഫീസായി കൊടുക്കേണ്ടിവരുന്നു. മാത്രമല്ല, അയാളെ പറ്റിച്ച ആൾക്കെതിരെ ക്രിമിനൽ നടപടിയെടുക്കാനാണ് ഫീസ് കെട്ടണമെന്ന് പറയുന്നത്. ഒരാൾ ഒരു കുറ്റം ചെയ്താൽ അതിന് ശിക്ഷ വാങ്ങിക്കൊടുക്കാൻ കോർട്ട് ഫീ കെട്ടണമെന്ന് പറയുന്നത് ന്യായീകരിക്കാൻ കഴിയില്ല. അതുകൊണ്ട് ഈ വിഷയം കൂടി പരിഗണിക്കണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇതുസംബന്ധിച്ച് സബ്ജക്റ്റ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുമെന്നതിനാൽ ഞാൻ അതിന്റെ വിശദമായ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. അത് കമ്മിറ്റിയിൽ ചർച്ച ചെയ്തതിനുശേഷം ബില്ല് പാസ്സാക്കാൻ സഭയിൽ വരുമ്പോൾ വീണ്ടും അക്കാര്യം പരിഗണിക്കാം. ഇതിൽ വളരെ പരിമിതമായ കാര്യങ്ങൾ മാത്രമെയുള്ളൂ. ഇപ്പോൾ ജസ്റ്റിസ് മോഹൻ കമ്മീഷന്റെ ഇടക്കാല ഉത്തരവ് വന്നിട്ടുണ്ട്. അദ്ദേഹവും കമ്മിറ്റിയും കൂടി ഈ കാര്യങ്ങൾ പരിശോധിച്ചപ്പോൾ പത്തും അമ്പതും അറുപതും വർഷങ്ങളായി നിലനിൽക്കുന്ന കോടതി ഫീസുകളുണ്ട്. അവ ഈ പറഞ്ഞ കേസുകളിൽ മാത്രമല്ല; ഇത്തരം ധാരാളം മേഖലകളിൽ ഇപ്രകാരം കാലോചിതമായി പരിഷ്കരിക്കാത്ത കാര്യങ്ങളുണ്ടെന്ന് ജുഡീഷ്യറി രംഗവുമായി ബന്ധപ്പെട്ടവർ പറയുന്നുണ്ട്. അത്തരം കാര്യങ്ങളിലെ പ്രാഥമിക റിപ്പോർട്ടാണ് ഇപ്പോൾ വന്നിട്ടുള്ളത്. ആയത് സബ്ജക്ട് കമ്മിറ്റി കൂടിയശേഷം ചർച്ച ചെയ്യാം. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിലൊന്നും ഫീസിന്റെ വലിയൊരു വർദ്ധനവല്ല വന്നിട്ടുള്ളത്. അതിലെ ചില പ്രയോഗികമായ പ്രശ്നങ്ങൾ പരിശോധിക്കുന്നതിൽ കുഴപ്പമില്ല. ഈ ബില്ല് വീണ്ടും സഭയിൽ വരുന്നതിനാൽ

വലിയ ബാധ്യത വരുന്ന തരത്തിലേയ്ക്ക് വന്നിട്ടില്ല. ഇതൊക്കെയാണ് പൊതുവിലുള്ള കാര്യങ്ങളെങ്കിലും എല്ലാ കാര്യങ്ങളും വീണ്ടും ചർച്ച ചെയ്യുക എന്നുള്ളത് ഇത്തരം ചർച്ചകളുടെ സ്വഭാവമാണ്.

സാമ്പത്തിക സ്ഥിതിയിൽ തുടങ്ങി ശ്രീ. രാഹുൽഗാന്ധിയുടെ പ്രസംഗത്തിന്റെ പ്രഭാവത്തെക്കുറിച്ച് സംസാരിച്ച്, അവസാനം ഇടതുപക്ഷം സംസ്ഥാനത്താകെ മോശമാക്കുന്നതിന്റെ സന്തോഷം പ്രകടിപ്പിച്ചുകൊണ്ടുള്ള സംസാരമാണ് ഇവിടെ നടന്നത്. സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പറയുന്നത് കേട്ടാൽ ഇത്രയും മോശമായ ഒരു സംസ്ഥാനം മറ്റെങ്ങുമില്ലെന്ന് തോന്നും. ഇവിടെയുള്ള മനുഷ്യന് ജീവിക്കാനോ ഭക്ഷണം കഴിക്കാനോ കഞ്ഞി കുടിക്കാനോ ഒന്നും കിട്ടുന്നില്ല; ഒരാൾക്കും വിദ്യാഭ്യാസവും ആരോഗ്യവും കിട്ടുന്നില്ല എന്ന് തോന്നിപ്പോകും. കോൺഗ്രസും ബി.ജെ.പി.-യും ഭരിക്കുന്ന സമയത്ത് നീതി ആയോഗും പ്ലാനിംഗ് കമ്മീഷനുമൊക്കെ കേരളത്തിൽ എൽ.ഡി.എഫ്. ഭരണകാലത്തും ഇപ്പോഴും പല മേഖലകളുടെയും നേട്ടങ്ങളുടെ അവാർഡുകൾ നൽകുന്നത് എന്തുകൊണ്ടാണ്? കേരളത്തിൽനിന്ന് അഞ്ചോ എട്ടോ ഒൻപതോ മന്ത്രിമാരുണ്ടായിരുന്ന യു.പി.എ. ഗവൺമെന്റിന്റെ

കാലത്തും ഏറ്റവും കൂടുതൽ അവാർഡുകൾ ലഭിച്ചിരുന്നത് കേരളത്തിനായിരുന്നു. 'നീതി ആയോഗ്' പോലെയുള്ള സംവിധാനങ്ങൾ വന്നശേഷവും എല്ലാ മേഖലയിലും കേരളത്തിന് അവാർഡ് ലഭിച്ചിട്ടുള്ളതിനാൽ ഇത്രയും കാര്യങ്ങൾ സർക്കാർ ചെയ്യുന്നുണ്ടെന്നുള്ളത് കാണാതിരിക്കരുത്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ എന്തായിരുന്നു കേരളത്തിലെ കോലാഹലം. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ പ്രമുഖ പത്രപ്രവർത്തകർ ചോദിച്ചു... 'കേരളം ശ്രീലങ്കയാകുമെന്ന് കേരളത്തിലെ പ്രതിപക്ഷം' അതിന്റെ അടിസ്ഥാനത്തിൽ ഡൽഹിയിലുൾപ്പെടെ സംസാരമുണ്ടായി. ശ്രീലങ്ക ആ സമയത്ത് സാമ്പത്തികമായി തകർന്ന അവസ്ഥയിലായിരുന്നു. ശ്രീലങ്കയെ പോലെയല്ല കേരളം. കേരളം ഒരു സ്റ്റേറ്റായതിനാൽ എല്ലാ കാര്യങ്ങളും നിയന്ത്രണത്തിനകത്ത് നിന്നാണ് ചെയ്യുന്നത്.

ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത്, ആകെ കുത്തഴിഞ്ഞ് കിടന്ന സാമ്പത്തിക സ്ഥിതിയിൽ..., ദീർഘകാലമായി കൊടുക്കാതിരുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ 96 മാസം കൊണ്ട് 108

മാസത്തെ കുടിശ്ശിക കൊടുത്തുവെന്ന കണക്ക് ഇവിടെയുണ്ട്. അഞ്ച് മാസത്തെ കുടിശ്ശികയുണ്ടെന്നുള്ളത് ഞങ്ങൾ പറഞ്ഞല്ലോ; കൂട്ടി നോക്കൂ... ഇത് സിംപിൾ അരിത്തമെറ്റിക്സ് അല്ലേ; 113-ൽ നിന്നും കുറച്ചാൽ മതി. അന്ന് ആളുകൾ പതിനായിരവും ഇരുപതിനായിരവും മുപ്പതിനായിരവും രൂപ വാങ്ങി നിൽക്കുന്ന ചിത്രങ്ങൾ വന്നു. ഒന്നു-രണ്ട് മാസം കുറച്ചുകിട്ടിയാൽ ഈ കണക്ക് കുറഞ്ഞ് കിട്ടുമെന്നാണോ? ഞങ്ങൾക്ക് അതിൽ കള്ളം പറയേണ്ട കാര്യമുണ്ടോ? അന്ന് അങ്ങനെയൊരു സാഹചര്യമുണ്ടായിരുന്നുവെങ്കിലും അതിനുശേഷം ഓരോ മേഖലയിലും വ്യത്യാസം വരുത്തി. ആദ്യത്തെ രണ്ടുമൂന്ന് വർഷം ഗവൺമെന്റ് ബുദ്ധിമുട്ടിയിട്ടുള്ളതും അവിടെനിന്നും അത് മറികടന്നുവരാൻ ധാരാളം കാര്യങ്ങൾ ചെയ്തതും നമുക്ക് അറിയാവുന്നതാണ്. ആ സമയം കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരികയും അവർ ഒന്നാം എൽ.ഡി.എഫ്. ഗവൺമെന്റിനെ അങ്ങേയറ്റം ശ്വാസംമുട്ടിച്ച് ശമ്പളവും ആനുകൂല്യങ്ങളും ജനങ്ങൾക്ക് കൊടുക്കാൻ കഴിയാതിരിക്കുന്ന തരത്തിലേയ്ക്ക് ബുദ്ധിമുട്ടിച്ചു. അവിടെയാണ് കിഫ്ബിയും പെൻഷൻ കമ്പനിയും ഉണ്ടായത്. കൃത്യമായി മാസംതോറും സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കുന്ന സംവിധാനം വന്നത്

ഒന്നാം എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന വർഷമാണ്. അതിനുമുമ്പ് വർഷത്തിൽ മൂന്ന് പ്രാവശ്യമായാണ് സർക്കാർ അത് കൊടുത്തുകൊണ്ടിരുന്നത്.

തുടർന്ന് ആനുകൂല്യങ്ങൾ കൊടുക്കുകയും രണ്ടാം പിണറായി സർക്കാർ

വരുന്നതിനുമുമ്പുള്ള ഏപ്രിൽ മാസം 1-ാം തീയതി മുതൽ ശമ്പളപരിഷ്കരണം കൊടുക്കുകയും ചെയ്തു. ആ സമയത്ത് ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ശമ്പള പരിഷ്കരണം നടപ്പിലാക്കിയിരുന്നില്ല. തുടർന്ന് കോവിഡിനുശേഷം ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് ആന്ധ്രാപ്രദേശിലാണ്. അന്നുവരെയുണ്ടായിരുന്ന ഡി.എ. 2021 ഏപ്രിൽ മുതലുള്ള കണക്കിൽ ചേർത്ത് പി.എഫ്.-ൽ ക്രെഡിറ്റ് ചെയ്തു. സാമൂഹ്യക്ഷേമ പെൻഷൻ നല്ലതുപോലെ വർദ്ധിപ്പിച്ചു. ഇതെല്ലാം നൽകിയപ്പോൾ, 1,38,000 കോടിരൂപയുണ്ടായിരുന്ന എക്സ്പെൻഡിച്ചർ 1,63,000 കോടിരൂപയായി വർദ്ധിച്ചപ്പോൾ ഇവിടെ ശ്രീലങ്കയാകാൻ പോകുകയാണെന്ന് പറയുകയുണ്ടായി. ഇപ്പോൾ മൂന്ന് വർഷമായിട്ടും ഒരു ശ്രീലങ്കയുമാകാതെ ഈ പറഞ്ഞ പണമെല്ലാം കൊടുത്തുകൊണ്ട് സംസ്ഥാനം നിലനിൽക്കുകയല്ലേ? ശ്രീലങ്കയാകുമെന്ന് പറഞ്ഞുപറഞ്ഞ് കേരളത്തിന്റെ ക്രെഡിറ്റ് റേറ്റിംഗ് മോശമാക്കാനുള്ള

തരത്തിലേയ്ക്കാണ് ഇവർ പോകുന്നത്. സപ്ലൈകോ സാധനം കൊടുക്കുകയാണെങ്കിലോ മരുന്ന് കമ്പനി സാധനം കൊടുക്കുകയാണെങ്കിലോ ട്രാൻസ്പോർട്ട് ബസ് വാങ്ങാനാണെങ്കിലോ ജീപ്പ് വാങ്ങാനാണെങ്കിലോ പണം കൊടുക്കരുതെന്ന് പറയുകയാണിവർ. ഇങ്ങനെയുണ്ടോ; ഇരിക്കുന്ന സ്ഥലത്തെപ്പറ്റിയും സ്വന്തം നാടിനെപ്പറ്റിയും ഇങ്ങനെ നാറ്റിക്കാമോ? അങ്ങനെയൊരു അവസ്ഥയാണോ ഇവിടെയുള്ളത്? കഴിഞ്ഞദിവസം ജി.എസ്.ടി. കൗൺസിലിനുപോയപ്പോൾ എന്റെ തൊട്ടടുത്ത സീറ്റിൽ കർണാടക സർക്കാരിന്റെ അംഗമായിരുന്നു. കർണാടകത്തിൽ ഇപ്പോൾ കോൺഗ്രസ് ഗവൺമെന്റാണ്. ഞങ്ങളും മറ്റ് ഗവൺമെന്റുകളും തമ്മിൽ സംസാരിക്കാറുള്ളത് സംസ്ഥാനങ്ങളുടെ പ്രശ്നങ്ങളും സംസ്ഥാനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളുമാണ്. സംസ്ഥാനത്തിന് ലഭിക്കേണ്ട പണം നേരെ പകുതിയായി വെട്ടിക്കുറച്ചതാണ് സംസ്ഥാനത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ. ഒരു വർഷത്തെ ബജറ്റ് പ്രകാരം ചെലവാകുന്ന ആകെ പണത്തിന്റെ 79 ശതമാനവും കേരളം തന്നെയാണ് കണ്ടെത്തേണ്ടത്. എന്നുപറഞ്ഞാൽ, ഇവിടെനിന്നും പിരിക്കുന്ന ഭാഗംപോലും ലഭിക്കുന്നില്ല. ഇത് ഞാൻ പറയുന്ന കാര്യമല്ല, സ്റ്റേറ്റ്

ഓഫ് സ്റ്റേറ്റ് ഫൈനാൻസസ് എന്ന റിസർവ് ബാങ്കിന്റെ കണക്കാണിത്. സ്റ്റേറ്റ് ഓഫ് സ്റ്റേറ്റ് ഫൈനാൻസിൽ പറയുന്നത് ബീഹാറിന് ആകെ എക്സ്പെൻഡിച്ചറിന്റെ 70 ശതമാനം വരെയാണ് പല തരത്തിലും ലഭിക്കുന്നതെന്നാണ്. ഉത്തർപ്രദേശിന് 50 ശതമാനത്തിനടുത്ത് ലഭിക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ കേരളത്തിന് 21 ശതമാനം മാത്രമെ ലഭിക്കാനുള്ള അവകാശമുള്ളോ? ഇതുപറയുമ്പോൾ കേരളത്തിന് തന്റേടത്തോടെ രണ്ട് കാലിൽനിന്നും നടക്കാൻ പറ്റത്തില്ലെന്നല്ല, കേരളത്തിലെ സാമ്പത്തിക സ്ഥിതി അങ്ങനെ തകർന്നിട്ടില്ല. ഇന്ത്യയിലെ ഏത് സംസ്ഥാനമെടുത്ത് പരിശോധിച്ചാലും അതിനെക്കാളും മികച്ച പെർഫോമൻസാണ് കേരളത്തിന്റേത്. ഞാൻ കഴിഞ്ഞ ദിവസം ശ്രീമതി നിർമ്മല സീതാരാമന് നൽകിയ കണക്കനുസരിച്ചുള്ള കാര്യങ്ങൾ പറയാം. ഓൺ ടാക്സ് റവന്യൂ 47660 കോടി രൂപയിൽനിന്ന് 74258 കോടി രൂപയായി വർധിച്ചു, 55.8 ശതമാനത്തിന്റെ വർധനയാണ് വന്നിട്ടുള്ളത്. ഇന്ത്യയിലെ ശരാശരി ഇതിനെക്കാളും കുറവാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും നല്ല വർധനയാണുണ്ടായത്. നോൺ ടാക്സ് റവന്യൂ 7,327 കോടി രൂപയിൽനിന്നും

16,318 കോടി രൂപയായി വർധിച്ചു. 122.7 ശതമാനത്തിന്റെ വർധന 3 വർഷം കൊണ്ടുണ്ടായിട്ടുണ്ട്. റവന്യൂ ഡെഫിസിറ്റാണല്ലോ എപ്പോഴും പറയുന്ന ഒരു പോയിന്റ്. കേരളത്തിന് നേരത്തെ ഉണ്ടായിരുന്നതിൽനിന്നും 13.5 ശതമാനം റവന്യൂ ഡെഫിസിറ്റ് കുറഞ്ഞു. 20,063-ൽ നിന്നും 17,348 ആയാണ് കുറഞ്ഞത്. Revenue deficit was 2.6 percent of the GSDP in 2021 and decline as low as 1.48 percent of the GSDP in 2023-24. 2020-21-ൽ 2.6 ശതമാനത്തിൽ നിന്നാണ് ഇത്രയും കുറഞ്ഞത്. ഇന്ത്യയിലെ ശരാശരി നോക്കുമ്പോൾ അത് വളരെ മെച്ചപ്പെട്ട നിലയിലാണ്. ഫിസ്കൽ ഡെഫിസിറ്റിലും ഇതുപോലെ വലിയ കുറവാണ് ഉണ്ടായിട്ടുള്ളത്; 6.3 ശതമാനം കുറഞ്ഞിട്ടുണ്ട്. കോവിഡിന്റെ രൂക്ഷമായ പ്രശ്നങ്ങളുള്ളതിന്റെ തൊട്ടുപിന്നാലെ ധനകമ്മി 4.56 ശതമാനമായിരുന്നു. ഈ തൊട്ടുമുമ്പുള്ള വർഷം ധനകമ്മി 2.81 ശതമാനമേയുള്ളൂ. GSDP യുടെ മൂന്നര ശതമാനം കടമെടുക്കാൻ അനുവദിക്കേണ്ടയിടത്ത് 2.8 ശതമാനം മാത്രമാണ് എടുക്കാൻ അനുവദിച്ചത്. അതിനും തൊട്ടുമുമ്പിലുള്ള വർഷം മൂന്നര ശതമാനം എടുക്കാൻ അനുവാദമുള്ളപ്പോൾ 2.44 ശതമാനം മാത്രമെ കടമെടുക്കാനനുവദിച്ചുള്ളൂ. 2.44 ശതമാനത്തിനുപകരം 3.50 ശതമാനം

എടുക്കാൻ സമ്മതിച്ചിരുന്നെങ്കിൽ 16,000 കോടി രൂപ ആ വർഷം അധികം ലഭിക്കുമായിരുന്നു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് നൽകിയതാണ് ഈ കണക്ക്. ഫിസ്കൽ കൺസോളിഡേഷന്റെ കാര്യത്തിൽ വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ട്. ഈ സർക്കാർ ചുമതലയേറ്റെടുത്തപ്പോൾ കേരളത്തെ കടക്കെണിയിലാക്കിയെന്ന് നിങ്ങൾ അപ്പുറത്തുനിന്ന് സംസാരിക്കുമായിരുന്നല്ലോ? GSDP-യുടെ 39 ശതമാനം കടമാണ് കേരളത്തിനുള്ളതെന്നാണ് അന്ന് നിങ്ങൾ പറഞ്ഞത്. അത് ശരിയാണ്; 2020-2021-ൽ കേരളത്തിന്റെ ആകെ വരുമാനത്തിന്റെ 38.47 ശതമാനം കടമുണ്ടായിരുന്നു. അത്രയും കടം എല്ലാ സംസ്ഥാനത്തിനുമുണ്ട്. എന്നാൽ ആ വർഷംതന്നെ 35.92 ശതമാനമായി അത് കുറഞ്ഞു. 2021-22-ൽ 34.62 ശതമാനമായ കടം ഇപ്പോൾ 33 ശതമാനം വരെയായി. ഇത് 15-ാം ധനകാര്യ കമ്മീഷൻ പറയുന്ന yardstick-നെക്കാളും കുറവാണ്. കഴിഞ്ഞ ദിവസം ജി.എസ്.ടി. കൗൺസിൽ കഴിഞ്ഞതിനുശേഷം ഞാൻ കേന്ദ്ര ധനകാര്യമന്ത്രിയെ സന്ദർശിച്ചിരുന്നു. ഫിസ്കൽ കൺസോളിഡേഷന്റെ കാര്യത്തിൽ കേരളം വളരെ മെച്ചപ്പെട്ടിട്ടുണ്ടെന്നാണ് അവർ പറഞ്ഞത്.

കേരളത്തിൽ മെച്ചമുണ്ടായിട്ടുണ്ടെന്നകാര്യം കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായമെന്ന നിലയിൽ പാർലമെന്റിലും അവർ പറഞ്ഞിട്ടുണ്ട്. ഇത്രയും കടം നിൽക്കുകയാണെങ്കിലും കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെപോലെയോ ശ്രീലങ്കയെ പോലെയോ ആയിട്ടില്ല. പക്ഷേ GSDP യുടെ 3.5 ശതമാനം ലഭിക്കേണ്ട സ്ഥാനത്ത് 2.8 ശതമാനമാണ് ലഭിക്കുന്നത്. അതായത് 0.7 ശതമാനം കുറവ്. 11,50,000 കോടി രൂപയാണ് നമ്മുടെ GSDP. അതിന്റെ 0.7 ശതമാനമായ ഏകദേശം എണ്ണായിരം കോടി രൂപ ഈ വർഷം ലഭിക്കേണ്ടത് ലഭ്യമായിട്ടില്ല. ഈ പ്രശ്നങ്ങളൊക്കെ പറയണ്ടേ; ഇക്കാര്യം പറയുമ്പോൾ തെരഞ്ഞെടുപ്പ് കഴിഞ്ഞല്ലോ; തെരഞ്ഞെടുപ്പ് വരെ പലതും പറയാം എന്നൊക്കെയാണ് നിങ്ങൾ പറയുന്നത്. തെരഞ്ഞെടുപ്പ് കഴിഞ്ഞാലും ഈ കേരളത്തിന് ഇത് ലഭിക്കേണ്ടതാണെന്നുള്ളതല്ലേ പറയാനുള്ളത്. പക്ഷേ, ഇവിടെ കൊടുക്കുന്നില്ല, അവിടെ കൊടുക്കുന്നില്ല എന്നൊക്കെയാണ് നിങ്ങൾ പറയുന്നത്. ഏതാണ് ഇവിടെ നൽകാനുള്ളത്; ഞങ്ങൾ തുറന്നുപറയുന്നത് യാഥാർത്ഥ്യമാണ്; പെൻഷന്റെ കാര്യത്തിലും സാമൂഹ്യ പെൻഷന്റെ കാര്യത്തിലും അഞ്ച് ഗഡു നൽകാനുണ്ട്. അത് ഉടൻതന്നെ കൊടുത്ത് തീർക്കുമെന്ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞതാണ്. ഞാൻ നിയമസഭയിലും അല്ലാതെയും ഇക്കാര്യം പറഞ്ഞതാണ്. ആ പെൻഷൻ ഞങ്ങൾ കൊടുക്കുന്നതാണ്; അക്കാര്യത്തിന് മുൻഗണന നൽകിയാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. കഴിഞ്ഞ ഫെബ്രുവരി മാസത്തിലാണ് സുപ്രീംകോടതിയിൽ കേസ് നടന്നത്. സുപ്രീംകോടതിയിൽ കേസ് നൽകിയതിന്റെ പേരിലാണ് കേന്ദ്രത്തിൽനിന്നും തുക അനുവദിക്കാത്തത്. ആ കേസ് കോടതിയിൽനിന്നും പിൻവലിച്ചാൽ ഈ തുക തരാമെന്നാണ് കേന്ദ്ര ഗവൺമെന്റ് പറഞ്ഞത്. ഇക്കാര്യത്തെക്കുറിച്ച് നിങ്ങൾ ഒരക്ഷരം മിണ്ടിയോ? പരാതി കൊടുത്തിട്ട് അത് പിൻവലിച്ചാൽ തരാമെന്ന് പറയുന്ന ജന്മിമാരുടെ മാനസികാവസ്ഥ പോലെയാണ് കേന്ദ്ര ഗവൺമെന്റ് ഇക്കാര്യം പറഞ്ഞത്. അതിനെതിരായി കേരളത്തിലെ പ്രതിപക്ഷം ഒരു അക്ഷരമെങ്കിലും പറഞ്ഞോ? ഡൽഹിയിൽ സമരം ചെയ്യാൻ പോകാമെന്ന് ഞങ്ങൾ പറഞ്ഞല്ലോ; ഞങ്ങൾ സമരത്തിന് പോയതിന്റെ തലേദിവസം കർണ്ണാടകത്തിൽനിന്നുപോലും അംഗങ്ങൾ വന്നു. പക്ഷേ നിങ്ങൾ വന്നില്ല. തെരഞ്ഞെടുപ്പ് സമയത്ത് ഞങ്ങൾ ഒന്നും നൽകുന്നില്ലെന്ന തരത്തിൽ കുറെ നുണകൾ പറഞ്ഞ് നിങ്ങൾ ജനങ്ങളെ

തെറ്റിദ്ധരിപ്പിച്ചുകാണും. ആ ഫെബ്രുവരി മാസത്തിൽ ശമ്പളം കൊടുക്കാൻ സാധിക്കാത്ത അവസ്ഥയാണുണ്ടാക്കിയത്. മുഖ്യമന്ത്രി പ്രതിപക്ഷ നേതാവുമായി കൂടിയാലോചിച്ച ശേഷമാണ് സമരത്തിന് തീരുമാനിച്ചത്. ഞങ്ങൾ അവിടെ പോയി, തിരിച്ചുവന്നു. ഒരു കേസ് കൊടുക്കുകയെന്നത് ഒരു ഗവൺമെന്റിന്റെ മാത്രമല്ല, ഒരു പൗരന്റെ ഭരണഘടനാ അവകാശമാണ്, ആ ഭരണഘടനാപരമായ അവകാശത്തിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയിൽ കേസ് നൽകിയ കാരണത്താൽ ഒരു സംസ്ഥാനത്തിന് പണം കൊടുക്കാതിരിക്കുന്നത് ശരിയല്ലെന്നാണ് സുപ്രീംകോടതി പറഞ്ഞത്. 13000 കോടി രൂപയോളം തരാനുള്ളത് മാർച്ച് മാസത്തിലാണ് ലഭിച്ചത്. ആ ദിവസങ്ങളിലുണ്ടായ പ്രശ്നമെന്തെന്നാൽ സംസ്ഥാനത്തിന്റെ കയ്യിൽ ഒരു പണവുമില്ല. തരാനുള്ള കാശ് കിട്ടേണ്ട സ്ഥലത്തുനിന്നും ലഭിക്കുന്നില്ല. ശമ്പളം മുടങ്ങിയാൽ കേരളത്തിലെ ഇലക്ഷന് നല്ല സുഖമാകുമല്ലോ; അതാണ് കേന്ദ്രം ഉദ്ദേശിച്ചത്. ഫലത്തിൽ നിങ്ങളും ആഗ്രഹിച്ചതും അതാണ്. 'രോഗി ഇച്ഛിച്ചതും പാല് വൈദ്യൻ കൽപ്പിച്ചതും പാല്'; അതാണ് ബി.ജെ.പി.-യുമായുള്ള ഒരു അന്തർധാര. അല്ലാതെ വേറൊന്നും ഇവിടെ പറഞ്ഞിട്ടില്ല. ശ്രീ. രാഹുൽ ഗാന്ധി

എന്തു പ്രസംഗിച്ചുവെന്നും എന്തു പ്രസംഗിച്ചില്ലെന്നും എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഞങ്ങൾ ഇന്ത്യാ മുന്നണിയെ പിന്തുണയ്ക്കുന്നവരാണ്. ഞങ്ങൾക്കുംകൂടി സ്ട്രെങ്ത് ഉള്ളതുകൊണ്ട് അക്കാര്യം ഞങ്ങൾക്ക് പറയാൻ മടിയില്ല. ഇതിനെക്കുറിച്ച് കഴിഞ്ഞ ദിവസം വളരെ വിശദമായി മുഖ്യമന്ത്രി ഇവിടെ സംസാരിച്ചതാണ്. രാജസ്ഥാനിൽ ശ്രീ. അമ്രാറാം എന്ന എം.പി. ജയിച്ച സീറ്റിൽ അവിടെ രണ്ടുരണ്ടര ലക്ഷം വോട്ട് കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിന് ലഭിച്ചതാണ്. അവിടെ കോൺഗ്രസ്സ് പിന്തുണച്ചതുകൊണ്ട് കോൺഗ്രസ്സിനും മൂന്നുനാല് സീറ്റ് ലഭിച്ചു. രാജസ്ഥാനെ പറ്റി അറിയാവുന്ന ഡൽഹിയിലെല്ലാം നിന്നിട്ടുള്ള കുറച്ചുപേർ ഇവിടെ കാണുമല്ലോ? അസംബ്ലി തെരഞ്ഞെടുപ്പിന്റെ കണക്കോ അതിന് മുമ്പുള്ള കണക്കോ നോക്കിയാൽ മതി. നല്ല സ്വാധീനം ഉള്ളതുകൊണ്ടുതന്നെയാണ് അവിടെ പിന്തുണച്ചത്. ഒരു കാര്യംകൂടി പറയാം; ഞങ്ങൾക്ക് കേരളത്തിൽ വോട്ടുവിഹിതം കുറഞ്ഞിട്ടുണ്ട്. കേരളത്തിൽ വോട്ട് കുറഞ്ഞുവെന്നതുകൊണ്ട് ജനങ്ങളോട് വിരോധം കാണിക്കുന്നവരൊന്നുമല്ല ഞങ്ങൾ. ജനങ്ങൾക്ക് ആ സമയത്ത് വന്ന അസെസ്മെന്റിൽ കേരളത്തിൽ അങ്ങനെ വന്നു. നേരത്തെയും ഞങ്ങൾക്ക്

പരാജയം വന്നിട്ടുണ്ട്. പരാജയം വന്നതുകൊണ്ട് ഞങ്ങൾ ജനങ്ങളോടൊപ്പംനിന്ന് ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ; ഞങ്ങളോട് ജനങ്ങൾ പറയുന്ന കാര്യങ്ങൾ കേൾക്കാതിരിക്കുമോ; നേരത്തെയും ഞങ്ങൾ ജനങ്ങൾക്കൊപ്പം നിൽക്കുന്നവരല്ലേ; ഒരു കാര്യം പറയാം; നേരത്തെ തന്റേടത്തോടെ കർഷകസമരം പോലുള്ള സമരങ്ങളിൽ പങ്കാളികളായിരുന്നെങ്കിൽ ഇന്ത്യാ മുന്നണിയുടെ പ്രതിപക്ഷ നേതാവായി ശ്രീ. രാഹുൽ ഗാന്ധിക്കും മറ്റുള്ളവർക്കും നിൽക്കേണ്ടി വരുമായിരുന്നില്ല. കർഷക സമരം പോലുള്ള സമരങ്ങളിൽ പങ്കാളികളാകാൻ ഇടതുപക്ഷമല്ലാതെ ആരെങ്കിലും ഉണ്ടായിരുന്നോ; നിങ്ങൾ ആ സമരത്തിനുണ്ടായിരുന്നില്ലെന്ന് തന്നെയാണ് പറയുന്നത്. നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയുടെ കൂടെ 4000 കിലോമീറ്റർ നടന്നുകാണും. പക്ഷേ കർഷക സമരത്തിനുണ്ടായിരുന്നില്ല. ഞാൻ അന്ന് കർഷക സംഘത്തിന്റെ സംസ്ഥാന സെക്രട്ടറിയാണ്. ഞങ്ങൾക്ക് ഉത്തരേന്ത്യയിലെ ഗോതമ്പ് കൃഷിക്കാർക്ക് ഉള്ളതുപോലുള്ള പ്രശ്നങ്ങളില്ല. ഞങ്ങളെല്ലാവരും വാഹനം പിടിച്ചാണ് ഇവിടെനിന്നും അവിടെ പോയത്. (...ബഹളം...) ആ സമരത്തിൽ കോൺഗ്രസ്സിന് എന്ത്

പങ്കാളിത്തമാണുണ്ടായിട്ടുള്ളത്; കോൺഗ്രസ്സ് ആ സമരത്തിൽ പങ്കെടുത്തിരുന്നുവെങ്കിൽ കുറച്ച് സ്ഥലത്തുനിന്നുകൂടി അംഗങ്ങൾ വരുമായിരുന്നു. ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ഹരിയാന, പഞ്ചാബ് എന്നിവിടങ്ങളിൽ നിന്നെല്ലാം മുന്നേറ്റമുണ്ടായതിന്റെ ഒരു കാര്യമിതാണ്. എന്തായാലും കർഷക സമരമുണ്ടായി ആ വിളവെടുക്കാൻ കോൺഗ്രസ്സിന് സാധിച്ചു. കേരളത്തിൽ ഞങ്ങൾ നേരിടുന്ന വലിയ ഒരു വിഷയമുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ പോലെയല്ല കേരളം. കോൺഗ്രസ്സും, യു.ഡി.എഫ്.-ഉം., എൽ.ഡി.എഫ്.-ഉം കൂടിയാണ് ഇവിടത്തെ മത്സരം. അതിന്റേതായ പ്രായോഗികമായ പ്രശ്നങ്ങളും ഇവിടെയുണ്ട്. ഞങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ ഒരിക്കലും തള്ളിപ്പറഞ്ഞിട്ടില്ല. ശ്രീ. രാഹുൽ ഗാന്ധിയും ഇന്ത്യാ മുന്നണിയും മോശമാണെന്ന് ഞങ്ങൾ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ; രാഷ്ട്രീയം പറഞ്ഞിട്ടുണ്ട്. പക്ഷേ ഞങ്ങൾ ഈ സംസ്ഥാനങ്ങളിലൊന്നും പറഞ്ഞിട്ടില്ല. ബംഗാളിൽ ശ്രീമതി മമതാ ബാനർജി മത്സരിച്ച സ്ഥലത്ത് ഒരു വാക്ക് പറയാൻ ശ്രീ. രാഹുൽ ഗാന്ധി പോയോ; ശ്രീമതി മമതാ ബാനർജി വയനാട് ക്യാമ്പയിന് വരുന്നുണ്ടല്ലോ; അവിടെ പോയോ? ശ്രീ. രാഹുൽഗാന്ധി

കേരളത്തിൽ വന്ന് പറഞ്ഞതായി കർണ്ണാടകത്തിലെ ഒരു പത്രത്തിൽവന്ന വാർത്ത, ഡൽഹി മുഖ്യമന്ത്രിയെയും ജാർഖണ്ഡ് മുഖ്യമന്ത്രിയെയും അറസ്റ്റ് ചെയ്തതുപോലെ എന്തുകൊണ്ടാണ് കേരളത്തിലെ മുഖ്യമന്ത്രിയെ ഇ.ഡി. അറസ്റ്റ് ചെയ്യാത്തതെന്നാണ്. തെലങ്കാനയിലെ മുഖ്യമന്ത്രിയോടും അവിടത്തെ പത്രക്കാർ ചോദിച്ചു. എനിക്ക് കാര്യമൊന്നും അറിയില്ലെന്ന് അദ്ദേഹം പറഞ്ഞു. രാഹുൽഗാന്ധിക്ക് കേരളത്തിലെ ആളുകൾ എഴുതിക്കൊടുത്തതാണ് വായിച്ചതെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഞങ്ങളുടെ ആളുകളും അവിടെയുണ്ട്. ഞങ്ങളുടെ വോട്ട് ഇവിടെ വേണം, അവിടെ പോയി എന്താണ് പ്രസംഗിച്ചതെന്ന് അവർ ചോദിച്ചപ്പോൾ എഴുതിത്തന്നതാണ് ഞാൻ വായിച്ചതെന്നാണ് അദ്ദേഹം പറഞ്ഞത്. ആരാണ് എഴുതിക്കൊടുത്തതെന്ന് എനിക്കറിയില്ല. എഴുതിക്കൊടുത്താൽ വായിക്കേണ്ട ആളാണോ ശ്രീ. രാഹുൽ ഗാന്ധി? ആരുപറഞ്ഞാലും കണ്ണൂരിലോ മറ്റ് സ്ഥലത്തോ അങ്ങനെവന്ന് പ്രസംഗിക്കാൻ കൊള്ളാമോ; രാഷ്ട്രീയമെന്നുപറഞ്ഞാൽ, ഞങ്ങൾ പറഞ്ഞ കാര്യത്തിൽ വിശ്വസിച്ചുനിൽക്കുന്നവരാണ്. അത് ബംഗാളിലായാലും ത്രിപുരയിലായാലും മറ്റ് സംസ്ഥാനങ്ങളിലായാലും. കേരളത്തിനകത്തും പുറത്തും

ഇക്കാര്യത്തിൽ സത്യസന്ധമല്ലാത്ത ഒരു നിലപാട് കോൺഗ്രസ് എടുക്കുന്നുണ്ട്. പാർലമെന്റിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ നല്ല പ്രസംഗമായിരുന്നു. ദേശാഭിമാനിയിലും അതിന്റെ റിപ്പോർട്ടുണ്ട്. ശ്രീ. രാഹുൽ ഗാന്ധി ഇങ്ങനെ പ്രസംഗിക്കുമെന്ന് കേരളത്തിലെ പത്രക്കാർ കരുതിയില്ലെന്ന് തോന്നുന്നു. അതുകൊണ്ടാണ് ഇത്രയും വലിയ വാർത്ത വന്നത്. വൺഡേ ക്രിക്കറ്റ് ജയിച്ചതുപോലെ ശ്രീ. രാഹുൽ ഗാന്ധി പ്രസംഗിച്ചതിനെക്കുറിച്ച് ഇത്രയും പറയേണ്ട കാര്യമെന്താണ്? ശ്രീ. രാഹുൽ ഗാന്ധിയിൽനിന്നും ഇത്തരമൊരു പ്രസംഗം ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. (ബഹളം) ഞങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെന്ന കോൺഗ്രസ് നേതാവിനെ അംഗീകരിക്കാത്ത ആളുകളല്ല. ശ്രീമതി സോണിയ ഗാന്ധിയെയും ശ്രീ. രാഹുൽ ഗാന്ധിയെയും ഇ.ഡി. അറസ്റ്റ് ചെയ്യണമെന്ന് പറഞ്ഞ് ഞങ്ങൾ പ്രകടനം നടത്തിയില്ലല്ലോ; ശ്രീമതി സോണിയ ഗാന്ധിയെയും ശ്രീ. രാഹുൽ ഗാന്ധിയെയും നാഷണൽ ഹെറാൾഡ് കേസിന്റെ പേരിൽ പതിമൂന്നുമുതൽ പതിനെട്ട് മണിക്കൂർവരെ ചോദ്യം ചെയ്തപ്പോൾ ഇ.ഡി.-യെ ദുരുപയോഗം ചെയ്യരുത്, ഇത് ശരിയല്ല എന്നാണ് സി.പി.ഐ.(എം)-ഉം ഇടതുപക്ഷവും പറഞ്ഞത്. എന്തുകൊണ്ടാണ്

കേരളത്തിന്റെ മുഖ്യമന്ത്രിയെയോ കമ്മ്യൂണിസ്റ്റുകാരെയോ ഇടതുപക്ഷക്കാരെയോ അറസ്റ്റ് ചെയ്യാത്തത് എന്നാണ് നിങ്ങൾ തിരിച്ചുപറഞ്ഞത്. അതാണ് ഞങ്ങളും നിങ്ങളും തമ്മിലുള്ള വ്യത്യാസം. ശ്രീ. രാഹുൽ ഗാന്ധി വളരെ പക്വതയുള്ള രാഷ്ട്രീയ പ്രസംഗമാണ് നടത്തിയതെന്നാണ് എല്ലാ പത്രങ്ങളും റിപ്പോർട്ട് ചെയ്തത്. അത് നല്ലതാണ്. നേരത്തേ അദ്ദേഹം പക്വതയോടുകൂടി പ്രസംഗിച്ചില്ലെന്നല്ലേ ആ പറഞ്ഞതിനർത്ഥം. അദ്ദേഹത്തെപ്പോലൊരു വലിയ നേതാവിനെ ഞാൻ ഒന്നും പറയുന്നില്ല. ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് എന്തെങ്കിലും ചെറിയൊരു വിമർശനം പറയുമ്പോൾ നിങ്ങൾക്കെന്താണ് അസ്വസ്ഥത; നിങ്ങൾക്ക് ഇടതുപക്ഷത്തുള്ള ആരെയും എന്തും പറയാം അല്ലേ; ഈ സഭയിൽത്തന്നെ നിങ്ങൾ എന്തൊക്കെയാണ് പറയുന്നത്? അത്രയ്ക്ക് എന്തിനാണ് വിഷമിക്കുന്നത്? ശ്രീ. രാഹുൽ ഗാന്ധിയുടെ പ്രസംഗം ഇതിൽ മാർക്ക് ചെയ്തിട്ടുണ്ടല്ലോ; ഇത് ദേശാഭിമാനിയാണ്. (ബഹളം) 'ലോക്സഭയിൽ ശ്രീ. രാഹുൽ ഗാന്ധി, ശ്രീമതി മഹുവ മൊയ്ത്ര, ശ്രീ. എ. രാജ, ശ്രീ. മനീഷ് തിവാരി തുടങ്ങിയവരും രാജ്യസഭയിൽ ശ്രീ. മല്ലികാർജ്ജുൻ ഖർഗെ, ശ്രീ. സഞ്ജയ് സിംഗ്, ശ്രീ. മനോജ് കുമാർ ഝ, ശ്രീ. തിരുച്ചി എൻ. ശിവ

തുടങ്ങിയവരും സർക്കാരിനെ കടന്നാക്രമിച്ചു. ശ്രീ. കെ. രാധാകൃഷ്ണനും ശ്രീ. ജോൺ ബ്രിട്ടാസും സംസാരിച്ചില്ല.' അതല്ലല്ലോ എഴുതിയിരിക്കുന്നത്; ശ്രീ. രാഹുൽഗാന്ധിയുടെ പേരിനൊപ്പം നിങ്ങളുടെ അഖിലേന്ത്യാ പ്രസിഡന്റിന്റെയും കെ.പി.സി.സി. പ്രസിഡന്റിന്റെയും ശ്രീ. മല്ലികാർജ്ജുൻ ഖർഗെയുടെ പേരുപോലും എഴുതുന്നത് ഇഷ്ടമല്ലേ; ശ്രീ. മല്ലികാർജ്ജുൻ ഖർഗയുടെയും ശ്രീ. മനീഷ് തിവാരിയുടെയും പേരുകളല്ലേ ദേശാഭിമാനിയിൽ എഴുതിയിരിക്കുന്നത്; ഏറ്റവും വലിയ ഹെഡിംഗോടെ ശ്രീ. രാഹുഗാന്ധിയുടെ ചിത്രം കൊടുത്തില്ലെന്നുപറഞ്ഞാൽ.... (ബഹളം) ഇതിനകത്ത് വാർത്തയുണ്ട്. ഇനി ആയാലും ഇത്തരം കാര്യങ്ങളിൽ ശ്രീ. രാഹുഗാന്ധിയെപ്പോലുള്ള നേതാക്കൾ ദേശീയ തലത്തിലെടുക്കുന്ന ഇന്ത്യാ ബ്ലോക്കിന്റെ പ്രവർത്തനത്തിൽ ഞങ്ങൾക്കൊരു സമീപനമേയുള്ളൂ. പാർട്ടി പ്രവർത്തകരെന്ന നിലയിൽ കുടിച്ചവെള്ളത്തിൽ വിശ്വസിക്കാൻ പറ്റാത്ത പരിപാടി കാണിക്കരുത്. ശ്രീമതി മമതാ ബാനർജി അവിടെയുള്ളതുകൊണ്ട് അവിടെ കോൺഗ്രസും ഇടതുപക്ഷവും സഹകരിച്ചാണ് മത്സരിച്ചത്. കോൺഗ്രസും ഇടതുപക്ഷവും സഹകരിച്ച് മത്സരിക്കുന്നിടത്ത് എനിക്ക് ചിലപ്പോൾ പ്രസംഗിക്കാൻ ബുദ്ധിമുട്ടുണ്ടാകും.

കാരണം കേരളത്തിലെ കോൺഗ്രസും സി.പി.ഐ.(എം.)-ഉം തമ്മിൽ ഇങ്ങനെ ഇരിക്കുന്ന സാഹചര്യത്തിൽ ആ രീതിയിൽ പ്രസംഗിക്കാൻ ബുദ്ധിമുട്ടുണ്ടാകും. പക്ഷേ ശ്രീ. രാഹുൽ ഗാന്ധിക്ക് അവിടെ പോയി ആ മുന്നണിക്കുവേണ്ടി പറയാമല്ലോ; ഇവിടെ അദ്ദേഹം എന്താണ് ചെയ്തത്. അദ്ദേഹം രാഷ്ട്രീയത്തിൽ വന്നിട്ട് ധാരാളം വർഷങ്ങളായി. അദ്ദേഹത്തെ നിയന്ത്രിക്കുന്ന രാഷ്ട്രീയ അനുഭവം പരിചയമുണ്ട്. അദ്ദേഹത്തെ ഉൾപ്പെടെ.. (ബഹളം)

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്...

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 'ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാണിക്കുക' എന്നത് സാധാരണ ഞങ്ങളുടെ നാട്ടിൽ പറയുന്നൊരു പ്രയോഗമാണ്. പറയാനുള്ള കാര്യമാണ് പറയുന്നത്. ഇതിൽ എന്തെങ്കിലും മോശമായ കാര്യം ഞാൻ പറഞ്ഞോ; വസ്തുതാപരമായ കാര്യമാണ് ഞാൻ പറയുന്നത്. മറ്റ് രാഷ്ട്രീയ കാര്യങ്ങളൊന്നും പറയുന്നില്ല. ഏതായാലും നമുക്കൊരു ആശ്വാസമുണ്ട്; പഴയതുപോലെ അഹങ്കാരം കാണിക്കാൻ ബി.ജെ.പി.-ക്ക് ഇപ്പോൾ പറ്റില്ല. എങ്കിലും ഒരു കാര്യം കരുതിയിരുന്നോളൂ, ഭൂരിപക്ഷം കുറയുമ്പോഴാണ് എല്ലാ ഏകാധിപതികളും അമിതമായ അഹങ്കാരികളായി

മാറുന്നത്. ബി.ജെ.പി. ഗവൺമെന്റ് ഈ രീതിയിലാണ് അധികാരത്തിൽ വന്നതെങ്കിലും ഇപ്പോൾ അവർ എന്താണ് ചെയ്യുന്നത്; വീണ്ടും അടുത്ത കേസുണ്ടാക്കി ഡൽഹി മുഖ്യമന്ത്രിയെ അറസ്റ്റ് ചെയ്യാൻ നോക്കുകയാണ്. ജാർഖണ്ഡ് മുഖ്യമന്ത്രി പുറത്തിറങ്ങിയെന്നേയുള്ളൂ. കേരളത്തിൽ സഹകരണ മേഖലയിൽ പതിനെട്ട് വർഷംമുമ്പ് ക്ലോസ് ചെയ്ത കേസ് ഉൾപ്പെടെ, കരുവന്നൂർ... സഹകരണ മേഖലയിലും മറ്റ് മേഖലയിലും എന്ത് വൃത്തികേടും കാണിക്കാമെന്നല്ല, ഞങ്ങൾ ഇത്തരം വൃത്തികേടുകളെ അംഗീകരിക്കുന്നവരല്ല. അത്തരം നിലപാടുകൾ അംഗീകരിക്കുന്ന പ്രശ്നമേയില്ല.

ഹിറ്റ്ലർ ഭൂരിപക്ഷമില്ലാതിരുന്ന സമയത്താണ് ഏറ്റവും വലിയ ധിക്കാരം കാണിച്ചത്. ജർമൻ പാർലമെന്റുൾപ്പെടെ കത്തിച്ച് അവിടത്തെ കമ്മ്യൂണിസ്റ്റുകാരെ മുഴുവൻ അറസ്റ്റ് ചെയ്തതുമൊക്കെ അന്നത്തെ കാലത്ത് ഭൂരിപക്ഷമില്ലാത്തപ്പോഴാണ്. 20 സീറ്റിന്റെ ഭൂരിപക്ഷമേയുള്ളൂവെന്ന് പറഞ്ഞ് അണ്ടർ എസ്റ്റിമേറ്റ് ചെയ്യരുത്. നമ്മൾ ഒരുമിച്ച് നല്ലതുപോലെ പ്രവർത്തിച്ചിരുന്നെങ്കിൽ കുറച്ചു സ്ഥലത്തുകൂടി സീറ്റ് കിട്ടുമായിരുന്നു. രാജസ്ഥാനിലും മധ്യപ്രദേശിലുമൊക്കെ കുറച്ചുകൂടി സീറ്റ് കിട്ടുമായിരുന്നു. അത്

സാധിച്ചില്ല. ഏതായാലും ഇപ്പോൾ കിട്ടിയതിൽ അഹങ്കരിക്കരുത്. കേരളത്തിൽ ഞങ്ങൾക്ക് നല്ല പരാജയമാണ് സംഭവിച്ചത്. ജനങ്ങളുടെ മുന്നിൽപോയി ഞങ്ങൾ ഇക്കാര്യം പറയും. ഞങ്ങളുടെ പാർട്ടി ജനറൽ സെക്രട്ടറിയും പോളിറ്റ് ബ്യൂറോ മെമ്പർ ശ്രീ. പ്രകാശ് കാരാട്ടും ശ്രീ. സീതാറാം യെച്ചൂരിയും ഉൾപ്പെടെയുള്ളവർ പങ്കെടുത്ത കേന്ദ്ര കമ്മിറ്റി കഴിഞ്ഞശേഷം എന്തൊക്കെയാണ് ഞങ്ങൾ കറക്ട് ചെയ്യേണ്ട പോരായ്മകളെന്ന് നോക്കും. ഞങ്ങളത് തിരുത്തുന്നത് നിങ്ങൾ പറഞ്ഞതുപോലെയല്ല. പക്ഷേ, ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോഴുണ്ടായ ഒരു അഹങ്കാരബോധമുണ്ടല്ലോ; ആരായാലും അതത്ര നല്ലതല്ല. ആളുകൾ കണ്ടുകൊണ്ടിരിക്കുകയാണ്. തെരഞ്ഞെടുപ്പിൽ നല്ല വിജയമുണ്ടായെന്ന കാര്യമെല്ലാം നിങ്ങൾക്ക് പറയാം. നിങ്ങൾ നിങ്ങളുടെ കുറേ കാര്യങ്ങൾ പറഞ്ഞു; ഒരാളെ കുരുതി കൊടുത്തുകൊണ്ടുണ്ടാക്കിയ ചില വിജയങ്ങളുടെ കാര്യമുണ്ടല്ലോ; വലിയ മെസി ആയതുകൊണ്ടല്ല; ശ്രീ. കെ. മുരളീധരനെ ഇപ്പുറത്ത് കുരുതി കൊടുത്തുകൊണ്ടാണ് ബാക്കിയുള്ള കുറച്ചുപേർക്ക് മെസിയാകാൻ സാധിച്ചത്. ഞാൻ നിങ്ങളുടെ പാർട്ടിയുടെ ആഭ്യന്തര കാര്യങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല.

കേരളത്തിൽ ഒരു ബി.ജെ.പി. അംഗത്തിന് ജയിക്കാൻ അവസരമുണ്ടാക്കാൻ പാടുണ്ടായിരുന്നോ; കേരളത്തിൽ എം.എൽ.എ.യും മന്ത്രിയുമായിരുന്ന സി.പി.ഐ.(എം)-ന്റെ ശ്രീ. വി. എസ്. സുനിൽ കുമാർ അവിടെ ജയിച്ചിരുന്നെങ്കിൽ; നിങ്ങൾക്ക് എതിരായി ഇടതുപക്ഷത്തിന്റെ ആരെങ്കിലും നിൽക്കുന്നതുപോലെയാണോ; അവിടെ ചെറിയൊരു വെഡ്ജ്ജുണ്ടാക്കി കൊടുത്തില്ലേ; (ബഹളം) എന്തായാലും അവിടെ നിങ്ങൾ ചെയ്തത് ശരിയാണോ എന്ന് കാലം നിങ്ങളോട് ചോദിക്കും. ആ സീറ്റ് ബി.ജെ.പി.-ക്ക് കൊടുത്തിട്ട് ഇതൊക്കെ വലിയ മിടുക്കാണെന്ന് പറയുന്നതിൽ വലിയ കാര്യമില്ല. നിങ്ങൾ രാഷ്ട്രീയം പറഞ്ഞതുകൊണ്ടാണ് ഈ ബില്ലിന്റെ ഭാഗമായി ഇത്തരം കാര്യങ്ങൾ പറയേണ്ടി വന്നത്. ധനകാര്യവുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയാനുണ്ട്. ഈ പറഞ്ഞ കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യുമ്പോഴും തുടർന്ന് ചർച്ച ചെയ്യുമ്പോഴും ഗവൺമെന്റ് അതിനാവശ്യമായ നിലപാട് സ്വീകരിക്കും.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ, 2024-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ, 2024-ലെ കേരള ധനകാര്യ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. സി. മുകുന്ദൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. സി. മുകുന്ദൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2024-ലെ കേരള ധനകാര്യ ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെയും

ആഭ്യന്തര കാര്യങ്ങൾ സബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും 2024 ജൂലൈ 4 വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂലൈ മാസം 4-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 7.18-ന് പിരിഞ്ഞു.)

* * * * * * *